ISSN 2582-2764

# അറിവോരം



ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. 2 | Issue 4 | Bimonthly | August 2022 | Thiruvananthapuram | Page 20 | Price ₹10

» 05 ബഫർസോൺ സംരക്ഷണനിയമങ്ങൾ യാഥാർത്ഥ്യബോധത്തോടെ നടപ്പിലാക്കണം

» 10 ഇവിടെ നാരികൾ പൂജിക്കപ്പെടുന്നു

» 20 ഒരുമയുടെ സന്ദേശവുമായി ലോക കേരള സഭയുടെ മൂന്നാം സമ്മേളനം

സഭാധ്യക്ഷന്റെ പേജ്



## നമുക്ക് കാക്കാം നമ്മുടെ സ്വാതന്ത്ര്യം



എം.ബി.രാജേഷ്
സ്പീക്കർ

ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് 75 വർഷം പിന്നിട്ടിരിക്കുന്നു. 1947 ആഗസ്റ്റ് 15 മുതലുള്ള ഓരോ വർഷവും സ്വാതന്ത്ര്യദിനം ആവേശപൂർവം നമ്മൾ ആഘോഷിക്കുന്നു. വിദേശാധിപത്യത്തിന്റെ നീണ്ട കാലത്തെ പിന്നിട്ടാണ് രാജ്യം സ്വാതന്ത്ര്യം നേടിയത്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ ചക്രവാളങ്ങൾ നമുക്ക് മുകളിൽ ചുരുങ്ങിവരുന്നോ എന്ന ആശങ്ക ഇന്ന് സാങ്കൽപ്പികമല്ല, യാഥാർഥ്യമാണ്.

1947 ആഗസ്റ്റ് 14 ന് അർധരാത്രി ഇന്ത്യ സ്വതന്ത്രമായ നിമിഷം ജവാഹർലാൽ നെഹ്റു നടത്തിയ Tryst with Destiny എന്നറിയപ്പെടുന്ന ചരിത്രപ്രസിദ്ധമായ പ്രസംഗത്തിൽ അദ്ദേഹം ചില ആശങ്കകൾ പങ്കുവെച്ചിരുന്നു. ഒന്ന്, സ്വാതന്ത്ര്യത്തിന്റെ സന്തോഷങ്ങൾക്കിടയിലെ കറുത്ത മേഘങ്ങളെക്കുറിച്ചാണ്. സ്വാതന്ത്ര്യത്തിലേക്ക് ഉണർന്ന ദിവസങ്ങളിൽ തന്നെയാണ് രാജ്യം കണ്ട ഏറ്റവും വലിയ വർഗീയകലാപങ്ങളും കൂട്ടക്കുരുതിയും പലായനങ്ങളും നടന്നത്. രാജ്യം രണ്ടായി വിഭജിക്കപ്പെട്ടപ്പോൾ കോടിക്കണക്കിന് ജനങ്ങളുടെ ഹൃദയങ്ങളാണ് തകർന്നുപോയത്. രണ്ടാമത് അദ്ദേഹം ഭാവി ഇന്ത്യയെക്കുറിച്ചുള്ള ആശങ്കകളാണ് പങ്കുവെച്ചത്. തന്റെ പ്രസംഗത്തിൽ നെഹ്റു പറഞ്ഞു, 'ഇന്ത്യയെ സേവിക്കുകയെന്നാൽ കഷ്ടപ്പെടുന്ന ജനകോടികളെ സേവിക്കുക എന്നാണ്; ദാരിദ്ര്യം, അജ്ഞത, രോഗങ്ങൾ, അവസരങ്ങളിലെ അസമത്വം എന്നിവ അവസാനിപ്പിക്കുകയെന്നാണ്. നമ്മുടെ തലമുറയിലെ ഏറ്റവും മഹാനായ വ്യക്തിയായ ഗാന്ധിജിയുടെ ആഗ്രഹം എല്ലാ കണ്ണുകളിലെയും കണ്ണീരൊപ്പുക എന്നതാണ്. അത് ചിലപ്പോൾ നമ്മുടെ കഴിവുകൾക്കപ്പുറമാകാം. എന്നാൽ കണ്ണീരും കഷ്ടപ്പാടുകളും നിലനിൽക്കുന്ന കാലത്തോളം നമ്മുടെ കടമകളും അവസാനിക്കുന്നില്ല'.

ആശങ്കകൾ പരിഹരിക്കാനും രാജ്യത്തെ മുന്നോട്ടു നയിക്കാനും നെഹ്രുവിന്റെ നേതൃത്വത്തിലും തുടർന്നും വലിയ പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. സ്വാതന്ത്ര്യദിനത്തിൽ നെഹ്റു പങ്കിട്ട ആശങ്കകൾ പരിഹരിക്കുന്നതിന് ആവശ്യമായ ഭരണപരവും ആശയപരവുമായ കരുത്ത് ലഭ്യമാക്കാൻ കഴിയുന്ന ഭരണഘടനയാണ് നമ്മൾ സൃഷ്ടിച്ചത്. സ്വാതന്ത്ര്യം, ജനാധിപത്യം, മതനിരപേക്ഷത, തുല്യത തുടങ്ങിയവ ഭരണഘടന ഉറപ്പുനൽകുന്നു. ഇവ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ശ്രമിക്കുകയെന്നതാണ് ഭരണകൂടത്തിന്റെ കടമ.

രാഷ്ട്രീയ സ്വാതന്ത്ര്യവും പരമാധികാരവും കേവലം കടലാസിൽ വിശ്രമിക്കുന്ന വാക്കുകളല്ല. ജനങ്ങളുടെയും അവരുടെ ഭരണാധികാരികളുടെയും നിരന്തരവും ബോധപൂർവവുമായ ഇടപെടൽ കൊണ്ട് സംരക്ഷിക്കപ്പെടുന്നവയാണ്. ഇത്തരം നിരന്തര ഇടപെടലിൽ അലംഭാവം കാട്ടുകയോ വിപരീത ദിശയിൽ സഞ്ചരിക്കുകയോ ചെയ്യുമ്പോൾ നമ്മുടെ സ്വാതന്ത്ര്യത്തിന്റെയും പരമാധികാരത്തിന്റെയും ഭാവി അപകടത്തിലാകും.

ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളും മൂല്യങ്ങളും ഉൾക്കൊണ്ട് രാജ്യം മുന്നോട്ടു പോകുമ്പോൾ മാത്രമേ ജനങ്ങൾക്ക് യഥാർത്ഥത്തിൽ സ്വാതന്ത്ര്യം അനുഭവപ്പെടുകയുള്ളൂ. രാജ്യത്തിന്റെ സാമ്പത്തികനയത്തിന്റെ ദിശ സാമാന്യ ജനജീവിതത്തിന്റെ എതിർഭാഗത്താണുള്ളത്. പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങളുടെ നിത്യജീവിത പ്രശ്നങ്ങൾക്ക് മുൻഗണന നൽകാത്ത സാമ്പത്തിക തത്വശാസ്ത്രം സ്വാതന്ത്ര്യ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സഹായിക്കില്ല.

മറ്റൊന്ന് രാഷ്ട്രശരീരത്തെ കാർന്നുതിന്നുന്ന വർഗീയതയുടെ രോഗാണുക്കളാണ്. വിഭജനവും തുടർന്ന് രക്തരൂക്ഷിതമായ വർഗീയകലാപങ്ങളും നടന്ന നാടാണിത്. രാഷ്ട്രപിതാവിന്റെ നെഞ്ചിലേക്ക് നിറയൊഴിക്കുന്നതു വരെ ഭൂരിപക്ഷ വർഗീയത ഇന്ത്യയിൽ വളർന്നു. പിന്നീട് രാജ്യം ഒറ്റക്കെട്ടായി അത്തരം വർഗീയശക്തികൾക്കെതിരെ നിലകൊണ്ടതോടെയാണ് നാല് ദശാബ്ദത്തോളം മതവർഗീയത വലിയ വിപത്തുകൾ ഉണ്ടാക്കാതിരുന്നത്. എന്നാൽ ഏതാനും പതിറ്റാണ്ടുകൾക്കിടയിൽ വർഗീയത മേധാവിത്വം നേടിയിരിക്കുന്നു. നമ്മുടെ രാജ്യം ഒരു മതനിരപേക്ഷ ജനാധിപത്യ രാജ്യമായി എത്ര നാൾ തുടരും എന്ന ആശങ്ക ജനങ്ങൾക്കുണ്ട്.

നമ്മുടെ ദേശീയ പ്രതീകങ്ങളിൽ പോലും മായം ചേർക്കാനുള്ള ശ്രമങ്ങൾ അടുത്ത നാളുകളിൽ കാണുകയുണ്ടായി. ദേശീയ ചിഹ്നത്തിൽ കാണുന്ന സാരാനാഥിലെ സിംഹങ്ങളുടെ പല്ലുകൾ ആക്രമണോത്സുകതയോടെ പുറത്തേക്ക് ദൃശ്യമായിരിക്കുന്നു. മറച്ചുവെച്ചിരുന്ന ദംഷ്ട്രകൾ തെളിഞ്ഞുവരുന്നു എന്ന് തോന്നാൻ ഇടയാക്കുംവിധം ദേശീയപ്രതീകം വികലമാക്കാമോ? ശാന്തശീലരും സംരക്ഷകരുമെന്ന് തോന്നിച്ചിരുന്ന സിംഹങ്ങളെ പല്ലുകൾ പുറത്തുകാട്ടുന്ന അക്രമകാരികളായ സിംഹങ്ങളാക്കി അവതരിപ്പിച്ചിരിക്കയാണ്. അതിനു പിന്നിൽ കലാകാരന്റെ സ്വാതന്ത്ര്യം എന്ന ന്യായം നിലനിൽക്കില്ല. വളരെ സാവകാശം ദേശീയപ്രതീകങ്ങളെയും അതുവഴി അതിനുപിന്നിലുള്ള മൂല്യങ്ങളെയും അട്ടിമറിക്കാനുള്ള ആസൂത്രിത ശ്രമമാണ് ഇതെന്ന് മനസ്സിലാക്കാൻ അധികം ബുദ്ധിയൊന്നും വേണ്ട. ഡൽഹിയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പുതിയ പാർലമെന്റ് മന്ദിരത്തിന് മുകളിൽ സ്ഥാപിച്ച അശോകസ്തംഭത്തിലെ സിംഹങ്ങൾ പ്രസരിപ്പിക്കുന്നത് സമാധാനമോ സംരക്ഷണമോ അല്ല, ആശങ്കയും ഭീതിയുമാണ്; നമ്മുടെ ജനാധിപത്യ സംവിധാനത്തിനും ഭരണഘടനാ മൂല്യങ്ങൾക്കും മേൽ പതിയുന്ന നിഴൽ പോലെ.

സാരാനാഥിലെ സിംഹങ്ങൾക്ക് ഭേരീഘോഷമല്ല, ധർമഘോഷമാണ് വേണ്ടതെന്ന കാഴ്ചപ്പാടോടെയാണ് അശോക ചക്രവർത്തി സാരാനാഥിലെ സ്തംഭത്തിലുള്ള സിംഹങ്ങൾക്ക് സമാധാനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാവം നൽകിയത്. കലിംഗയുദ്ധം അശോക ചക്രവർത്തിയിൽ വരുത്തിയ മാനസാന്തരമാണ് സിംഹങ്ങൾക്കും ഇത്തരമൊരു രൂപമാറ്റം നൽകിയത്. ആധുനിക ഇന്ത്യ ആ ആശയത്തെയാണ് ഉൾക്കൊള്ളുന്നത്. യുദ്ധത്തിന്റെയല്ല, സമാധാനത്തിന്റേതാണ് ഇന്ത്യയുടെ വഴിയെന്ന് അത് ലോകത്തോട് ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അതിനെയാണ് അട്ടിമറിക്കാൻ ശ്രമിക്കുന്നത്.

ശേഷം 5–ാം പേജിൽ

## ചരിത്രം കുറിച്ച് ദ്രൗപതി മുർമു



ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പ്രതിപാദിച്ചിരിക്കുന്ന 'റിപ്പബ്ലിക്' എന്ന പദം സൂചിപ്പിക്കുന്നത് ഇന്ത്യ എന്ന രാജ്യത്തിന്റെ രാഷ്ട്രത്തലവൻ തെരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി ആയിരിക്കണമെന്നതാണ്. അതു കൊണ്ടു തന്നെ പാർലമെന്റിന്റെ ഇരു സഭകളിലേക്കും സംസ്ഥാന നിയമസഭകളിലേക്കും തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിന്റെ പ്രഥമ പൗരന്റെ തെരഞ്ഞെടുപ്പ് എന്നും സർവദേശീയമായ ശ്രദ്ധ ആകർഷിക്കാറുണ്ട്. 2022 ജൂലൈ 18 ന് നടന്ന പതിനഞ്ചാമത് ഇന്ത്യൻ രാഷ്ട്രപതി തെരഞ്ഞടുപ്പിൽ എൻ.ഡി.എ. സ്ഥാനാർത്ഥി ദ്രൗപതി മുർമുവും സംയുക്ത പ്രതിപക്ഷ സ്ഥാനാർത്ഥി യശ്വന്ത് സിൻഹയും തമ്മിലായിരുന്നു മത്സരം. രാജ്യത്തിന്റെ പരമോന്നത പദവിയുടെ ചരിത്രത്തിൽ പുതിയ അധ്യായം രചിച്ച് ഗോത്രവർഗ വിഭാഗത്തിൽ നിന്നും രാഷ്ട്രപതിയാകുന്ന ആദ്യ വ്യക്തിയായി ദ്രൗപതി മുർമു. രാഷ്ട്രപതിയാകുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി, ജനാധിപത്യ പ്രക്രിയയുടെ അടിസ്ഥാന ഘടകമായ പഞ്ചായത്ത് കൗൺസിലർ സ്ഥാനത്തു നിന്നു തുടങ്ങി നഗർ പഞ്ചായത്ത് അധ്യക്ഷ, നിയമസഭാംഗം, സംസ്ഥാന മന്ത്രി, സംസ്ഥാന ഗവർണർ എന്നീ പദവികളിലൂടെ വളർന്ന് രാഷ്ട്രപതിയാകുന്ന ഒരേയൊരു വ്യക്തി എന്ന വിശേഷണത്തിന് ഉടമയായികൊണ്ടാണ് സ്വതന്ത്രഭാരതത്തിന്റെ പതിനഞ്ചാമത് രാഷ്ട്രപതിയായി ദ്രൗപതി മുർമു അധികാരമേറ്റത്.

തെരഞ്ഞെടുക്കപ്പെട്ട 776 പാർലമെന്റ് അംഗങ്ങളും 4033 നിയമസഭാംഗങ്ങളും (രാഷ്ട്ര തലസ്ഥാനമായ ഡൽഹിയിലേയും കേന്ദ്ര ഭരണപ്രദേശമായ പോണ്ടിച്ചേരിയിലേയും നിയമസഭാംഗങ്ങൾ ഉൾപ്പെടെ) ചേരുന്ന 4809 പേർ അടങ്ങുന്ന ഒരു 'ഇലക്ടറൽ കോളേജ്' ആണ് ഇന്ത്യൻ രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയനുസരിച്ച് 'ഏക കൈമാറ്റ വോട്ട്' (Single Transferable Vote System) വഴിയുള്ള രാഷ്ട്രപതി തെരഞ്ഞെടുപ്പ് നടത്തുന്നത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനാണ്. രഹസ്യബാലറ്റാണ് വോട്ടെടുപ്പിന് ഉപയോഗിക്കുന്നത്. സമ്മതിദായകർക്ക് ആകെയുള്ള സ്ഥാനാർത്ഥികളുടെ എണ്ണം എത്രയാണോ മുൻഗണനാക്രമമനുസരിച്ച് അവരുടെ പേരുകൾക്ക് നേരെ 1,2,3,4 എന്നിങ്ങനെ വോട്ട് രേഖപ്പെടുത്താം. സമ്മതിദാകന് ഒരു സ്ഥാനാർത്ഥി മാത്രമേ സ്വീകാര്യനായിട്ടുള്ളുവെങ്കിൽ, അദ്ദേഹത്തിന് തന്റെ വോട്ട് സ്വീകാര്യനായിട്ടുള്ള സ്ഥാനാർത്ഥിക്ക് മാത്രമായും രേഖപ്പെടുത്താവുന്നതാണ്.

രാഷ്ട്രപതി തെരഞ്ഞെടുപ്പിന്റെ വോട്ട് മൂല്യം നിശ്ചയിച്ചിരിക്കുന്നത് 1971ലെ സെൻസസ് പ്രകാരമാണ്. ഒരു സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയെ അവിടുത്തെ നിയമസഭാംഗങ്ങളുടെ എണ്ണം കൊണ്ട് ഹരിക്കുക. ഈ ഹരണഫലത്തെ ആയിരം കൊണ്ട് വീണ്ടും ഹരിക്കുമ്പോൾ കിട്ടുന്ന

ശേഷം 13–ാം പേജിൽ

### മൊഴിമുഴക്കം

"എല്ലാ ബന്ധങ്ങളിൽ നിന്നും മനുഷ്യനെ മോചിപ്പിക്കുന്നതും പരമ സത്യം കണ്ടെത്തുവാൻ പ്രാപ്തനാക്കുന്നതും യാതൊന്നാണോ അതൊന്നാണ് വിദ്യാഭ്യാസം."

രബീന്ദ്രനാഥ ടാഗോർ



സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## ചാലിശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിന് ബഹുനില കെട്ടിടം

**എം.ബി. രാജേഷ്**
**തൃത്താല**

ചാലിശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പുതുതായി നിർമ്മിച്ച ബഹുനില കെട്ടിടത്തിന്റെ ഉദ്ഘാടനം സ്ഥലം എം.എൽ.എ.യും നിയമസഭാ സ്പീക്കറുമായ എം.ബി. രാജേഷ് 2022 ജൂൺ 9 ന് നിർവ്വഹിച്ചു. നവകേരളം കർമ്മ പദ്ധതിയിലെ വിദ്യാകിരണം മിഷന്റെ ഭാഗമായി മൂന്ന് കോടി രൂപ കിഫ്ബി ധനസഹായത്തോടെയാണ് ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. തൃത്താല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പി. റജീന അധ്യക്ഷത വഹിച്ച ചടങ്ങിൽ ചാലിശ്ശേരി ജി.എച്ച്. എസ്. എസ്. പ്രധാനാധ്യാപിക ദേവിക ടി.എസ്. സ്വാഗതം ആശംസിച്ചു.



## 'സുസ്ഥിര വികസന തൃത്താല'യുടെ ഭാഗമായി വൃക്ഷ വർഷാചരണം സംഘടിപ്പിച്ചു

സുസ്ഥിര വികസന തൃത്താല പദ്ധതിയുടെ ഭാഗമായി പാലക്കാട് കുടുംബശ്രീ രജത ജൂബിലി വൃക്ഷ വർഷാചരണം പരിപാടി തൃത്താല പി.ഡബ്ല്യു. ഡി. റസ്റ്റ് ഹൗസിൽ നിയമസഭാ സ്പീക്കർ എം.ബി. രാജേഷ് 2022 ജൂൺ 8 ന് ഉദ്ഘാടനം ചെയ്തു. തൃത്താല നിയോജകമണ്ഡലത്തിന്റെ സമഗ്ര വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിന് 'സുസ്ഥിര വികസന തൃത്താല' എന്ന നൂതന പദ്ധതി നിയമസഭാ സ്പീക്കറിന്റെ നേതൃത്വത്തിലും മാർഗ്ഗനിർദ്ദേശത്തിലും നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സംഘടനാ സംവിധാനം വഴി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനോടനുബന്ധിച്ചാണ് കുടുംബശ്രീ രജത ജൂബിലി വൃക്ഷ വർഷാചരണം എന്ന ക്യാമ്പയിൻ നടപ്പിലാക്കുന്നത്. തൃത്താല നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി രണ്ട് ലക്ഷം ഫലവൃക്ഷ തൈകളാണ് നടുന്നത്. ചടങ്ങിൽ തൃത്താല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പി. റജീന അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ പി. സൈതലവി പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു.



## അടൂർ റിംഗ് റോഡ് അലൈൻമെന്റ്; സ്ഥല പരിശോധന നടത്തി

**ചിറ്റയം ഗോപകുമാർ**
**അടൂർ**

അടൂർ റിംഗ് റോഡ് അലൈൻമെന്റ് നിശ്ചയിക്കുന്നതിന് കരുവാറ്റ പള്ളി മുതൽ നെല്ലിമൂട്ടിൽപടി എംസി റോഡ് വരെ പരിശോധന നടത്തി. സ്ഥലം എം.എൽ.എ. യും ഡെപ്യൂട്ടി സ്പീക്കറുമായ ചിറ്റയം ഗോപകുമാറിന്റെ സാന്നിധ്യത്തിലായിരുന്നു പരിശോധന.

10-12 മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കുന്നത്. പൂർണമായി കെ.ഐ.പി റോഡും സ്ഥലങ്ങളും ഉപയോഗപ്പെടുത്തിയും ചില ഭാഗങ്ങളിൽ സ്വകാര്യ വ്യക്തികളിൽ നിന്ന് സ്ഥലം ഏറ്റെടുത്തുമാണ് റോഡ് വികസിപ്പിക്കുക. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 20 കോടി രൂപ റിംഗ് റോഡിനായി അനുവദിച്ചിരുന്നു.



## കൃഷിയിലൂടെ ആരോഗ്യം സാധ്യമാകണം : ഡെപ്യൂട്ടി സ്പീക്കർ

മനുഷ്യന്റെ ആയുസ്സും ആരോഗ്യവും സംരക്ഷിക്കാൻ കഴിയുന്ന തലത്തിലേക്ക് കാർഷിക മേഖല വളരണമെന്നും കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കണമെന്നും ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ പന്തളം നഗരസഭാതല ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന കാർഷിക പദ്ധതികൾ ചടങ്ങുകളായി ചുരുങ്ങരുതെന്നും കാർഷിക കലണ്ടർ അനുസരിച്ച് കൃഷി ചെയ്യുന്നത് ശീലമാക്കണമെന്നും അദ്ദേഹം പറഞ്ഞു.



## വൈക്കം മുനിസിപ്പാലിറ്റിയിൽ തിയേറ്റർ സമുച്ചയം

**സി.കെ.ആശ**
**വൈക്കം**

2022 ജൂലൈ 3 ന് വൈക്കത്ത് കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്ന തിയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണോദ്ഘാടനം സി.കെ.ആശ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ അന്നത്തെ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവ്വഹിച്ചു. കിഫ്ബിയുടെ ധനസഹായത്തോടെ 14.75 കോടി രൂപ ചെലവഴിച്ചാണ് തിയേറ്റർ നിർമ്മിക്കുന്നത്. ഇതിൽ 4k-3D ഡിജിറ്റൽ പ്രൊജക്ഷൻ, മേന്മയേറിയ ഡോൾബി അറ്റ്മോസ് സൗണ്ട് സിസ്റ്റം, ജെ.ബി.എൽ/ഡോൾബി സ്പീക്കർ, സിൽവർ സ്ക്രീൻ, ഇൻവെർട്ടർടൈപ്പ്, ശീതീകരണ സംവിധാനം, തിയേറ്ററിന്റെ നാനാ ഭാഗത്തും സജ്ജീകരിച്ചിരിക്കുന്ന നിരീക്ഷണ ക്യാമറകൾ, വൈദ്യുതി തടസ്സം നേരിടാനുള്ള ആധുനിക ജനറേറ്ററുകൾ, ഫയർ ഫൈറ്റിംഗ് സംവിധാനം, സൗകര്യപ്രദമായ സോഫാ-പുഷ്-ബാക്ക് ഇരിപ്പിടങ്ങൾ, എൽ.ഇ.ഡി. ഡിസ്പ്ലേ, ആധുനിക ടോയ്‌ലെറ്റ് സൗകര്യം, ലിഫ്റ്റ് സംവിധാനം, ക്യാന്റീൻ, പാർക്കിംഗ് തുടങ്ങിയ സജ്ജീകരണങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

190 ഇരിപ്പിടങ്ങൾ വീതമുള്ള രണ്ട് തിയേറ്ററുകളാണ് ഏറ്റവും ആധുനിക സജ്ജീകരണങ്ങളോടെ ഒരുങ്ങുന്നത്. പ്രമുഖ ചലച്ചിത്ര താരങ്ങളും സാംസ്കാരിക നായകരും ജനപ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.



സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് മന്ദിരത്തിന്റെയും നവീകരിച്ച പൈതൃക മന്ദിരത്തിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു

ഡി.കെ.മുരളി
വാമനപുരം



നൂറ് ദിന കർമ്മപദ്ധതിയിലുൾപ്പെടുത്തി പാലോട് ഫോറസ്റ്റ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുകയും പൈതൃക മന്ദിരം നവീകരിക്കുകയും ചെയ്തു. 39.2 ലക്ഷം രൂപ വിനിയോഗിച്ച് 2200 ചതുരശ്ര അടി വിസ്തൃതിയിലാണ് റേഞ്ച് ഓഫീസ് പണി പൂർത്തിയാക്കിയത്. 12 ലക്ഷം രൂപ ചെലവഴിച്ചാണ് പൈതൃക മന്ദിരം നവീകരിച്ചത്. ഇരു മന്ദിരങ്ങളുടെയും ഉദ്ഘാടനം 2022 ഏപ്രിൽ 27 ന് വാമനപുരം എം.എൽ.എ ഡി.കെ.മുരളിയുടെ അദ്ധ്യക്ഷതയിൽ വനം- വന്യജീവി വകുപ്പ് മന്ത്രി എ.കെ.ശശീന്ദ്രൻ നിർവ്വഹിച്ചു. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി.കോമളം, ത്രിതല പഞ്ചായത്ത് മെമ്പർമാർ, ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ എന്നിവർ സംബന്ധിച്ചു.

## പാലോട് 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. യിലേക്ക് ഉയരുന്നു

പ്രസരണശൃംഖലയിലെ പഴക്കമേറിയ സബ്സ്റ്റേഷനുകളിൽ ഒന്നായ പാലോട് 66 കെ.വി. സബ്സ്റ്റേഷന്റെ ശേഷി ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മിച്ച് 110 കെ.വി. വോൾട്ടേജിലേയ്ക്ക് ഉയർത്തുക, പുതുതായി 12.5 MVA ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ പദ്ധതി നടപ്പാക്കുന്നു. അതുവഴി വൈദ്യുത തടസ്സം പരമാവധി ഒഴിവാക്കി മെച്ചപ്പെട്ട വോൾട്ടേജിലുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കുവാൻ സാധിക്കും. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടെ നന്ദിയോട് പെരിങ്ങമ്മല, പാങ്ങോട്, കല്ലറ, തൊളിക്കോട്, പനവൂർ, ആനാട്, ചിതറ, കടയ്ക്കൽ, വിതുര എന്നീ പഞ്ചായത്തുകളിലെ ഏകദേശം 42000 കുടുംബങ്ങൾക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാകും. പാലോട് 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണോദ്ഘാടനം കേരള സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി വീഡിയോ കോൺഫറൻസിലൂടെ നിർവ്വഹിച്ചു. പാലോട് വൃന്ദാവനം കൺവെൻഷൻ സെന്ററിൽ വച്ച് നടന്ന ചടങ്ങിൽ വാമനപുരം എം.എൽ.എ ഡി.കെ മുരളി അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ അന്നത്തെ കെ.എസ്.ഇ.ബി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ബി. അശോക് ഐ.എ.എസ്സ്. സ്വാഗതം ആശംസിച്ചു. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് പ്രതിനിധികളും രാഷ്ട്രീയ, സാമൂഹിക രംഗത്തെ പ്രമുഖരും, കെ.എസ് . ഇ.ബി പാലോട് സബ്സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.



## 'വിശപ്പുരഹിത കേരളം' സുഭിക്ഷ ഹോട്ടൽ ഉദ്ഘാടനം



കേരളത്തിന്റെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി വാമനപുരം നിയോജക മണ്ഡലത്തിലെ വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം മാർക്കറ്റിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടലിന്റെ ഉദ്ഘാടനം എം.എൽ.എ. ഡി. കെ. മുരളിയുടെ അദ്ധ്യക്ഷതയിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ നിർവ്വഹിച്ചു. പാചകം ചെയ്ത ഭക്ഷണം ആവശ്യക്കാർക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പൊതു യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി. കോമളം, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

## സമഗ്ര റോഡ് സുരക്ഷാപദ്ധതി: 'ഇനിയും വൈപ്പിൻകര കരയരുത്"

കെ.എൻ.ഉണ്ണികൃഷ്ണൻ
വൈപ്പിൻ

മികച്ച റോഡ് ഗതാഗത സംസ്കാരം ലക്ഷ്യമാക്കി കെ. എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. യുടെ നേതൃത്വത്തിൽ വൈപ്പിനിൽ സമഗ്ര റോഡ് സുരക്ഷാ പദ്ധതി ആവിഷ്കരിച്ചു. ആദ്യഘട്ടമായ 'ഇനിയും വൈപ്പിൻ കരയാതിരിക്കാൻ' ബോധവത്കരണ ക്യാമ്പയിൻ ജനസ്വീകാര്യത കൊണ്ട് ശ്രദ്ധേയമായി. കാളമുക്ക് ജംഗ്ഷനിൽ എം.എൽ.എ. ഉദ്ഘാടനം ചെയ്ത പദ്ധതി മേഖലയിലെ വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങൾ നിയന്ത്രിക്കുന്നതിനായാണ് രൂപം നൽകിയിരിക്കുന്നത്.

അനധികൃത റോഡ് കയ്യേറ്റം, കടകളുടെ ചമയങ്ങളും സാധനങ്ങളും റോഡിലേക്ക് ഇറക്കിവയ്ക്കുന്നത്, റോഡിന്റെ അശാസ്ത്രീയതകൾ എന്നിവയെല്ലാം കണക്കിലെടുത്താണ് സുരക്ഷാ പദ്ധതി ആസൂത്രണം ചെയ്തത്.

തദ്ദേശ സ്ഥാപനങ്ങൾ, പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് റോഡ് വിഭാഗം, റസിഡന്റ്സ് അസോസിയേഷനുകൾ, ബസുടമകളുടെയും വാഹനത്തൊഴിലാളികളുടെയും യൂണിയനുകൾ, സന്നദ്ധ പ്രവർത്തകർ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എൻ. സി. സി., എൻ. എസ്. എസ്. എന്നിവയുടെയെല്ലാം സഹകരണത്തോടെയാണ് പദ്ധതി ഒരുക്കിയത്.




പദ്ധതിയുടെ ആദ്യഘട്ടമായി എല്ലാ പഞ്ചായത്തുകളിലും റോഡ് യാത്രികർക്ക് ബോധവൽകരണ ക്യാമ്പയിൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ നടത്തുകയും പോലീസിന്റെയും മോട്ടോർ വാഹന അധികൃതരുടെയും തദ്ദേശ സ്ഥാപന ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ വോളന്റിയർമാർ വാഹന യാത്രക്കാർക്ക് ബോധവൽക്കരണ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.

രണ്ടാം ഘട്ടത്തിൽ ബസ് ഡ്രൈവർമാർക്ക് ഉൾപ്പെടെ അവബോധ ക്ലാസുകൾ സംഘടിപ്പിച്ചു. വൈപ്പിൻ, ഇടപ്പള്ളി എന്നീ ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലായി നടന്ന ഓഡിയോ വിഷ്വൽ ക്ലാസുകൾക്ക് പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നേതൃത്വം നൽകി. ഇതോടനുബന്ധിച്ച് മൂന്നാം ഘട്ടത്തിൽ പോലീസ്, മോട്ടോർ വാഹന വകുപ്പുകളുടെ സംയുക്ത വാഹന പരിശോധനയും സംഘടിപ്പിച്ചു.

ക്യാമ്പയിന് ലഭിച്ച സ്വീകാര്യത ആപത്കരമായ അമിതവേഗത്തിനും മത്സരയോട്ടത്തിനും ട്രാഫിക് നിയമലംഘനങ്ങൾക്കുമെതിരായ ജനവികാരമാണ് പ്രതിഫലിപ്പിക്കുന്നതെന്ന് കെ.എൻ.ഉണ്ണികൃഷ്ണൻ എം.എൽ.എ. പറഞ്ഞു.



സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## പേരൂർക്കട പി.എസ്.എൻ.എം സ്കൂളിന് പുതിയ മന്ദിരം

വി.കെ.പ്രശാന്ത്
വട്ടിയൂർക്കാവ്



വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ പേരൂർക്കട പി.എസ്. എൻ.എം എച്ച്.എസ്.എസിന് പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിച്ചു. സ്ഥലം എം.എൽ.എ. വി.കെ പ്രശാന്ത് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ആധുനിക സമൂഹത്തിന് ഉപകാരപ്രദമാകുന്ന നിലയിൽ വിദ്യാലയങ്ങളെ പൂർണ്ണമായും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുമെന്ന് ഉദ്ഘാടന വേളയിൽ മന്ത്രി പറഞ്ഞു. എസ്.എസ്.കെ ഫണ്ടിൽ നിന്നും അമ്പത് ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച അത്യാധുനിക ക്ലാസ് മുറികളുടെയും മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഹൈടെക് ടോയ്‌ലെറ്റുകളുടെയും ഉദ്ഘാടനമാണ് മന്ത്രി നിർവ്വഹിച്ചത്.

സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വട്ടിയൂർക്കാവ് മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളും അത്യാധുനിക രീതിയിൽ മികച്ചതാക്കി മാറ്റുമെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ വി.കെ പ്രശാന്ത് എം.എൽ.എ. അറിയിച്ചു. 113 വർഷം പഴക്കമുള്ള പി.എസ്.എൻ.എം. സ്കൂളിൽ പുതിയ ഒരു ഹൈടെക് മന്ദിരം കൂടി നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. പ്രിൻസിപ്പൽ ഗീതാകുമാരി എസ്. സ്വാഗതം ആശംസിച്ച ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കെ. ജീവൻ ബാബു ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി.

## പെരുവള്ളൂർ സി എച്ച് സി യിൽ ഐസൊലേഷൻ വാർഡിന്റെ ശിലാസ്ഥാപനം

പി.അബ്ദുൽ ഹമീദ്
വള്ളിക്കുന്ന്

എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും 1.87 കോടി രൂപ വകയിരുത്തി കിഫ്ബി വഴി നടപ്പിലാക്കുന്ന പെരുവള്ളൂർ സി എച്ച് സിയിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. നാല് മാസത്തിനകം കെട്ടിടം പൂർത്തീകരിക്കാനാകുമെന്ന് നിർവ്വഹണ ഏജൻസിയായ കിഫ്ബിയും നിർവ്വഹണ ചുമതല ഏറ്റെടുത്ത തൃശ്ശൂർ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രതിനിധിയും ഉറപ്പ് നൽകിയിട്ടുണ്ട്.ഇവിടെ തന്നെ എം.എൽ.എ ആസ്തിവികസന പദ്ധതി പ്രകാരം ഒരു കോടി രൂപ വകയിരുത്തി നിർമ്മിക്കുന്ന കെട്ടിടവും ബജറ്റ് ഫണ്ടിൽ നിന്നും രണ്ടു കോടി രൂപ അനുവദിച്ച കെട്ടിടത്തിന്റെ നിർമ്മാണവും അനുക്രമം നടന്നു വരികയാണ്.



## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് – സമ്പൂർണ്ണ രജിസ്ട്രേഷൻ ലക്ഷ്യമാക്കി ഏകദിന ക്യാമ്പുകൾ

വള്ളിക്കുന്ന് മണ്ഡലത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമ്പൂർണ്ണ രജിസ്ട്രേഷൻ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമ പഞ്ചായത്ത് തലത്തിൽ രജിസ്ട്രേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിൽ സംഘടിപ്പിച്ച പ്രഥമ ക്യാമ്പ് സ്ഥലം എം.എൽ.എ. പി.അബ്ദുൽ ഹമീദ് ഉദ്ഘാടനം ചെയ്തു. തിരൂരങ്ങാടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളുടെയും സംയുക്താഭിമുഖ്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ, തീരദേശ ഉദ്യോഗാർത്ഥികൾക്കും മറ്റ് ഉദ്യോഗാർത്ഥികൾക്കുമായാണ് ഏകദിന രജിസ്ട്രേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. മണ്ഡലത്തിലെ ഇതര ഗ്രാമ പഞ്ചായത്തുകളിലും രജിസ്ട്രേഷൻ ക്യാമ്പ് ഡ്രൈവ് അടുത്ത ദിവസങ്ങളിൽ നടക്കും. ജൂൺ 29 ന് വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലും ജൂലൈ 2 ന് പെരുവള്ളൂരിലും 4 ന് പള്ളിക്കലിലും 5 ന് ചേലേമ്പ്രയിലും ക്യാമ്പുകൾ സംഘടിപ്പിച്ചു.




## ക്ലീൻ പൂഞ്ഞാർ ഗ്രീൻ പൂഞ്ഞാർ

സെബാസ്റ്റ്യൻ കുളത്തുങ്കൽ
പൂഞ്ഞാർ

ഉരുൾപൊട്ടലും പ്രളയവും മൂലം നദികളിൽ അടിഞ്ഞു കൂടിയ എക്കലും മണ്ണും മണലും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് ഇനിയൊരു പ്രളയത്തിൽ നിന്ന് പൂഞ്ഞാറിനെ രക്ഷിക്കുക എന്ന ലക്ഷ്യത്തിൽ 'റൂം ഫോർ റിവർ' പദ്ധതിയോട് ചേർന്ന് ക്ലീൻ പൂഞ്ഞാർ ഗ്രീൻ പൂഞ്ഞാർ എന്ന ഒരു പദ്ധതി പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ യുടെ നേതൃത്വത്തിൽ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഹരിത കേരള മിഷൻ, തൊഴിലുറപ്പ് തൊഴിലാളികൾ, വിവിധ സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, റസിഡൻറ്സ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണത്തോടെ, നിയോജക മണ്ഡലത്തിലെ പ്രധാന നദികളായ മീനച്ചിലാർ, മണിമലയാർ, പമ്പയാർ, അഴുതയാർ, പുല്ലകയാർ എന്നിവയും അവയുടെ പോഷക നദികളും ശുദ്ധീകരിക്കുന്നതിനും, അവയുടെ പൂർവ്വസ്ഥിതി പുനഃസ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഒഴുകി വരുന്ന മുഴുവൻ ജലവും നദികളിലൂടെ തന്നെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. 'പുഴ പുനർജനി' പദ്ധതിയും 'തെളിനീരൊഴുകും നവകേരളം ' പദ്ധതിയും യോജിപ്പിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

പ്രധാനനദിയായ മീനച്ചിലാർ പുനർജനി പ്രവർത്തനങ്ങളുടെ ഔപചാരിക ഉത്ഘാടനം മാർച്ച് 12 ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഈരാറ്റുപേട്ടയിൽ നിർവ്വഹിച്ചു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആന്റോ ആന്റണി എം.പി. മുഖ്യപ്രഭാഷണം നടത്തി. നഗരസഭാദ്ധ്യക്ഷ സുഹറ അബ്ദുൾ ഖാദർ, ഉപാദ്ധ്യക്ഷൻ അഡ്വ. മുഹമ്മദ് ഇല്യാസ് എന്നിവർ പ്രസംഗിച്ചു.

എരുമേലി വലിയ തോട്ടിലെ ശുചീകരണ പ്രവർത്തനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ ഏപ്രിൽ 20 ന് എരുമേലിയിൽ നിർവ്വഹിച്ചു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. മീനച്ചിലാർ ശുചീകരണ പ്രവർത്തനങ്ങൾക്ക് ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് പാലാ സോഷ്യൽ സർവ്വീസ് സൊസൈറ്റി ജലമിത്രം ക്ലബ്ബുകൾ രൂപീകരിച്ചു. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ഏപ്രിൽ 7 ന് സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. നിയോജകമണ്ഡലത്തിൽ കൂട്ടിക്കൽ, മുണ്ടക്കയം, പാറത്തോട്, കോരുത്തോട് പഞ്ചായത്തുകളിലും നദീ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.



**അറിയിപ്പ്**

അറിവോരം ന്യൂസ്‌ലെറ്ററിൽ നിയോജക മണ്ഡല വാർത്തകൾ പ്രസിദ്ധീകരിക്കാൻ താൽപര്യമുള്ള സാമാജികർ തങ്ങളുടെ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വാർത്ത ചിത്രങ്ങൾ സഹിതം kladrd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾക്ക് 0471-2512493 / 0471-2512353 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

പ്രതിപക്ഷ നേതാവിന്റെ പേജ്



വി.ഡി. സതീശൻ
പ്രതിപക്ഷ നേതാവ്

# ബഫർ സോൺ സംരക്ഷണനിയമങ്ങൾ യാഥാർത്ഥ്യബോധത്തോടെ നടപ്പിലാക്കണം

ഇന്ത്യയിലെ എല്ലാ ദേശീയോദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോൺ (ESZ) നിർബ്ബന്ധമാക്കണമെന്നുള്ള 2022 ജൂൺ 22 ലെ സുപ്രീം കോടതി വിധി കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ ആശങ്കയുളവാക്കുന്ന കാര്യമാണ്. ഈ വിധി സംരക്ഷിത വനങ്ങൾക്ക് ചുറ്റുമുള്ള കേരളത്തിലെ ഇരുപതോളം പട്ടണങ്ങളുടെ വികസനപ്രവർത്തനങ്ങളേയും ഉപജീവനപ്രക്രിയയേയും ഒരു ലക്ഷം കുടുംബങ്ങളേയും ബാധിക്കുന്നതാണ്. 24 വന്യജീവിസങ്കേതങ്ങളും ദേശീയോദ്യാനങ്ങളുമുള്ള കേരളത്തിൽ വനപ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖല നൽകിയാൽ മനുഷ്യവാസമുള്ള ഏകദേശം 2.5 ലക്ഷം ഏക്കർ പ്രദേശം വികസന മേഖലയില്ലാതെയാകുന്നതാണ്. അവിടെ താമസിക്കുന്ന 10 ലക്ഷത്തിലധികം വരുന്ന ജനങ്ങളുടെ ജീവിതമാർഗ്ഗങ്ങൾ തടയപ്പെടുന്ന സ്ഥിതിവിശേഷമാണ് ഇതിലൂടെ സംജാതമാകുന്നത്. സുപ്രീംകോടതിവിധി അങ്ങനെ തന്നെ നടപ്പിലാക്കുകയാണെങ്കിൽ സുഗമമായ മനുഷ്യജീവിതവും ജീവിതമാർഗ്ഗങ്ങളും ഇല്ലാതാകുമെന്നതാണ് യാഥാർത്ഥ്യം. ഈ വിഷയത്തിൽ നമുക്ക് സ്വീകരിക്കുവാൻ കഴിയുന്ന കാര്യം ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും ബഫർ സോണിൽ നിന്നും ഒഴിവാക്കാനുള്ള നിയമനടപടികളുമായി മുന്നോട്ട് പോവുകയെന്നതാണ്.

സുപ്രീംകോടതി അവരുടെ വിധി ന്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളത് ഇപ്രകാരമാണ് 'The minimum width of the ESZ may be diluted in overwhelming public interest but for that purpose the State or Union Territory concerned shall approach the CEC and MoEF&CC and both these bodies shall give their respective opinions/ recommendations before this Court. On that basis, this Court shall pass appropriate order' അതായത് കുറഞ്ഞ ദൂരപരിധി സംബന്ധിച്ച് ജനങ്ങളുടെ അതിശക്തമായ പ്രതിഷേധം ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് സെൻട്രൽ എംപവേർഡ് കമ്മിറ്റിയേയും (CEC) പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന (MoEF&CC) മന്ത്രാലയത്തേയും സമീപിക്കാമെന്നും അങ്ങനെ ലഭിക്കുന്ന ശിപാർശകൾ കോടതി പരിഗണിക്കുമെന്നും സൂചിപ്പിക്കുന്നുണ്ട്. ഇത് ഒരു വലിയ സാധ്യതയായി കണ്ടുകൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ (ESZ) പരിധി കുറച്ച് ജനങ്ങളുടെ ജീവിതത്തെ ബാധിക്കാത്ത തരത്തിൽ നടപ്പിലാക്കണമെന്ന് കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തേയും അടിയന്തിരമായി ബോധിപ്പിക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്യേണ്ടത്.

2013ൽ ഉമ്മൻചാണ്ടി സർക്കാർ മന്ത്രിസഭായോഗം ചേർന്നെടുത്ത തീരുമാനം ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി ബഫർ സോൺ രൂപീകരിക്കണമെന്നായിരുന്നു. എന്നാൽ 2019 ലെ പിണറായി സർക്കാരിന്റെ മന്ത്രിസഭായോഗ തീരുമാനം ഇതിന് നേർവിപരീതമായിരുന്നു.

സുപ്രീംകോടതി ഇങ്ങനെ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ കാരണം സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ ഉണ്ടായ ഗുരുതരമായ വീഴ്ചയുടെ ഫലമാണ്. 2019 ഒക്ടോബർ 23 ലെ സംസ്ഥാന മന്ത്രിസഭായോഗത്തിലാണ് എല്ലാ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവ് ജനവാസകേന്ദ്രങ്ങൾ ഉൾപ്പെടുത്തി ഇക്കോ സെൻസിറ്റീവ് സോൺ (ESZ) നിർബ്ബന്ധമാക്കണമെന്ന തീരുമാനം കൈക്കൊണ്ടത്. തുടർന്ന് 31.10.2019 സ.ഉ.(കൈ) നമ്പർ 29/2019/വനം പ്രകാരമുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി.ആ ഉത്തരവ് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുന്നതിനുവേണ്ട വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തു. ഉത്തരവിൽ കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയവും സുപ്രീം കോടതിയും നിശ്ചയിച്ച മാനദണ്ഡങ്ങളുടെയും വിദഗ്ധസമിതിയുടെ പഠനത്തിന്റെയും അടിസ്ഥാനത്തിലാണ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 2021 ൽ അന്നത്തെ കേന്ദ്ര വനം, പരിസ്ഥിതി മന്ത്രിയായിരുന്ന പ്രകാശ് ജാവദേക്കർ, കേരളം ഒരു കിലോമീറ്റർ ദൂരം വരെ ഇക്കോ സെൻസിറ്റീവ് സോണായി മാറ്റാമെന്ന് സമ്മതിച്ചതായി പാർലമെന്റിനെ അറിയിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ വേണ്ടത്ര ജാഗ്രതയില്ലാതെ കേരളത്തിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ പ്രതിപാദിക്കപ്പെടാതെ പുറപ്പെടുവിച്ച സർക്കാർ ഉത്തരവും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ച തുടർനടപടികളുമാണ് ബഫർ സോൺ വിഷയത്തിൽ സുപ്രീംകോടതി പുറപ്പെടുവിച്ച ഇപ്പോഴത്തെ ഉത്തരവിന് വഴി തെളിച്ചത്.

ഇനി ഇക്കാര്യത്തിൽ ചെയ്യേണ്ടത് സംസ്ഥാന സർക്കാർ 2019 ഒക്ടോബർ 31 ന് ബഫർ സോൺ വിഷയത്തിൽ പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്യുകയോ പിൻവലിക്കുകയോ ആണ്. തുടർന്ന് സംരക്ഷിത വനത്തിന് ചുറ്റുമുള്ള കരുതൽ മേഖലയിൽ നിന്നും ജനവാസ കേന്ദ്രങ്ങളും കൃഷി സ്ഥലങ്ങളും ഒഴിവാക്കണമെന്ന കേരള നിയമസഭാ പ്രമേയത്തിന്റെ അന്തസ്സത്ത വ്യക്തമാക്കുന്ന പുതിയ ഉത്തരവ് പുറപ്പെടുവിക്കണം. അതിനുശേഷം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തേയും സി.ഇ.സി.യേയും സമീപിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും സുപ്രീം കോടതിയിൽ കേരളത്തിന്റെ നിലപാട് ശക്തമായി അവതരിപ്പിച്ച് ബഫർ സോൺ വിഷയത്തിൽ കേരളത്തിന്റെ പൊതുനിലപാട് ബോദ്ധ്യപ്പെടുത്തണം. പരിസ്ഥിതി-നിയമമേഖലയിലെ വിദഗ്ധരുമായി ചർച്ച നടത്തുകയും ബഫർ സോൺ വിഷയം സംബന്ധിച്ച കേരളത്തിന്റെ പൊതുവികാരം സുപ്രീംകോടതിയിൽ പ്രതിഫലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

സംരക്ഷിത വനത്തിന് ചുറ്റുമുള്ള കരുതൽ മേഖലയിൽ നിന്നും (ബഫർ സോൺ) ജനവാസകേന്ദ്രങ്ങളും കൃഷി സ്ഥലങ്ങളും പൂർണ്ണമായി ഒഴിവാക്കണമെന്ന കേരള നിയമസഭാ പ്രമേയം അതേപടി ഉൾക്കൊണ്ടുകൊണ്ട് കേരളത്തിന്റെ പൊതുവായ ആവശ്യം സാധിച്ചെടുക്കുന്നതിന് ഞങ്ങളുടെ പൂർണ്ണമായ പിന്തുണ ഉണ്ടാകും. ഇക്കാര്യത്തിൽ കാലതാമസം വരുത്താതെ സമയബന്ധിതമായി കേന്ദ്ര സർക്കാരിനേയും സുപ്രീം കോടതിയേയും സമീപിച്ച് പരിഹാരം തേടാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ നിറവേറ്റണം. ജനങ്ങളുടെ ആശങ്കയ്ക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കണം.

ഒന്നാം പേജിൽ നിന്നും തുടർച്ച

## സഭാധ്യക്ഷന്റെ പേജ്

ബുദ്ധന് ബോധോദയം ഉണ്ടായ ശേഷം ആദ്യമായി ധർമപ്രഭാഷണം നടത്തിയത് സാരാനാഥിലാണ്. ആ ചരിത്രപ്രാധാന്യം ഉൾക്കൊണ്ടാണ് മൗര്യ ചക്രവർത്തിയായ അശോകൻ അവിടെ സ്തംഭം സ്ഥാപിച്ചത്. 1950 ജനുവരി 26 ന് ഈ സ്തംഭം നമ്മുടെ രാജ്യത്തിന്റെ ദേശീയ ചിഹ്നമായി മാറി. നമ്മുടെ രാജ്യം ശാന്തിയുടെയും ഉൾകാഴ്ചയുടെയും വെളിച്ചം പകരുന്നുവെന്ന് അശോകസ്തംഭത്തിന്റെ ചിത്രം ലോകത്തോട് ഉദ്ഘോഷിക്കുന്നുണ്ട്. അവിടെനിന്നുള്ള മാറ്റത്തിന്റെ ലക്ഷണമാണ് സിംഹങ്ങൾക്ക് പല്ലുകൾ വളർത്തിക്കൊടുത്ത പ്രവൃത്തി.

സ്വതന്ത്ര ഇന്ത്യ സാർവദേശീയമായി സമാധാനത്തിന്റെ പക്ഷത്താണ് നിലകൊണ്ടത്. ചേരിചേരാനയം അതിന്റെ ഉള്ളടക്കത്തിൽ സാമ്രാജ്യത്വവിരുദ്ധവും യുദ്ധവിരുദ്ധവുമായിരുന്നു. ഇന്ത്യയുടെ ഈ നയം അന്താരാഷ്ട്ര തലത്തിൽ വലിയതോതിൽ അംഗീകരിക്കപ്പെട്ടിരുന്നു. ചേരിചേരാനയത്തിൽ നിന്നുള്ള ഇന്ത്യയുടെ പിന്മാറ്റം കഴിഞ്ഞ കാൽ നൂറ്റാണ്ടായി പ്രകടമാണ്. ഇപ്പോഴുള്ള പ്രകടമായ ആക്രമണോൽസുകത എന്തിനെയാണ് ലക്ഷ്യം വെക്കുന്നതെന്ന സൂചനകൾ വ്യക്തമാണ്.

ലോകത്തിലെ ഫാസിസ്റ്റു വാഴ്ചകളിലെല്ലാം സാംസ്കാരികമായ അട്ടിമറികളുണ്ടായിട്ടുണ്ട്. അതിനായി പ്രതീകങ്ങളെ വളച്ചൊടിക്കുന്നു. അതിലൂടെ പുതിയ ബോധം സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ധാർമികതയെയും സത്യത്തെയും കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകൾ കൊണ്ടുവരുന്നു. ജർമനിയിലും ഇറ്റലിയിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഫാസിസം വളർന്നുവന്നത് ഇത്തരം സാംസ്കാരികമായ ഇടപെടലിൽ കൂടിയാണ്. ജനതയുടെ സാംസ്കാരിക അവബോധത്തിൽ വലിയ മാറ്റമുണ്ടാക്കാനുള്ള സമഗ്രവും സൂക്ഷ്മവുമായ പരിപാടികൾ ആവിഷ്കരിക്കപ്പെടുന്നു. അതനുസരിച്ചുള്ള ആസൂത്രിതമായ ആശയപ്രചാരണം നടത്തുന്നു. ഈ പ്രക്രിയയിൽ ജീവിതത്തിന്റെ സമഗ്ര മേഖലകളും മാറുന്നു. അത്തരമൊരു മാറ്റത്തിന്റെ തുടർച്ചകൾ കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. രാഷ്ട്രത്തിന്റെ നാഡീഞരമ്പുകളിലൂടെ അത് പ്രവഹിപ്പിക്കാനുള്ള സംവിധാനങ്ങളെ ഇതിനകം വളർത്തിയെടുത്തിട്ടുമുണ്ട്.

മതനിരപേക്ഷ രാജ്യത്തെ മതരാഷ്ട്രമാക്കി മാറ്റാനുള്ള സൂക്ഷ്മ പദ്ധതികളാണ് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ ഇച്ഛയായ ജനാധിപത്യത്തെ ജനങ്ങളുടെ ഇച്ഛക്ക് വിപരീതമായി പണം കൊടുത്ത് അട്ടിമറിക്കുന്ന പുതിയ രീതികൾ ശക്തിപ്പെടുകയാണ്. വോട്ട് ചെയ്ത ജനങ്ങളുടെ ആഗ്രഹത്തിന് വിപരീതമായി മറുകണ്ടം ചാടുന്ന ജനപ്രതിനിധികൾ ദേശീയ രാഷ്ട്രീയത്തിലെ വളർന്നുവരുന്ന പ്രവണതയായി മാറിയിരിക്കുന്നു. ജനാധിപത്യ സംവിധാനത്തെയും തെരഞ്ഞെടുപ്പുകളെയും തന്നെ ഇവ അപ്രസക്തമാക്കുന്നു.

സാമ്പത്തിക അസമത്വം ഭീതിദമായി വളരുകയാണ്. ഏറ്റവും ദാരിദ്ര്യവും അസമത്വവും നിറഞ്ഞ രാജ്യമായാണ് പാരീസ് ആസ്ഥാനമായ വേൾഡ് ഇനിക്വാളിറ്റി ലാബ് തയാറാക്കിയ വേൾഡ് ഇനിക്വാളിറ്റി റിപ്പോർട്ടിൽ (2022) ഇന്ത്യയെ വിശേഷിപ്പിച്ചിരിക്കുന്നത്. ഇന്ത്യൻ സമൂഹത്തിൽ സാമ്പത്തികമായി മുകൾത്തട്ടിലുള്ള 10 ശതമാനമാണ് ദേശീയ സമ്പത്തിന്റെ 57 ശതമാനവും കയ്യടക്കിയിരിക്കുന്നത്. ഏറ്റവും മുകൾത്തട്ടിലുള്ള ഒരു ശതമാനത്തിന്റെ കയ്യിൽ 22 ശതമാനം സമ്പത്തുണ്ട്. താഴെയുള്ള 50 ശതമാനത്തിന്റെ കൈവശം 13 ശതമാനം സമ്പത്ത് മാത്രമേയുള്ളൂ. പുതിയ സാമ്പത്തിക നയം, ഉദാരവത്കരണസ്വകാര്യവൽക്കരണ നയങ്ങൾ എല്ലാം സാമ്പത്തിക ഉന്നത ശ്രേണിയിലുള്ള ഒരു ശതമാനത്തിനാണ് വളർച്ചയും വരുമാന വർധനവുമായി ഉപകാരപ്പെട്ടത്. ഇടത്തരം, താഴ്ന്ന വരുമാന വിഭാഗത്തിന് കാര്യമായ ഒരു പ്രയോജനവുമുണ്ടായില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ മൂന്ന് വർഷമായി ഇന്ത്യ തയാറാക്കുന്ന അസമത്വ കണക്കുകൾ വെള്ളം ചേർത്തതാണെന്നും റിപ്പോർട്ടിൽ കുറ്റപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി നിർമല സീതാരാമൻ ഈ റിപ്പോർട്ട് വ്യാജമെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. എത്ര നിഷേധിച്ചാലും രാജ്യത്തിന്റെ നേർക്കാഴ്ചകളെ മറച്ചുപിടിക്കാനാവില്ലല്ലോ.

സാമ്പത്തികമായും സാമൂഹ്യമായും രാഷ്ട്രീയമായും ചരിത്രത്തിലെ അഭൂതപൂർവമായ വെല്ലുവിളികൾ നേരിടുന്ന ഇന്ത്യയെയാണ് സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വർഷത്തിൽ നമ്മൾ കാണുന്നത്. ജനങ്ങളെല്ലാം മുന്നിട്ടിറങ്ങി കൈകോർത്ത് കാത്തില്ലെങ്കിൽ നമ്മുടെ സ്വാതന്ത്ര്യവും പരമാധികാരവും കൈവിട്ടുപോകും. നമ്മുടെ രാജ്യത്തിന്റെ തൊട്ടടുത്ത് തന്നെ ഉദാഹരണങ്ങളുണ്ട്. നമ്മുടെ സ്വാതന്ത്ര്യവും പരമാധികാരവും കാത്തുസൂക്ഷിക്കാമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം.

സ്പീക്കറുടെ പൊതുപരിപാടികൾ...

## വായനശാല വായനക്കാരനെ തേടിയെത്തും

ആലപ്പുഴ നഗരസഭയിൽ പുസ്തകങ്ങൾ വീട്ടുകളിൽ എത്തിച്ച് നൽകുന്ന വിജ്ഞാന നഗരം വായനശാല വാതിൽപ്പടിയിൽ പദ്ധതി നിയമസഭാ സ്പീക്കർ എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നഗരസഭ ആരംഭിച്ച ഈ ഓൺലൈൻ പുസ്തക വിതരണം കേരളത്തിൽ തന്നെ ആദ്യമാണ്. നഗരസഭ പുസ്തക വിതരണം പൂർണ്ണമായി ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറ്റി പുസ്തകങ്ങൾ വീട്ടുകളിൽ എത്തിച്ചു നൽകുന്നതാണ് പദ്ധതി. ഇതിന്റെ ഭാഗമായി നഗരസഭാ ലൈബ്രറിയിലെ 40,000 ത്തിൽ പരം പുസ്തകങ്ങളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിരുന്നു.



ലൈബ്രറികളുടെ പ്രവർത്തനം പൂർണമായും ഓൺലൈനായി മാറ്റി. വാർഡുതല വോളന്റിയർ ഇഷ്ട പുസ്തകം വീട്ടുകളിൽ, കടകളിൽ, ഓഫീസുകളിൽ എത്തിച്ചുനൽകും. വായനക്കാരന് അംഗത്വമെടുക്കുന്നതിനും, പുസ്തകങ്ങൾ എടുക്കാനും മൊബൈൽ ആപ്പ് വഴി സാധിക്കും. റീഡർ ലോഗിൻ, കൗൺസിലർ ലോഗിൻ, വോളന്റിയർ ലോഗിൻ എന്നിങ്ങനെ മൂന്ന് തലങ്ങളാണ് ഈ ആപ്പിനുള്ളത്.ഈ വിവരങ്ങൾ ലൈബ്രേറിയന് ലഭ്യമാവുകയും തുടർന്ന് വോളന്റിയർമാർ നാമമാത്രമായ ഫീസ് വാങ്ങി പുസ്തകമെത്തിക്കുകയും വായനയ്ക്ക് ശേഷം തിരികെ ലൈബ്രറിയിലെത്തിക്കുകയും ചെയ്യും. കിടപ്പു രോഗികൾക്ക് സൗജന്യമായി പുസ്തകമെത്തിക്കാനാണ് നഗരസഭ പദ്ധതിയിടുന്നതെന്ന് നഗരസഭാദ്ധ്യക്ഷ പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ഇന്ത്യ ഇന്നൊവേഷൻസ് ചലഞ്ച് ജേതാവ് ജോയ് സെബാസ്റ്റ്യനാണ് ഈ മൊബൈൽ ആപ്പ് സൗജന്യമായി രൂപകൽപന ചെയ്തത്.

പുസ്തകത്തിലൂടെ വിപ്ലവം എന്ന ലോക വായനാദിനത്തിന്റെ ആശയത്തെക്കൂടി മുൻനിർത്തി കേരളത്തിൽ തന്നെ ഈ പദ്ധതി ആദ്യമായി നടപ്പാക്കുന്നത് ആലപ്പുഴ നഗരസഭയാണ്. ആലപ്പുഴ നഗരസഭ അദ്ധ്യക്ഷ സൗമ്യരാജ് സ്വാഗതം ആശംസിച്ച ചടങ്ങിൽ അമ്പലപ്പുഴ എം.എൽ.എ. എച്ച്.സലാം അദ്ധ്യക്ഷനായിരുന്നു. മൊബൈൽ ആപ്പിന്റെ സ്വിച്ച് ഓൺ കർമ്മം ആലപ്പുഴ എം.എൽ.എ പി.പി ചിത്തരഞ്ജൻ നിർവ്വഹിച്ചു.

വിദ്യ കൊണ്ട് പ്രബുദ്ധരാകുവിൻ.. സംഘടിച്ച് ശക്തരാകുവിൻ.. എന്ന ഗുരുദേവവചനം ഉരുവിട്ടുകൊണ്ട്, കേരളത്തിലെ മുഴുവൻ തദ്ദേശസ്ഥാപനങ്ങൾക്കും മാതൃകയാക്കാവുന്ന ജനകീയമായ പരീക്ഷണമാണ് ആലപ്പുഴ നഗരസഭ നടപ്പിലാക്കുന്ന വായനശാല വാതിൽപ്പടിയിൽ പദ്ധതിയെന്നും, കൂടുതൽ കൂടുതൽ വായിക്കുമ്പോൾ നാം ഏറെ വിനയാന്വിതരാവും എന്ന സന്ദേശവും ഉദ്ഘാടന പ്രസംഗത്തിൽ സ്പീക്കർ നൽകി. തൃത്താലയിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായും സ്പീക്കർ പറഞ്ഞു. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് അലിയാർ മാക്കിയിൽ, നഗരസഭ വൈസ് ചെയർമാൻ, കൗൺസിലർമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

എസ്.എസ്.എൽ.സി പരീക്ഷയിൽ സമ്പൂർണ്ണ വിജയം കൈവരിച്ച പതിനഞ്ച് സ്കൂളുകളും വിജ്ഞാന നഗരം പദ്ധതിയുടെ ബ്രാന്റ് അംബാസഡർ ജോയ് സെബാസ്റ്റ്യനും നഗരസഭയുടെ ആദരം സ്പീക്കറിൽ നിന്നും ഏറ്റുവാങ്ങി. മൊബൈൽ ആപ്പ് രൂപകൽപന ചെയ്യുന്നതിൽ പരിശ്രമിച്ച അനന്തശ്യാം, എ.അജ്മൽ, ജെ. ബെനീറ്റ ക്രിസ്റ്റി, മീര സുരേന്ദ്രൻ എന്നിവർക്കും ഭരണഘടനാ ദിനത്തിൽ, നിർമ്മല ഭവനം നിർമ്മല നഗരം ശുചിത്വ മത്സരത്തിൽ വിവിധ സ്കൂളുകളിൽ നിന്ന് പങ്കെടുത്ത കുട്ടികൾക്കും നഗരസഭാദ്ധ്യക്ഷ സൗമ്യരാജ് ഉപഹാരങ്ങൾ വിതരണം ചെയ്തു.

## അൺപാർലമെന്ററി വാക്കുകളുടെ പട്ടിക പുതുക്കി ലോക്സഭാ സെക്രട്ടേറിയറ്റ്

അഴിമതി, ഏകാധിപതി തുടങ്ങിയ വാക്കുകൾ പാർലമെന്റിലും നിയമസഭകളിലും നടക്കുന്ന ചർച്ചകളിൽ ഒഴിവാക്കണമെന്ന് ലോക്സഭാ സെക്രട്ടേറിയറ്റ്. പാർലമെന്റിന്റെ മഴക്കാല സമ്മേളനം തുടങ്ങുന്നതിന് മുൻപ് അൺ പാർലമെന്ററി വാക്കുകളുടെ പട്ടികയും മാർഗ്ഗനിർദ്ദേശവുമാണ് പുറത്തിറക്കിയത്. സഭയിൽ മര്യാദ പാലിക്കുന്നതിനും, സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിനും വർഷങ്ങളായി സ്വീകരിക്കുന്ന നടപടിക്രമങ്ങളാണിതെന്ന് ലോക്സഭാ സ്പീക്കർ വിശദീകരിച്ചു.

പട്ടികയിൽ സ്ഥിരമായി ഉപയോഗിക്കുന്ന പ്രയോഗങ്ങളും, നാടകം, അപമാനം, കളങ്കം, പാറ്റ, കരിദിനം, അസത്യം, കോവിഡ് പരത്തുന്നയാൾ (കോവിഡ് സ്പ്രെഡർ), കഴുത, മുതലക്കണ്ണീർ തുടങ്ങിയ മുന്നൂറ് പുതിയ പദങ്ങളും ഇടം പിടിച്ചു. മുൻ പട്ടികയിലെ ആന്റി നാഷണൽ, ഡമ്മി, ഇഡിയറ്റ്, സ്ലേവ് തുടങ്ങിയ പദങ്ങൾ ഒഴിവാക്കി. അൺ പാർലമെന്ററി പദങ്ങൾ ഏതെങ്കിലും അംഗം പ്രയോഗിച്ചാൽ സഭാ രേഖകളിൽ നിന്ന് അത് നീക്കം ചെയ്യും. ഇത് പൂർണ്ണമായും സ്പീക്കറുടെ വിവേചനാധികാരമാണ്. അൺ പാർലമെന്ററി വാക്കുകൾ നീക്കം ചെയ്തതായി സഭയുടെ നോട്ടീസ് ബോർഡിലും മറ്റ് അറിയിപ്പ് മാർഗ്ഗങ്ങളിലും പ്രസിദ്ധീകരിക്കും. നീക്കിയ വാക്കുകൾ ഉപയോഗിക്കരുതെന്ന് മാധ്യമങ്ങൾക്കും നിർദ്ദേശമുണ്ട്.

നിയമനിർമ്മാണസഭകളിൽ നടക്കുന്ന ചർച്ചകളിലും സംവാദത്തിലും ഉചിതമല്ലാത്ത വാക്കുകൾ നീക്കുന്ന നടപടി 1954 മുതൽ നിലവിലുണ്ട്. ഒഴിവാക്കുന്ന വാക്കുകളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശം പുറത്തിറക്കുന്ന രീതിയും അന്നുതൊട്ടേയുണ്ട്. വാക്കുകൾ ഉപയോഗിക്കുന്ന സന്ദർഭങ്ങൾക്കനുസരിച്ചാണ് നടപടി സ്വീകരിക്കുന്നത്. ഇത്തരത്തിൽ നിരോധിച്ചിട്ടുള്ള വാക്കുകൾ അടങ്ങിയ കൈപുസ്തകം ലോക്സഭാ സെക്രട്ടേറിയറ്റ് പുറത്തിറക്കിയിട്ടുണ്ട്. ഇത്തവണ അത് ഇന്റർനെറ്റിലും പ്രസിദ്ധീകരിച്ചു.

പാർലമെന്റിൽ ഉപയോഗിക്കാൻ പാടില്ലാത്തതെന്ന് നിർദ്ദേശിക്കപ്പെട്ട വാക്കുകൾ സ്വമേധയാ സംസ്ഥാന നിയമസഭകൾക്ക് ബാധകമല്ല. നിയമസഭാ നടപടി ക്രമങ്ങൾ പാർലമെന്റ് മാതൃകയിലായതിനാൽ സഭ്യമല്ലാത്ത ഒരു വാക്കിനെക്കുറിച്ച് തീരുമാനമെടുക്കുമ്പോൾ പാർലമെന്റിലെ തീരുമാനം നിയമസഭാ സ്പീക്കർ പരിഗണിക്കാറുണ്ട്. സഭ്യമല്ലാത്ത വാക്കാണ് ഉപയോഗിച്ചതെന്നും സഭാ രേഖകളിൽ നിന്ന് അത് മാറ്റണമെന്നും മറ്റൊരംഗം ചൂണ്ടിക്കാട്ടുമ്പോഴാണ് സാധാരണയായി സ്പീക്കർ ഇതിലിടപെടുന്നത്. സ്പീക്കർക്ക് സ്വമേധയായും ഇടപെടാം. കേരള നിയമസഭയിലും സഭ്യമല്ലെന്ന് കണ്ട് സ്പീക്കർമാർ വാക്കുകൾ വിലക്കിയിട്ടുണ്ട്. ഈ വാക്കുകൾ ഓരോ കാലത്തും സഭയിൽ പരാമർശിക്കപ്പെടുകയും പരാതിയെത്തുടർന്ന് വിലക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രസർക്കാരിനെതിരെ പ്രയോഗിക്കുന്ന വാക്കുകളാണ് തെരഞ്ഞ് പിടിച്ച് ലോക്സഭാ സെക്രട്ടേറിയറ്റ് ഒഴിവാക്കിയിരിക്കുന്നതെന്ന് ആരോപിച്ച് പ്രതിപക്ഷ നേതാക്കൾ കടുത്ത വിമർശനമുയർത്തിയിട്ടുണ്ട്.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ.......

## ജീവനക്കാർക്കായി ഇൻകം ടാക്സ്, ജി.എസ്.ടി. പരിശീലന പരിപാടി സംഘടിപ്പിച്ചു

കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) ന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറി യറ്റിലെ അക്കൗണ്ട്സ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കായി 2022 ജൂൺ 21 ന് ഇൻകം ടാക്സ്, ജി.എസ്.ടി. എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിപാടിയിൽ കെ-ലാംപ്സ് ഡയറക്ടർ ജി.പി. ഉണ്ണികൃഷ്ണൻ സ്വാഗതം ആശംസിക്കുകയും പരിശീലനത്തിന്റെ ആദ്യ സെഷനിൽ തിരുവനന്തപുരം ആദായനികുതി വകുപ്പിലെ ഇൻകം ടാക്സ് ഓഫീസർ രാമസ്വാമി എസ്. ജീവനക്കാർക്ക് ആദായനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ക്ലാസ് എടുക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ആദായനികുതി വകുപ്പിലെ ഇൻസ്പെക്ടർമാരായ എൽ. പ്രീത, ശ്യാമ ജേക്കബ്, സീനിയർ ടാക്സ് അസിസ്റ്റന്റ് സജിൻ എന്നിവരും പരിശീലന പരിപാടിയിൽ പങ്കെടുത്തു. രണ്ടാമത്തെ സെഷനിൽ ജി.എസ്.ടി. വകുപ്പിലെ സ്റ്റേറ്റ് ടാക്സ് ഓഫീസർ അജിൽ കുമാർ എസ്. വി., നിയമസഭാ സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട് വരുന്ന ജി.എസ്.ടി. ഫയലിംഗ് സംബന്ധിച്ച നടപടിക്രമങ്ങൾ വിവരിച്ചു. പരിശീലന പരിപാടിയിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ അക്കൗണ്ട്സ് എ, ബി, സി, ഡി, ഇ, എഫ്, കെ-ലാംപ്സ് (അക്കൗണ്ട്സ്), മെമ്പേഴ്സ് അമിനിറ്റീസ് 'സി', 'എഫ് ' എന്നീ വിഭാഗങ്ങളിൽ നിന്ന് മുപ്പത് ജീവനക്കാർ പങ്കെടുത്തു.

## സാമാജികരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് പരിശീലന പരിപാടി



മന്ത്രിമാരുടെയും എം.എൽ.എമാരുടെയും പേഴ്സണൽ സ്റ്റാഫംഗങ്ങൾക്കായി കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) ന്റെ ആഭിമുഖ്യത്തിൽ 2022 ജൂൺ 23 ന് 'നിയമസഭയിലെ ധനപരമായ കാര്യങ്ങളിലെ നടപടിക്രമങ്ങൾ' എന്ന വിഷയം സംബന്ധിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു. കെ - ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് പരിശീലകരെ പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ നിയമസഭയിലെ ധനപരമായ കാര്യങ്ങളിലെ നടപടിക്രമങ്ങൾ സംബന്ധിച്ച പൊതുവായ കാര്യങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തി. പരിശീലന പരിപാടി നയിച്ച കെ-ലാംപ്സ് (പി.എസ്) ഡയറക്ടർ, ജി.പി. ഉണ്ണികൃഷ്ണൻ നിയമസഭയിൽ ധനകാര്യമന്ത്രി ബജറ്റ് അവതരിപ്പിക്കുന്നത് മുതൽ ധനവിനിയോഗ ബില്ലും ധനകാര്യ ബില്ലും പാസാക്കുന്നത് വരെയുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. നൂറ്റി ഇരുപത്തിമൂന്ന് പേഴ്സണൽ സ്റ്റാഫംഗങ്ങളും നിയമസഭാ ലൈബ്രറിയിൽ നിന്നുള്ള ഒൻപത് ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തു.

## സർട്ടിഫിക്കറ്റ് കോഴ്സ് എട്ടാമത് ബാച്ചിന്റെ രണ്ടാംഘട്ട സമ്പർക്ക ക്ലാസ്സുകൾ



കെ-ലാംപ്സ്(പി.എസ്.) നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് എട്ടാമത് ബാച്ചിന്റെ തിരുവനന്തപുരം സെന്ററിലെ രണ്ടാംഘട്ട സമ്പർക്ക ക്ലാസുകൾ 2022 ജൂൺ 25,26 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിലും കോഴിക്കോട് സെന്ററിലെ സമ്പർക്ക ക്ലാസുകൾ 2022 ജൂലൈ 2,3 തീയതികളിൽ നടക്കാവ് ജി.വി.എച്ച്.എസ്.എസ്. ഫോർ ഗേൾസിലും എറണാകുളം സെന്ററിലെ സമ്പർക്ക ക്ലാസുകൾ 2022 ജൂലൈ 16,17 തീയതികളിൽ പത്തടിപ്പാലം, പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിലെ മിനി കോൺഫറൻസ് ഹാളിലും നടന്നു. ബി.റെജി (അഡീഷണൽ സെക്രട്ടറി), ജി.പി.ഉണ്ണികൃഷ്ണൻ (ഡയറക്ടർ, കെ-ലാംപ്സ് (പി.എസ്.), വി.ജി.റിജു (ജോയിന്റ് സെക്രട്ടറി), ആർ.കിഷോർ കുമാർ (മുൻ സ്പെഷ്യൽ സെക്രട്ടറി), എസ്.അനിൽ (ജോയിന്റ് സെക്രട്ടറി/ഗതാഗത വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി) എന്നിവർ ക്ലാസുകളിൽ റിസോഴ്സ് അധ്യാപകരായി. തിരുവനന്തപുരം സെന്ററിലെ സമ്പർക്ക ക്ലാസുകളിൽ 84 പഠിതാക്കളും കോഴിക്കോട് സെന്ററിലെ സമ്പർക്ക ക്ലാസുകളിൽ 13 പഠിതാക്കളും പങ്കെടുത്തു. എട്ടാമത് ബാച്ചിന്റെ പഠിതാവായ എൻ.കെ.അക്ബർ എം.എൽ.എ. തിരുവനന്തപുരം, കോഴിക്കോട് സെന്ററുകളിലെ ക്ലാസുകളിൽ പങ്കെടുത്തു.

## സാമാജികർക്കായി പ്രഭാഷണ പരിപാടിയും 2021 ലെ നിയമസഭാ മാധ്യമ അവാർഡ് വിതരണവും

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) വിഭാഗവും യൂണിസെഫും സംയുക്തമായി കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് നിയമസഭാ സാമാജികർക്കായി ഒരു പ്രഭാഷണം 2022 ജൂലൈ 13 ന് സഭാ സമ്മേളനത്തിന് ശേഷം നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചു. നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് കവിത ഉണ്ണിത്താൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിക്കുകയും നിയമസഭാ സ്പീക്കർ എം. ബി. രാജേഷ് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹി




ക്കുകയും ചെയ്തു. യൂണിസെഫ് ചെന്നൈ സോഷ്യൽ പോളിസി ചീഫ് കെ. എൽ. റാവു ആശംസയർപ്പിച്ച് സംസാരിച്ചു. മന്ത്രിമാരും നിയമസഭാംഗങ്ങളും യൂണിസെഫ് ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തു.

പൂനെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റീരിയോളജിയിലെ കാലാവസ്ഥാ ശാസ്ത്രജ്ഞൻ ഡോ. റോക്സി മാത്യൂ കോൾ 'കാലാവസ്ഥാ വ്യതിയാനം കേരളത്തിൽ നമുക്ക് പ്രതീക്ഷിക്കാവുന്നതെന്തൊക്കെ?' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. പ്രഭാഷണാനന്തരം വിഷയത്തെ സംബന്ധിച്ച് അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് അദ്ദേഹം മറുപടി നൽകി. യൂണിസെഫ് ചീഫ് ഫോർ കമ്മ്യൂണിക്കേഷൻ, അഡ്വക്കസി & പാർട്ണർഷിപ്പ്, ന്യൂ ഡൽഹി, സാഫറിൻ ചൗധരി പരിപാടിയുടെ മോഡറേറ്ററായിരുന്നു.



തുടർന്ന് നിയമസഭാ സ്പീക്കറും, ഡെപ്യൂട്ടി സ്പീക്കറും ചേർന്ന് 2021 ലെ നിയമസഭാ മാധ്യമ അവാർഡ് ജേതാക്കൾക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്തു. ആർ.ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡിന്റെ അച്ചടി ദൃശ്യ മാധ്യമ വിഭാഗങ്ങളിലെ പുരസ്കാരങ്ങൾ യഥാക്രമം ദിനേശ് വർമ്മ, അനൂപ് സി. എന്നിവർക്കും ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിന്റെ അച്ചടി ദൃശ്യ മാധ്യമ വിഭാഗങ്ങളിലെ പുരസ്കാരങ്ങൾ യഥാക്രമം വി.പി.നിസാർ, കെ.രാജേന്ദ്രൻ എന്നിവർക്കും ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡിന്റെ അച്ചടി മാധ്യമ വിഭാഗത്തിലെ പുരസ്കാരം എം. ബി. സന്തോഷിനുമാണ് സമ്മാനിച്ചത്.

അവാർഡ് ജൂറി അംഗമായിരുന്ന മുൻ നിയമസഭാ സെക്രട്ടറി എസ്. വി. ഉണ്ണികൃഷ്ണൻ നായർ ചടങ്ങിൽ പങ്കെടുത്തു. അവാർഡ് ജേതാക്കൾക്ക് ശിൽപവും 50,000 രൂപ ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിച്ചു. കെ-ലാംപ്സ് (പി.എസ്) ഡയറക്ടർ ജി. പി. ഉണ്ണികൃഷ്ണൻ ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി.

## നിയമസഭാ സാമാജികർക്കായി ഓഡിയോ-വീഡിയോ-ഫോട്ടോ-പുസ്തക പ്രദർശനം

ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി നിയമസഭാ മ്യൂസിയം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തേയും, കേരള സംസ്ഥാന രൂപീകരണത്തെയും തുടർന്നുള്ള പ്രധാന സംഭവങ്ങളേയും സംബന്ധിച്ച ഓഡിയോ-വീഡിയോ-ഫോട്ടോ-പുസ്തക പ്രദർശനം നിയമസഭാ സാമാജികർക്കായി 2022 ജൂലൈ 20,21 തീയതികളിൽ നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിച്ചു. പ്രദർശനത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. നിയമസഭാ മ്യൂസിയം വിഭാഗം തയ്യാറാക്കിയ 'സ്വാതന്ത്ര്യായനം' , 'വീരകേരളഗാഥ' ഫിലിംസ് ഡിവിഷൻ ന്യൂസ് ട്രാക്ക് 'പിൽഗ്രിമേജ് ടു ഫ്രീഡം' തുടങ്ങിയ ഡോക്യുമെന്ററികൾ പരിപാടിയോടനുബന്ധിച്ച് പ്രദർശിപ്പിച്ചു.

## ഫിഷറീസ്, സാംസ്കാരികം, യുവജനകാര്യ വകുപ്പുകൾ മൂന്ന് മന്ത്രിമാർക്കായി വിഭജിച്ച് നൽകി

സജി ചെറിയാൻ രാജി വച്ചതിനെ തുടർന്ന് അദ്ദേഹം കൈകാര്യം ചെയ്തിരുന്ന വകുപ്പുകൾ മൂന്ന് മന്ത്രിമാർക്കായി വിഭജിച്ച് നൽകി. ഫിഷറീസ്, ഹാർബർ എൻജിനീയറിങ്, ഫിഷറീസ് സർവ്വകലാശാല എന്നിവയുടെ ചുമതല കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം, പോസ്റ്റ് ആൻഡ് ടെലിഗ്രാം വകുപ്പുകളുടെ ചുമതലയുള്ള മന്ത്രി വി. അബ്ദുറഹിമാനും, സാംസ്കാരികം, ചലച്ചിത്ര വികസന കോർപ്പറേഷൻ, സംസ്ഥാന ചലച്ചിത്ര അക്കാദമി, സാംസ്കാരിക ക്ഷേമനിധി ബോർഡ് എന്നിവയുടെ ചുമതല സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവനും യുവജനകാര്യ വകുപ്പിന്റെ ചുമതല പൊതുമരാമത്ത് - ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസിനുമാണ് നൽകിയത്.

സഭാ നായകരുടെ ജീവിത രേഖയിലൂടെ.......

# കെ.എം. സീതി സാഹിബ് : കാലം മറയ്ക്കാത്ത വ്യക്തിത്വം

സ്വാതന്ത്ര്യ സമര സേനാനി, കേരള നിയമസഭാ സ്പീക്കർ, മികച്ച ഭരണതന്ത്രജ്ഞൻ, പ്രമുഖ അഭിഭാഷകൻ എന്നീ നിലകളിലെല്ലാം മികവുറ്റ വ്യക്തിത്വത്തിന് ഉടമയായിരുന്ന കെ.എം. സീതി സാഹിബ് കൊടുങ്ങല്ലൂരിലെ ഹാജി സീതി മുഹമ്മദിന്റെയും, എം.കെ. ഫാത്തിമാ ബീവിയുടെയും മകനായി 1899 ൽ ജനിച്ചു.കൊടുങ്ങല്ലൂർ ഹൈസ്കൂളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം എറണാകുളം മഹാരാജാസിൽ നിന്ന് ഇന്റർമീഡിയറ്റും തുടർന്ന് ബി.എ.യും ബി.എല്ലും പാസ്സായി. 1927 ൽ മദ്രാസ് ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്തു. പിന്നീട് എറണാകുളം, തലശ്ശേരി കോടതികളിൽ പ്രാക്ടീസ് ആരംഭിച്ചു. വിദ്യാർത്ഥിയായിരിക്കെ തന്നെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച സീതി സാഹിബ് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തുകൊണ്ടാണ് സജീവ രാഷ്ട്രീയത്തിലേക്ക് പ്രവേശിക്കുന്നത്. 1921 ൽ നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും 1929 ൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനത്തിൽ കൊച്ചി സംസ്ഥാനത്തെ പ്രതിനിധീകരിക്കുകയും ചെയ്തു. 1928 ലും 1931 ലും കൊച്ചി നിയമസഭയിലേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. 1933 ൽ കോൺഗ്രസ്സിൽ നിന്ന് അകന്ന് പുതിയൊരു രാഷ്ട്രീയാഭിപ്രായത്തിന്റെ വക്താവായിത്തീർന്നു. 1937 ൽ മുസ്ലീം ലീഗിന്റെ സജീവ പ്രവർത്തകനായി. 1946 ൽ മുസ്ലീം സംവരണ മണ്ഡലത്തിൽ നിന്നും 1952 ൽ പൊതു മണ്ഡലത്തിൽ നിന്നും മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

1928 ൽ കൊച്ചി നിയമസഭാംഗമായ സീതി സാഹിബ് ജനോപകാരപ്രദമായ നിരവധി ആശയങ്ങൾ സഭയുടെ മുൻപാകെ കൊണ്ടു വന്നു. 1928 ആഗസ്റ്റ് 1 ന് കൂടിയ ബജറ്റ് സമ്മേളനത്തിലെ പ്രസംഗത്തിൽ മിച്ച ബജറ്റ് ജനങ്ങളുടെ ക്ഷേമത്തിന് ഉതകുന്നതല്ലെന്നും നികുതിദായകരുടെ ആവശ്യങ്ങളിൽ കുറവ് വരുത്തിയും വളർച്ചയെ മുരടിപ്പിച്ചും ഉണ്ടാക്കുന്ന മിച്ച ബജറ്റ് ഒരിക്കലും തൃപ്തികരമല്ലെന്നും അദ്ദേഹം തുറന്നടിച്ചു. കാർഷിക മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണമെന്നാവശ്യപ്പെട്ട അദ്ദേഹം വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി. മുസ്ലീം വിദ്യാർത്ഥിനികൾക്ക് സ്റ്റൈപ്പന്റ് നൽകണമെന്നും മുസ്ലീം സമുദായത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണമെന്നും, അറബിയും, ഖുറാനും പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നും, ഉദ്യോഗങ്ങളിൽ സമുദായ പ്രാതിനിധ്യം കൊണ്ടു വരണമെന്നും, സ്കൂളുകളിൽ മാതൃഭാഷയോടൊപ്പം ഹിന്ദി ഭാഷാ പഠനം നിർബന്ധമാക്കണമെന്നും തുടങ്ങി നിരവധി വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരാൻ അദ്ദേഹം ശ്രമിച്ചു. ഖജനാവിൽ നിന്ന് പണം ചെലവഴിച്ച് നിർമ്മിക്കുന്ന



കിണറുകളും, ജലസംഭരണികളും പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയണം, അതുപോലെ സർക്കാർ ഉടമസ്ഥതയിലുള്ള ഹോസ്റ്റലുകളും, വഴികളും ജാതി മത വർണ്ണ വ്യത്യാസങ്ങൾക്കതീതമായി എല്ലാവർക്കും തുറന്നു കൊടുക്കണം, പൂർണ്ണ മദ്യ നിരോധനത്തിനായി നിയമനിർമ്മാണം കൊണ്ട് വരണം തുടങ്ങി പൊതുജന സംബന്ധിയായ പ്രശ്നങ്ങൾ അധികാര വർഗ്ഗത്തിന്റെ മുന്നിൽ സീതി സാഹിബ് എത്തിച്ചു. പ്രാഥമിക വിദ്യാഭ്യാസം, സന്മാർഗ്ഗ പഠനം, മത ധാർമ്മിക പഠനം, ഒദ്യോഗിക ഭാഷ മലയാളമാക്കുന്നത് തുടങ്ങിയ വിഷയങ്ങളും അദ്ദേഹം സഭാതലത്തിൽ ചർച്ചാ വിഷയമാക്കി.

1930 കളിൽ സീതി സാഹിബ് തന്റെ പ്രവർത്തനമണ്ഡലം കൊച്ചിയിൽ നിന്ന് തലശ്ശേരിയിലേയ്ക്ക് മാറ്റി. തലശ്ശേരിയിലെ മുസ്ലീങ്ങൾക്ക് നവോത്ഥാന ആശയങ്ങളോടുള്ള ആഭിമുഖ്യവും അവർ സീതിയിൽ അർപ്പിച്ച വിശ്വാസവുമാണ് അവിടേക്ക് പ്രവൃത്തിമണ്ഡലം മാറ്റാൻ സീതി സാഹിബിനെ പ്രേരിപ്പിച്ചത്. തന്റെ അനുഭവങ്ങളുടെയും, നിരീക്ഷണങ്ങളുടെയും വെളിച്ചത്തിൽ അദ്ദേഹം സമുദായത്തിന്റെ ഐക്യത്തിനും, അഖണ്ഡതയ്ക്കും, പുരോഗതിക്കും വേണ്ടി പ്രവർത്തിച്ചു. 1946 ലും 1952 ലും മലപ്പുറം മണ്ഡലത്തിൽ നിന്നും മദിരാശി നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട സീതി സാഹിബ് അവിടെ നിയമനിർമ്മാണ രംഗത്തും, ചോദ്യോത്തര വേളയിലും, ബജറ്റ് ചർച്ചയിലുമെല്ലാം വിഷയങ്ങൾ അവതരിപ്പിക്കുകയും, ചർച്ചകളിൽ പങ്കെടുത്ത് സംസാരിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം അവതരിപ്പിച്ച മുസ്ലീം ശരീയത്ത് ആക്ട് ഭേദഗതി ശക്തമായ വാദപ്രതിവാദങ്ങൾക്ക് ശേഷം മദ്രാസ് നിയമസഭ അംഗീകരിക്കുകയുണ്ടായി. നിയമ നിർമ്മാണ കാര്യങ്ങളിൽ കാണിച്ച ശ്രദ്ധയും താത്പര്യവും കണക്കിലെടുത്ത് മദ്രാസ് നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയിലേക്ക് അദ്ദേഹത്തെ നോമിനേറ്റ് ചെയ്യുമായിരുന്നു.

1960 ൽ കുറ്റിപ്പുറം നിയോജകമണ്ഡലത്തിൽ നിന്നാണ് സീതി സാഹിബ് ആദ്യമായി കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 1960 മാർച്ച് 12 ന് കേരള നിയമസഭയുടെ രണ്ടാമത്തെ സ്പീക്കറായി അദ്ദേഹത്തെ തെരഞ്ഞെടുത്തു. നാല് സെഷനുകളിലായി 120 ദിവസം അദ്ദേഹം ആ സ്ഥാനത്ത് തുടർന്നു. ആകർഷകമായ വ്യക്തിത്വവും നേതൃത്വപാടവവുമാണ് ആദ്യ തവണ തന്നെ ഉന്നതമായ സ്പീക്കർ പദവിക്ക് സീതിയെ അർഹനാക്കിയത്.

സ്പീക്കറെന്ന നിലയിലെ അദ്ദേഹത്തിന്റെ പ്രാഗത്ഭ്യവും അറിവും സമചിത്തതയും എല്ലാവരും അംഗീകരിച്ചിരുന്നതായി അന്നത്തെ സഭാ രേഖകൾ വ്യക്തമാക്കുന്നു. സഭാ തലത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ ശക്തമായ വാഗ്സമരങ്ങൾ നടക്കുന്ന സന്ദർഭങ്ങളിൽ പതിഞ്ഞതെങ്കിലും ദൃഢവും വ്യക്തവും നിഷ്പക്ഷവുമായ ശബ്ദത്താൽ അദ്ദേഹം സഭയെ നിയന്ത്രിച്ചിരുന്നു. നിയമസഭയിൽ തികച്ചും കക്ഷിരഹിതനായ ഒരു സ്പീക്കറെയാണ് സീതി സാഹിബിലൂടെ കാണാൻ കഴിഞ്ഞത്. പ്രശ്നങ്ങളുടെ മാനുഷിക വശങ്ങളും തീവ്രതയും കണക്കിലെടുത്ത് സൗഹാർദ്ദപരമായി നിയമസഭാ നടപടിക്രമങ്ങളുടെ പരിധിയ്ക്കുള്ളിൽ നിന്ന് കൊണ്ട് ഭരണ പ്രതിപക്ഷ ഭേദമന്യേ എല്ലാവർക്കും തുല്യ അവസരം നൽകി സഭാ നടപടികൾ അദ്ദേഹം നിയന്ത്രിച്ചു. തികച്ചും അക്ഷോഭ്യനായി സഭാ നടപടികളെ നിയന്ത്രിച്ചിരുന്ന പക്വമതിയായ സഭാദ്ധ്യക്ഷന്മാരെപ്പറ്റി പരിചിന്തനം ചെയ്യുമ്പോൾ സീതി സാഹിബ് അനിവാര്യമായും അനുസ്മരിക്കപ്പെടും. മുസ്ലീം സമുദായത്തിന്റെ ഇന്ന് കാണുന്ന എല്ലാ വിദ്യാഭ്യാസ പുരോഗതിക്കും രാഷ്ട്രീയ പ്രബുദ്ധതയ്ക്കും, സാമൂഹിക, ബൗദ്ധിക പശ്ചാത്തലമൊരുക്കിയതുകൊണ്ടാണ് സീതി സാഹിബിനെ ദക്ഷിണേന്ത്യയിലെ 'സർ സയ്യിദ്' എന്ന് നവോത്ഥാന നായകർ വിശേഷിപ്പിക്കുന്നത്.

ഹൃദ്യമായ പെരുമാറ്റം, അസാമാന്യ ക്ഷമാശീലം, വ്യക്തികളെ കുറിച്ചും വസ്തുതകളെക്കുറിച്ചുമുള്ള അവഗാഹം, പൊതു പ്രശ്നങ്ങളെ വിശാല വീക്ഷണത്തോടെ സമീപിക്കാനുള്ള കഴിവ് എന്നിവയെല്ലാം സീതി സാഹിബ് എന്ന നേതാവിനെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചു. ഒരു ഭരണതന്ത്രജ്ഞനെന്നതിലുപരി അനുഗ്രഹീതനായ പ്രാസംഗികൻ, എഴുത്തുകാരൻ, സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രയത്നിച്ച സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിലും അദ്ദേഹം ശോഭിച്ചു. ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ അദ്ദേഹം 'ചന്ദ്രിക'യുടെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു. കടുത്ത ഹൃദ്രോഗിയായിരുന്ന അദ്ദേഹം ഔദ്യോഗിക പദവിയിലിരിക്കെ 1961 ഏപ്രിൽ 17 ന് അന്തരിച്ചു. 1961 ജൂൺ 8 ന് നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.

ഇതരസഭാ വാർത്തകൾ........

## മഹാരാഷ്ട്രയിൽ പുതിയ സർക്കാർ

മഹാരാഷ്ട്രയുടെ ഇരുപതാമത് മുഖ്യമന്ത്രിയായി വിമത ശിവസേനാ നേതാവ് ഏക്നാഥ് ഷിൻഡെയും ഉപമുഖ്യമന്ത്രിയായി ബി.ജെ.പി. നേതാവ് ദേവേന്ദ്ര ഫഡ്നവിസും അധികാരമേറ്റു. രണ്ടരവർഷം നീണ്ടു നിന്ന ഉദ്ധവ് താക്കറെയുടെ നേതൃത്വത്തിലുള്ള മഹാവികാസ് അഘാഡി സഖ്യ സർക്കാരിന്റെ രാജിയെ തുടർന്നാണ് പുതിയ സർക്കാർ അധികാരമേറ്റത്. തുടർന്ന് 288 അംഗ സഭയിൽ 107 നെതിരെ 164 വോട്ട് നേടി ഭരണപക്ഷ സ്ഥാനാർത്ഥി രാഹുൽ നർവേക്കർ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. കൊളാബ മണ്ഡലത്തിൽ നിന്നാണ് രാഹുൽ നർവേക്കർ നിയമസഭയിലെത്തുന്നത്.


ഏക്നാഥ് ഷിൻഡെ


ദേവേന്ദ്ര ഫഡ്നവിസ്


രാഹുൽ നർവേക്കർ

## ബംഗാളിൽ ഇനി മുഖ്യമന്ത്രി ചാൻസലർ

പശ്ചിമ ബംഗാൾ സർക്കാരിനു കീഴിലുള്ള എല്ലാ സർവ്വകലാശാലകളുടെയും ചാൻസലർ സ്ഥാനത്തു നിന്നും ഗവർണ്ണറെ മാറ്റി മുഖ്യമന്ത്രിയെ അധികാരപ്പെടുത്തി കൊണ്ടുള്ള ബിൽ സംസ്ഥാന നിയമസഭ പാസാക്കി. വിദ്യാഭ്യാസ മന്ത്രി ബ്രത്യ ബസുവാണ് പശ്ചിമ ബംഗാൾ സർവ്വകലാശാല നിയമ (ഭേദഗതി) ബിൽ 2022 സഭയിൽ അവതരിപ്പിച്ചത്. 294 അംഗ നിയമസഭയിൽ 182 അംഗങ്ങൾ ബില്ലിനെ അനുകൂലിച്ചും 40 പേർ എതിർത്തും വോട്ട് ചെയ്തു. മുഖ്യമന്ത്രിയെ ചാൻസലറാക്കുന്നത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിൽ നേരിട്ടുള്ള രാഷ്ട്രീയ ഇടപെടലിന് ഇടയാക്കുമെന്ന് ബില്ലിനെ എതിർത്ത അംഗങ്ങൾ ആരോപിച്ചു.


ബ്രത്യ ബസു

## പയ്യോളി എക്സ്പ്രസ് ഇനി രാജ്യസഭയിൽ

മലയാളത്തിന്റെ അഭിമാനം പി.ടി. ഉഷയെ രാജ്യസഭയിലേക്ക് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്തു. കായികതാരമായും പിന്നീട് പരിശീലകയായും ജീവിതത്തിലെ വലിയൊരു ഭാഗം ട്രാക്കിൽ ചെലവിട്ട പി.ടി.ഉഷയ്ക്ക് ലഭിക്കുന്ന ആദരമാണ് രാജ്യസഭാംഗത്വം. 1984 ലെ ലോസ് ആഞ്ചൽസ് ഒളിംപിക്സിൽ 400 മീറ്റർ ഹഡിൽസിൽ നേരിയ വ്യത്യാസത്തിൽ പി.ടി. ഉഷയ്ക്ക് വെങ്കല മെഡൽ നഷ്ടമായത് ഇന്ത്യൻ അത്‌ലറ്റിക് ചരിത്രത്തിലെ കണ്ണീർ ഓർമ്മയാണ്. ഇന്ത്യൻ കായികലോകം, പ്രത്യേകിച്ച് അത്‌ലറ്റിക്സ് പരാധീനതകളിലും പരിമിതികളിലും ഇഴയുന്ന കാലത്താണ് ഉഷ ഈ നേട്ടം കൈവരിച്ചത്. ഇന്ത്യയ്ക്കകത്തും പുറത്തും അത്‌ലറ്റിക്സിൽ നിരവധി മെഡലുകൾ വാരിക്കൂട്ടിയ ഉഷ 2000 ലാണ് ഔദ്യോഗികമായി വിരമിക്കൽ പ്രഖ്യാപിച്ചത്. വളർന്നു വരുന്ന കായിക താരങ്ങളെ പരിശീലിപ്പിക്കുന്നതിനായി ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് എന്ന സ്ഥാപനം നടത്തുകയാണ് അവർ. രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന പ്രഥമ മലയാളി വനിതയും എട്ടാമത്തെ മലയാളിയുമാണ് പി.ടി. ഉഷ. സർദാർ കെ.എം. പണിക്കർ, ജി. രാമചന്ദ്രൻ, ജി. ശങ്കരക്കുറുപ്പ്, അബു എബ്രഹാം, ഡോ.കെ. കസ്തൂരി രംഗൻ, ഡോ.എം. എസ്.സ്വാമിനാഥൻ, സുരേഷ് ഗോപി എന്നിവരാണ് അതിന് മുൻപ് രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട മലയാളികൾ.

പി.ടി. ഉഷയെ കൂടാതെ സംഗീതജ്ഞൻ ഇളയരാജ, കർണാടകയിലെ ധർമസ്ഥല ക്ഷേത്ര അധികാരിയും സാമൂഹിക പ്രവർത്തകനുമായ ഡോ.സി. വീരേന്ദ്ര ഹെഗ്ഡെ, തെലുങ്ക് തിരക്കഥാകൃത്തും സംവിധായകനുമായ വി. വിജയേന്ദ്ര പ്രസാദ് എന്നിവരെയും ഇത്തവണ രാഷ്ട്രപതി രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്തു. 2022 ജൂലൈ 20 ന് രാജ്യസഭാംഗമായി പി.ടി. ഉഷ സത്യപ്രതിജ്ഞ ചെയ്തു.



## അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി കാസർഗോഡ് നടത്തിയ തെളിവെടുപ്പ്



ഭക്ഷ്യപദാർത്ഥങ്ങളിലെ മായം ചേർക്കലും കാർഷിക വിളകളിലെ രാസവള കീടനാശിനി സാന്നിധ്യവും സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി 2022 ജൂൺ 9 ന് കാസർഗോഡ് ജില്ലാ കളക്ടറ്റിൽ ഭക്ഷ്യസുരക്ഷാ വിഭാഗം, ആരോഗ്യ കുടുംബക്ഷേമം, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി. 'ആരോഗ്യദായകവും ഗുണനിലവാരമുള്ളതും സുരക്ഷിതവുമായ ഭക്ഷണം ഏവർക്കും എല്ലായ്പ്പോഴും' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നിലവിലെ പോരായ്മകൾ പരിഹരിക്കുകയാണ് സന്ദർശനോദ്ദേശ്യമെന്ന് സമിതി ചെയർമാൻ അറിയിച്ചു. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ഭക്ഷ്യവിതരണ സ്ഥാപനങ്ങളുടെ ലൈസൻസിംഗ്, സ്ക്വാഡ് പരിശോധനകളുടെ എണ്ണവും കാര്യക്ഷമതയും, അതിഥി തൊഴിലാളികൾക്കുള്ള ഹെൽത്ത് കാർഡും ബോധവൽക്കരണ ക്ലാസ്സുകളും, ഭക്ഷ്യ എണ്ണയുടെ പുനരുപയോഗം തടയൽ, പാൽ, മത്സ്യം, മാംസം എന്നിവയിലെ മായം ചേർക്കൽ, പഴം, പച്ചക്കറി സാമ്പിളുകളിലെ അവശിഷ്ടവിഷാംശ പരിശോധന എന്നീ വിഷയങ്ങളിൽ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ഭക്ഷണം തയ്യാറാക്കുന്നത് മുതൽ വിതരണം വരെയും വകുപ്പുകൾക്ക് ഇടപെടാൻ കഴിയണമെന്നും ഭക്ഷണത്തിനു പകരം രോഗവും മരണവും വിളമ്പുന്നവർക്ക് പരമാവധി ശിക്ഷ നൽകണമെന്നും സമിതി ചെയർമാൻ പ്രമോദ് നാരായൺ അഭിപ്രായപ്പെട്ടു. സമിതി അംഗങ്ങളായ സി.എച്ച്. കുഞ്ഞമ്പു, കെ. പ്രേംകുമാർ, കുറുക്കോളി മൊയ്തീൻ, സമിതി വിഭാഗം ഡെപ്യൂട്ടി സെക്രട്ടറി ആർ. ഷാജി, എ.ഡി.എം. എ.കെ. രമേന്ദ്രൻ, ഭക്ഷ്യ സുരക്ഷ അസിസ്റ്റന്റ് കമ്മീഷണർ ജോൺ വിജയകുമാർ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ തെളിവെടുപ്പ് യോഗത്തിൽ പങ്കെടുത്തു.

തെളിവെടുപ്പ് യോഗത്തിന് ശേഷം ചെർക്കള ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ സന്ദർശിച്ച് വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ സംവിധാനവും ഗുണനിലവാരവും പരിശോധിച്ച സമിതി തുടർന്ന്, ഷവർമ്മ കഴിച്ച് ഭക്ഷ്യവിഷബാധയേറ്റ് മരണപ്പെട്ട ചെറുവത്തൂരിലെ പ്ലസ് വൺ വിദ്യാർത്ഥിനി ഇ.വി. ദേവനന്ദയുടെ വീട് സന്ദർശിച്ചു. സ്ഥലം എം.എൽ.എമാരായ എം. രാജഗോപാലൻ, എൻ.എ. നെല്ലിക്കുന്ന്, തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ എന്നിവരും സന്ദർശനത്തിന്റെ ഭാഗമായി.

## വേർപാട്

### ടി. ശിവദാസ മേനോൻ, മുൻ മന്ത്രി



മുൻ മന്ത്രിയും മുതിർന്ന സി.പി.ഐ. (എം) നേതാവുമായ ടി.ശിവദാസ മേനോൻ (90) 2022 ജൂൺ 28 ന് അന്തരിച്ചു. അദ്ധ്യാപക സംഘടനാ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിലെത്തിയ അദ്ദേഹം എട്ട്, ഒൻപത്, പത്ത് കേരള നിയമസഭകളിൽ മലമ്പുഴ മണ്ഡലത്തെ പ്രതിനിധാനം ചെയ്തു. എട്ടാം കേരള നിയമസഭയിൽ വൈദ്യുതിയും ഗ്രാമ വികസനവും വകുപ്പ് മന്ത്രിയായും പത്താം കേരള നിയമസഭയിൽ ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രിയായും പ്രവർത്തിച്ചു. ധനമന്ത്രിയായിരിക്കെ കിഫ്ബിക്ക് തുടക്കം കുറിച്ചത് അദ്ദേഹമാണ്. 1993 മുതൽ 1996 വരെ കേരള നിയമസഭ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനായിരുന്നു. സി.പി.ഐ (എം) പാലക്കാട് ജില്ലാ സെക്രട്ടറിയായിരിക്കെയാണ് ആദ്യമായി നിയമസഭയിലെത്തുന്നത്. സി.പി.ഐ. (എം) സംസ്ഥാന കമ്മിറ്റി അംഗം, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം കേരള സംസ്ഥാന വിദ്യാഭ്യാസ ഉപദേശക ബോർഡ്, ഫാക്കൽറ്റി ഓഫ് എഡ്യുക്കേഷൻ, കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റ് എന്നിവയിലും അംഗമായിരുന്നു.

ഭാര്യ പരേതയായ ഭവാനി അമ്മ,

### പി.രാഘവൻ, മുൻ അംഗം



മുതിർന്ന സി.പി.ഐ. (എം) നേതാവും ഉദുമ മുൻ എം.എൽ.എ.യും ആയ പി.രാഘവൻ (77) 2022 ജൂലൈ 5 ന് അന്തരിച്ചു. 9 ാം കേരള നിയമസഭയിലും, 10ാം കേരള നിയമസഭയിലും ഉദുമ മണ്ഡലത്തെ പ്രതിനിധീകരിച്ചു. സി.പി.ഐ.(എം) കാസർഗോഡ് ജില്ലാ സെക്രട്ടേറിയറ്റ്, സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റി എന്നിവയിൽ അംഗം, സി.ഐ.റ്റി.യു കേന്ദ്ര പ്രവർത്തക സമിതി അംഗം, സംസ്ഥാന കമ്മിറ്റി സെക്രട്ടറി, സംസ്ഥാന സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ്, എൽ.ഡി.എഫ്., കാസർഗോഡ് ജില്ലാ കമ്മിറ്റി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. മുന്നാട് പീപ്പിൾസ് കോ-ഓപ്പറേറ്റീവ് ആർട്സ് & സയൻസ് കോളേജ്, കുമ്പളയിലെ ജില്ലാ സഹകരണ ആശുപത്രി, ചെങ്കള ഇ. കെ. നായനാർ സ്മാരക സഹകരണ ആശുപത്രി തുടങ്ങിയവയടക്കം നാന്നൂറോളം സഹകരണ സ്ഥാപനങ്ങൾക്ക് തുടക്കമിട്ടു.

ഭാര്യ കമല.

# ഇവിടെ നാരികൾ പൂജിക്കപ്പെടുന്നു..

ഡോ. എൻ. ജയരാജ്
ഗവ. ചീഫ് വിപ്പ്



ചരിത്രപരമായ നിയമനിർമ്മാണങ്ങളിലൂടെ സാമൂഹിക-സാംസ്കാരിക വ്യവസ്ഥയെ മാറ്റി മറിച്ച കേരള നിയമസഭയുടെ പ്രവർത്തനം ഓരോ മലയാളിക്കും അഭിമാനം നൽകുന്നതാണ്. പാർശ്വവത്ക്കരിക്കപ്പെട്ടവർ, പിന്നോക്ക വിഭാഗക്കാർ, സ്ത്രീകൾ തുടങ്ങിയവരുടെ ഉന്നമനത്തിനായി നാം ചിട്ടപ്പെടുത്തിയ പല നിയമങ്ങളും നടപടിക്രമങ്ങളും രാജ്യത്തെ മറ്റ് പല സംസ്ഥാന നിയമസഭകളും പാർലമെന്റും മാതൃകയാക്കിയിട്ടുണ്ട്. കേരളം പലപ്പോഴും കാലത്തിന് മുൻപേ നടക്കാറുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ഉന്നമനത്തിനായി കേരള നിയമസഭ രൂപീകരിച്ച സമിതിയും മറ്റൊരു മാതൃകയാണ്.

സ്വാതന്ത്ര്യത്തിന്റെ 75 വർഷം പിന്നിട്ടിട്ടും ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീ സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ രാജ്യത്തിനായിട്ടില്ല. ജനാധിപത്യത്തെ അർത്ഥരഹിതമാക്കി മാറ്റുന്ന വിവേചനങ്ങളാണ് രാജ്യത്തെ മിക്ക സംസ്ഥാനങ്ങളിലും ഇന്നും സ്ത്രീകൾ അനുഭവിക്കുന്നത്. നിലവിലുള്ള സാമൂഹിക-സാംസ്കാരിക, രാഷ്ട്രീയ അവസ്ഥയിൽ സ്ത്രീയും പുരുഷനും തുല്യരല്ലെന്നും അതുകൊണ്ടുതന്നെ തുല്യനീതിയിലൂടെ പാർശ്വവത്കൃത സ്ത്രീസമൂഹത്തെ പൊതുധാരയിലേക്കെത്തിക്കുക അസാധ്യമാണെന്നും ഭരണഘടനാശില്പികൾ തിരിച്ചറിഞ്ഞതിനാലാണ് 15(3) വകുപ്പ് പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്താനുള്ള അധികാരം വിഭാവനം ചെയ്തത്. ഇതിന്റെ ചുവടുപിടിച്ച് സ്ത്രീധന നിരോധന നിയമവും ഗാർഹിക പീഡനം തടയൽ നിയമവുമുൾപ്പെടെ നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയെങ്കിലും രാഷ്ട്രീയ-ഭരണ സംവിധാനങ്ങളിൽ തുല്യ അവസരവും, ലിംഗ സമത്വവും സ്ത്രീകൾക്ക് ഉറപ്പുവരുത്തുന്ന തരത്തിലേക്ക് നിയമപരിരക്ഷ ഇനിയും ഉയർന്നിട്ടില്ല.

ലോക സാമ്പത്തിക ഫോറത്തിന്റെ 2021 ലെ റിപ്പോർട്ട് പ്രകാരം ലിംഗ വിവേചനത്തിന്റെ കാര്യത്തിൽ ഇന്ത്യ 140 ാം സ്ഥാനത്താണ്. രാഷ്ട്രീയത്തിലാണ് ഏറ്റവും വലിയ ലിംഗ അസമത്വം നിലനിൽക്കുന്നത്. രാജ്യത്തെ വനിതാ മന്ത്രിമാരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. 2019 ലെ 23.1% ൽ നിന്ന് 2021 ൽ എത്തിയപ്പോൾ 9.1% ആയി കുറഞ്ഞു എന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. പതിനേഴാം ലോക്സഭയിൽ വനിതാ അംഗങ്ങളുടെ എണ്ണം നാമമാത്രമായി വർദ്ധിച്ച് 14 ശതമാനത്തിൽ എത്തിയെങ്കിലും രാജ്യസഭ കൂടി പരിഗണിക്കുമ്പോൾ ഇത് 10 ശതമാനം മാത്രമേയുള്ളൂ. ആഗോള ശരാശരിയാകട്ടെ 24 ശതമാനവും. നിയമനിർമ്മാണ സഭയിലെ വനിതാ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ ലോക റാങ്കിങ്ങിൽ 140 ാം സ്ഥാനത്താണ് ഇന്ത്യ. രാജ്യത്തെ വിവിധ സംസ്ഥാന നിയമസഭകളുടെ കാര്യമെടുത്താൽ ഇതിലും പരിതാപകരമാണ്. സ്വാതന്ത്ര്യം ലഭിച്ച് 75 വർഷങ്ങൾ പിന്നിട്ടിട്ടും വനിതാ പ്രാതിനിധ്യം ദേശീയ ശരാശരി 9 ശതമാനത്തിൽ നിൽക്കുന്നു. കേന്ദ്ര സർക്കാർ നിയമിച്ച 'കമ്മിറ്റി ഓൺ ദ സ്റ്റാറ്റസ് ഓഫ് വിമൺ ഇൻ ഇൻഡ്യ' യുടെ 2015 ലെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ശുഭസൂചനയല്ല നൽകുന്നത്. ഏഴ് ദശാബ്ദത്തെ ആസൂത്രണംകൊണ്ടും സ്ത്രീകൾക്ക് അർഹിക്കുന്ന വിധത്തിൽ വിദ്യാഭ്യാസം, തൊഴിൽ, ഭരണ നിർവ്വഹണം എന്നിവയിൽ വേണ്ടത്ര അവസരങ്ങൾ ലഭിച്ചിട്ടില്ല എന്നാണ് ഈ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. ഈ അവസ്ഥക്ക് മാറ്റം വരണമെങ്കിൽ സ്ത്രീകൾ നയരൂപീകരണ അധികാരങ്ങളുള്ള രാഷ്ട്രീയഭരണ സ്ഥാനങ്ങളിൽ എത്തണം. ഇതിനായി നിയമസഭകളിലും പാർലമെന്റിലും സ്ത്രീ പ്രാതിനിധ്യം ഗണ്യമായി വർദ്ധിപ്പിക്കണം. നിലവിൽ രാജ്യത്തെ ഒട്ടുമിക്ക നിയമസഭകളിലും പാർലമെന്റിലും സ്ത്രീ പ്രാതിനിധ്യം പത്തു ശതമാനത്തിൽ താഴെ മാത്രമാണ്. കേന്ദ്ര മന്ത്രിമാർ, മുഖ്യമന്ത്രിമാർ, സംസ്ഥാന മന്ത്രിമാർ, സ്പീക്കർ തുടങ്ങിതാക്കോൽ സ്ഥാനങ്ങളിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല. സാമൂഹിക-സാംസ്കാരിക, സാമ്പത്തിക സ്ഥാപനങ്ങളുടെ തലപ്പത്തും രാജ്യത്തെ സ്ത്രീകളുടെ സ്ഥാനം അത്യപൂർവ്വം. ഇതിനെല്ലാം എങ്ങനെ മാറ്റംവരുത്താം എന്ന വിഷയത്തിൽ ഗൗരവമേറിയ ചർച്ചകൾ നടക്കേണ്ടതുണ്ട്.

## കേരളം അനുഭവിച്ച വനിതാ ഭരണമികവ്

രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾ പ്രാദേശിക രാഷ്ട്രീയത്തിൽ വളരെ മുന്നിലാണ്. അമ്പത് ശതമാനം സ്ത്രീ സംവരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്നതാണ് ഇതിന് പ്രധാന കാരണം. എന്നാൽ നിയമനിർമ്മാണ സഭയിലും പാർലമെന്റിലും കേരളത്തിന്റെ സ്ത്രീ പ്രാതിനിധ്യം വേണ്ടത്ര ഇപ്പോഴുമില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷെ അവസരം ലഭിച്ചപ്പോഴെല്ലാം ഭരണ മികവ് കാണിച്ച വനിതകളുടെ ഒരു വലിയ നിര തന്നെ നമുക്കുണ്ട്. പത്ത് തവണ കേരള നിയമസഭാംഗമായ കെ. ആർ. ഗൗരിയമ്മ ഇവരിൽ പ്രധാനിയാണ്. കേരളം എക്കാലത്തും ഓർമ്മിക്കുന്ന ഭൂപരിഷ്കരണ നിയമം, ഭൂമി പതിച്ചു കൊടുക്കൽ നിയമം തുടങ്ങിയ നിയമങ്ങൾ പാസ്സാക്കിയത് 1957 ൽ ഗൗരിയമ്മ റവന്യൂ മന്ത്രി ആയിരുന്നപ്പോഴാണ്. കെ.ഒ. അയിഷ ബായി ആദ്യ കേരള നിയമസഭയിലെ പ്രഥമ വനിതാ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം അലങ്കരിച്ചതും തുടർന്ന് 1960-64 കാലഘട്ടത്തിൽ എ. നഫീസത്ത് ബീവി ഡെപ്യൂട്ടി സ്പീക്കറായതും അഭിമാനാർഹമാണ്. എട്ടാം കേരള നിയമസഭയുടെ പ്രോട്ടേം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ലോക്സഭാംഗം എന്നീ നിലകളിൽ ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ ശോഭിച്ചിരുന്നു. കേരള ചരിത്രത്തിലാദ്യമായി പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ശ്രീമതി പി. കെ. ജയലക്ഷ്മി മന്ത്രിയായിട്ടുമുണ്ട്. കോവിഡ് മഹാമാരി ലോകം മുഴുവൻ ഭീതി പരത്തിയപ്പോഴും നിപ്പാ വൈറസ് കണ്ടെത്തിയപ്പോഴുമെല്ലാം കേരളത്തിന്റെ ആരോഗ്യ മേഖലയെ മുന്നിൽ നിന്ന് നയിച്ച് ലോകശ്രദ്ധ നേടിയെടുത്ത എന്റെ സഹപ്രവർത്തക കെ.കെ. ശൈലജ ടീച്ചറുടെ കാര്യവും ഈ അവസരത്തിൽ എടുത്തുപറയേണ്ടതുണ്ട്. ഐക്യരാഷ്ട്രസഭ വരെ അവരെ ആദരിച്ചു. ബ്രിട്ടനിലെ പ്രോസ്പെക്ട് മാഗസിൻ 2020 ലോകത്തെ മികച്ച വനിതകളുടെ ഗണത്തിൽ കെ. കെ. ശൈലജയെ തെരഞ്ഞെടുത്തിരുന്നു. ന്യൂസിലാൻഡ് പ്രധാനമന്ത്രി ജസീന്ത ആർഡനെ പിന്തള്ളിയാണ് ഈ നേട്ടം ശൈലജ ടീച്ചർക്ക് നൽകിയത്.

വസ്തുതകൾ ഇതെല്ലാമാണെങ്കിലും നമ്മുടെ നിയമസഭയുടെ ആറര പതിറ്റാണ്ടിന്റെ ചരിത്രം പരിശോധിക്കുമ്പോൾ വനിതകൾക്ക് അർഹമായ പ്രാതിനിധ്യം വിവിധ രാഷ്ട്രീയ പാർട്ടികൾ നൽകിയിട്ടില്ല എന്നതാണ് വാസ്തവം.

## കേരളത്തിലെ വനിതാ സാമാജികരുടെ ചരിത്രം

തിരുവിതാംകൂറിന്റെ ചരിത്രം പരിശോധിച്ചാൽ മൂന്ന് വനിതകൾ വിവിധ കാലഘട്ടങ്ങളിലായി 26 വർഷത്തോളം ഭരണനേതൃത്വം വഹിച്ചതായി കാണാൻ സാധിക്കും. 1922-1925 കാലയളവിൽ ന്യൂ ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലേയ്ക്ക് ഡോ. മേരി പൂന്നൻ ലൂക്കോസ് നോമിനേറ്റ് ചെയ്യപ്പെട്ടതാണ് കേരള ചരിത്രത്തിലെ ആദ്യ വനിതാ പ്രാതിനിധ്യം. തുടർന്ന് 1925-28 കാലത്ത് കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിലേയ്ക്ക് മന്നത്തു പത്മനാഭന്റെ സഹധർമ്മിണി തോട്ടയ്ക്കാട്ട് മാധവിയമ്മയെ നാമനിർദ്ദേശം ചെയ്തു. 1928-31 കാലത്ത് തിരുവിതാംകൂറിലും കൊച്ചിയിലും ആയി എലിസബത്ത് കുരുവിള, ഗോമതി നായകം പിള്ള, മിസ്സിസ്സ് ജി. പവിത്രൻ എന്നിങ്ങനെ മൂന്ന് സ്ത്രീകൾ കൂടി സഭാംഗങ്ങളായി. 1931 ൽ അന്നാചാണ്ടി, മിസ്സിസ്സ് എ. ശങ്കരപ്പിള്ള, കൊടി വീട്ടിൽ രമാദേവി, മിസ് പെനിന മോസ്കോ, പി. മീനാക്ഷി, പാർവ്വതി നെന്മിനി മംഗലം, മിസ്സിസ് സ്വാരീസ് എന്നിങ്ങനെ വിദേശ വനിതകളടക്കം 7 പേർ കൂടി നിയമനിർമ്മാണ സഭയിൽ അംഗങ്ങളായി. തുടർന്നുള്ള വർഷങ്ങളിൽ 21 വനിതകൾ കൂടി നോമിനേറ്റ് ചെയ്യപ്പെട്ടതോടെ സ്വാതന്ത്ര്യലബ്ധിക്ക് മുൻപുള്ള കേരള ചരിത്രത്തിൽ 33 വനിതകൾക്ക് വിവിധ നിയമനിർമ്മാണ സഭകളിൽ അംഗങ്ങളാകാൻ സാധിച്ചു. എന്നാൽ ഈ തെരഞ്ഞെടുപ്പുകളൊന്നും ജനാധിപത്യ രീതിയിലോ സാമൂഹിക പ്രാതിനിധ്യം ഉറപ്പുവരുത്തിയോ അല്ലായിരുന്നു. അക്കാലത്തെ സാമൂഹിക വ്യവസ്ഥയനുസരിച്ച് ഉന്നതകുലജാതരും സമ്പന്നരുമായിരുന്നവരെ നോമിനേറ്റ് ചെയ്യപ്പെടുകയാണുണ്ടായത്.

സ്വാതന്ത്ര്യാനന്തരം, 1948 മുതൽ കേരള ലെജിസ്ലേറ്റീവ് അസംബ്ലി നിലവിൽ വന്ന 1957 വരെയുള്ള വർഷങ്ങളിൽ തിരു-കൊച്ചിയിലും മദ്രാസിലുമായി എ.വി. കുട്ടിമാളു അമ്മ, ആനി ജോസഫ്, മിസ്സിസ് ഡി. ഫ്രാൻസിസ്, അക്കാമ്മ ചെറിയാൻ, ആനി മസ്ക്രിൻ, ദേവകി ഗോപിദാസ്, മേരി ആന്റണി, കെ. ആർ. ഗൗരി, ടി.സി. ലീലാദേവിയമ്മ എന്നിവർ പ്രതിനിധികളായി. എന്നാൽ ഐക്യകേരളം രൂപീകൃതമായതിനുശേഷം സാമൂഹിക നീതിയിൽ അധിഷ്ഠിതമായി ജനാധിപത്യ സംവിധാനത്തിലൂടെ 1957 ൽ ഇ.എം.എസ്. സർക്കാർ അധികാരത്തിൽ വന്നു. കെ.ഒ. അയിഷ ബായി, കെ.ആർ. ഗൗരിയമ്മ, കുസുമം ജോസഫ്, ലീലാ ദാമോദരമേനോൻ, റോസമ്മ പുന്നൂസ്, ഒ.റ്റി. ശാരദാ കൃഷ്ണൻ തുടങ്ങി ആറ് വനിതകൾ അംഗങ്ങളായിരുന്നു. തുടർന്ന് കേരള നിയമസഭയിലേയ്ക്ക് ഏറ്റവും കൂടുതൽ വനിതകളെ സംഭാവന നൽകിയത് 1996 ലെ തെരഞ്ഞെടുപ്പായിരുന്നു. ഇതിൽ 13 വനിതകൾ വിജയിച്ചു. നിലവിലെ 15ാം കേരള നിയമസഭയിൽ മൂന്ന് മന്ത്രിമാരുൾപ്പെടെ 12 വനിതാംഗങ്ങൾ മാത്രമാണുള്ളത്. കൃത്യമായി പറഞ്ഞാൽ കേരള സംസ്ഥാന രൂപീകരണത്തിനുശേഷം നാളിതുവരെ 100 വനിതകളെ മാത്രമേ നിയമസഭാ സാമാജികരായി തെരഞ്ഞെടുക്കാൻ നമുക്ക് സാധിച്ചിട്ടുള്ളൂ.

## അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്

1929 യിൽ വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' നാടകത്തിന്റെ പേര് അന്വർത്ഥമാകുന്ന തരത്തിൽ കേരളത്തിലെ സ്ത്രീ ജനങ്ങളെ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എത്തിച്ചതിൽ പഞ്ചായത്തീരാജ് നിയമവും ജനകീയാസൂത്രണ പ്രസ്ഥാനവും വലിയ പങ്കാണ് വഹിച്ചത്. ചുരുക്കത്തിൽ ഭരണഘടനയുടെ 243(ഡി) വകുപ്പ് പ്രകാരമുള്ള വനിതാ സംവരണമായിരുന്നു കേരളത്തിലെ സ്ത്രീ ശാക്തീകരണത്തിന്റെ യഥാർത്ഥ ചാലകശക്തി. രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളും ഇതനുസരിച്ച് വനിതാ സംവരണം 33 ശതമാനത്തിൽ പരിമിതപ്പെടുത്തിയപ്പോൾ കേരളം അത് 50 ശതമാനമാക്കി എന്നത് ഒരു ചരിത്ര മുന്നേറ്റമായിരുന്നു. അതിന്റെ ഫലമായി കഴിഞ്ഞ ഇരുപത്തിയഞ്ച് കൊല്ലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകൾ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് മുന്നേറുകയാണ്. വിവിധ സർക്കാർ ഫണ്ടുകളുടെ വിനിയോഗം, പദ്ധതികളുടെ ഭാവനാപൂർണ്ണമായ ആവിഷ്ക്കരണം, വരുമാനദായകമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങി സാമൂഹിക നീതിയിൽ അധിഷ്ഠിതമായ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിൽ സ്ത്രീ പങ്കാളിത്തം വളരെയേറെ സഹായകമായിട്ടുണ്ട്. നിയമപരമായ പങ്കാളിത്തം സ്ത്രീകൾക്ക് ഉറപ്പു വരുത്തുക എന്നതിനപ്പുറം അവരെ ഭരണ നേതൃത്വത്തിലേക്ക് കൈപിടിച്ചുയർത്താൻ കേരളത്തിലെ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ശ്രമിക്കുന്നുണ്ട്. രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ വനിതാ മേയറെ തെരഞ്ഞെടുക്കുവാൻ നമ്മുടെ തലസ്ഥാനനഗരിക്ക് സാധിച്ചത് ഇതിനുദാഹരണമാണ്. കേരളത്തിലെ സ്ത്രീ ശാക്തീകരണം അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവന്ന 'കുടുംബശ്രീ' കാൽ നൂറ്റാണ്ട് പിന്നിട്ട വർഷത്തിലൂടെയാണ് നാം കടന്നു പോകുന്നത്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന ദൗത്യത്തിനു കീഴിൽ പരിമിതമായ ലക്ഷ്യങ്ങളോടെ തുടങ്ങിയ കുടുംബശ്രീ ഇന്ന് കേരള സമൂഹത്തിൽ ഒരു അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. നമുക്ക് അഭിമാനിക്കാൻ നേട്ടങ്ങൾ പലതുണ്ടെങ്കിലും നിയമനിർമ്മാണ സഭകൾ, നയരൂപീകരണ സമിതികൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികാര സ്ഥാനങ്ങൾ തുടങ്ങിയ മേഖലകളിൽ ഇന്നും സ്ത്രീകൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. അതേപോലെ തന്നെ രാഷ്ട്രീയ പാർട്ടികൾ സ്ത്രീകൾക്ക് വേണ്ടത്ര സംഘടനാചുമതലകൾ നൽകുന്നുണ്ടോ എന്നതും സ്വയം വിമർശനാത്മകമായി പരിശോധിക്കണം.

## വനിതാ ബിൽ ഇനിയുമെത്ര അകലെ?

രാജ്യസഭയും ലോക്സഭയും തമ്മിൽ ഒരു ചുവരിന്റെ ദൂരമേയുള്ളൂവെങ്കിലും വനിതാ സംവരണ ബില്ലിന്റെ കാര്യത്തിൽ ഇവ തമ്മിലുള്ള ദൂരം എത്രയെന്നു ആർക്കും നിശ്ചയമില്ല. 2010 മാർച്ചിൽ രാജ്യസഭ പാസ്സാക്കിയ വനിതാ സംവരണ ബിൽ ഒരു പതിറ്റാണ്ട് കഴിഞ്ഞിട്ടും ലോക്സഭയിൽ എത്തിയിട്ടില്ല. 1996 സെപ്റ്റംബർ 12 നാണ് വനിതാ ബിൽ ആദ്യമായി പാർലമെന്റിൽ അവതരിപ്പിച്ചത്. നീണ്ട പതിനാല് കൊല്ലത്തിനുശേഷമാണ് രാജ്യസഭയിൽ ഈ ബിൽ പാസ്സായത്. എന്നാൽ ലോക്സഭയിൽ അത് എപ്പോൾ വരുമെന്ന് ഇപ്പോഴും ഒരു നിശ്ചയവുമില്ല. രാജ്യത്തെ മുഖ്യധാര രാഷ്ട്രീയ പാർട്ടികളെല്ലാം അംഗീകരിച്ചെങ്കിലും വനിതാ ബിൽ ലോക്സഭയിൽ അവതരിപ്പിക്കാതെ പോകുന്നതെന്തുകൊണ്ടാണ്? ചില പ്രാദേശിക പാർട്ടികളുടെ എതിർപ്പുമൂലം ബിൽ ലോക്സഭയിൽ അവതരിപ്പിക്കാത്തത് നീതീകരിക്കാനാവില്ല. ബില്ലിനെതിരായി അവർ നിരത്തുന്ന വാദങ്ങൾ തികച്ചും കപടമാണ്. വനിതാസംവരണം നടപ്പിലായാൽ സവർണ്ണരായ സ്ത്രീകൾ മാത്രമേ പാർലമെന്റിലെത്തുകയുള്ളൂ എന്നും പിന്നാക്ക, ന്യൂനപക്ഷ വിഭാഗത്തിലുള്ളവർ അവഗണിക്കപ്പെടുമെന്നുമാണ് അവരുടെ വാദം. ഇവയൊന്നും ആത്മാർത്ഥതയോടെ ഉള്ളതല്ല. എങ്കിലും സമഗ്രമായ ചർച്ചകൾ നടത്തി പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിച്ച് ഇപ്പോഴെങ്കിലും വനിതാ സംവരണ ബിൽ പാസ്സാക്കുകയല്ലേ ഉചിതം?

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

# പതിനഞ്ചാം കേരള നിയമസഭ അഞ്ചാം സമ്മേളനം




2022-23 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകൾ പാസ്സാക്കുന്നതിനായി ചേർന്ന അഞ്ചാം സമ്മേളനം നടപടികൾ പൂർത്തീകരിച്ച് 2022 ജൂലൈ 21 ന് അവസാനിച്ചു. 2022 ജൂൺ 27 ന് ആരംഭിച്ച സമ്മേളനം ആകെ 23 ദിനങ്ങൾ ചേരാനാണ് നിശ്ചയിച്ചിരുന്നതെങ്കിലും മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ച് അംഗീകരിച്ച പ്രമേയം അനുസരിച്ച് 2022 ജൂൺ 29, ജൂലൈ 1 തീയതികളിലെയും കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം 2022 ജൂലൈ 8, 11, 22, 25, 26, 27 തീയതികളിലെയും സമ്മേളനം വെട്ടിച്ചുരുക്കിയതു മൂലം ആകെ 15 ദിവസങ്ങളാണ് സഭ ചേർന്നത്. അതിൽ ധനാഭ്യർത്ഥനകളുടെ പരിഗണനയ്ക്കായി 11 ദിവസങ്ങളും നിയമ നിർമ്മാണത്തിനായി രണ്ടു ദിവസവും ഉപധനാഭ്യർത്ഥനകൾ പരിഗണിക്കുന്നതിനായി ഒരു ദിവസവും അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി ഒരു ദിവസവും നീക്കിവയ്ക്കുകയുണ്ടായി.

ഈ സമ്മേളനത്തിൽ 2022 ജൂൺ 27 മുതൽ ജൂലൈ 21 വരെയുള്ള കാലത്ത് 15 ചോദ്യദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്ര ചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായി ആകെ 5990 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭിച്ചത്. ഇതിൽ 35 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 36 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 450 എണ്ണം നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 5469 എണ്ണം നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 5919 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്ര ചിഹ്നമിട്ട 450 ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5027 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളന കാലത്ത് തന്നെ ഉത്തരം നൽകി. 442 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്. ചോദ്യോത്തര വേളകളിൽ 44 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 358 അവസരങ്ങളിലായി 398 ഉപചോദ്യങ്ങൾ ഉന്നയിച്ചു. അടിയന്തര ചോദ്യത്തിനായി ഒരു നോട്ടീസ് ലഭിക്കുകയും ആയത് അനുവദിച്ചതിനെത്തുടർന്ന് 2021 ജൂലൈ 21 ാം തീയതി സഭയിൽ ഉന്നയിക്കുകയും ചെയ്തു.

പതിമൂന്നാം കേരള നിയമസഭയുടെയും പതിനാലാം കേരള നിയമസഭയുടെയും വിവിധ സമ്മേളനങ്ങളിലേയും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നു മുതൽ നാലു വരെയുള്ള സമ്മേളനങ്ങളിലെയും മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാതിരുന്ന ചോദ്യങ്ങളിൽ 96 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസപത്രിക സഹിതം ഈ സമ്മേളന കാലത്ത് സഭയിൽ സമർപ്പിച്ചു.

മുൻ മന്ത്രിയും 8,9,10 നിയമസഭകളിൽ അംഗവുമായിരുന്ന ടി. ശിവദാസ മേനോൻ, 9, 10 നിയമസഭകളിൽ അംഗമായിരുന്ന പി. രാഘവൻ, 4, 5 നിയമസഭകളിൽ അംഗമായിരുന്ന പി.ജെ. തോമസ്, ലോക്സഭ, 5 ാം കേരള നിയമസഭ എന്നിവയിൽ അംഗമായിരുന്ന തലേക്കുന്നിൽ ബഷീർ, മുൻ മന്ത്രിയും 2 ാം കേരള നിയമസഭയിൽ അംഗവുമായിരുന്ന എം.പി. ഗോവിന്ദൻ നായർ, മുൻ മന്ത്രിയും 6, 8, 11 നിയമസഭകളിൽ അംഗവുമായിരുന്ന കെ. ശങ്കരനാരായണൻ, 5 ാം കേരള നിയമസഭയിൽ അംഗമായിരുന്ന യു.എസ്. ശശി, 3, 4 നിയമസഭകളിൽ അംഗമായിരുന്ന കെ.ജി. കുഞ്ഞികൃഷ്ണപിള്ള, 5 ാം കേരള നിയമസഭയിൽ അംഗമായിരുന്ന എസ്. ത്യാഗരാജൻ, 11 ാം കേരള നിയമസഭയിൽ അംഗമായിരുന്ന പ്രയാർ ഗോപാലകൃഷ്ണൻ, പ്രമുഖ ഗാന്ധിയനും സ്വാതന്ത്ര്യ സമരസേനാനിയുമായ ഗോപിനാഥൻ നായർ തുടങ്ങിയവർക്ക് അഞ്ചാം സമ്മേളനം ചരമോപചാരം അർപ്പിച്ചു.

അഞ്ചാം സമ്മേളനം നടന്ന കാലയളവിൽ ചട്ടം 50 പ്രകാരം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള അടിയന്തിരപ്രമേയത്തിനായി 11 നോട്ടീസുകളാണ് സഭ പരിഗണിച്ചത്. അതിൽ ഒൻപതു നോട്ടീസുകൾക്കുള്ള അവതരണാനുമതി നിഷേധിക്കുകയും രണ്ട് നോട്ടീസുകൾക്ക് അവതരണാനുമതി ലഭിക്കുകയും ചെയ്തതിനെ തുടർന്ന് സഭ ഇപ്പോൾ നിർത്തി വയ്ക്കുന്നു എന്ന പ്രമേയത്തിന്മേൽ രണ്ടു മണിക്കൂറിലധികം സമയം വീതം ചർച്ച നടത്തുകയും ചെയ്തു.

സമ്മേളന കാലയളവിൽ 24 ശ്രദ്ധക്ഷണിക്കലുകളും 120 സബ്മിഷനുകളും സഭ മുമ്പാകെ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. സമ്മേളനത്തിലാകെ 929 രേഖകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുകയും വിവിധ നിയമസഭാ കമ്മിറ്റികളുടേതായ 78 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അഞ്ചാം സമ്മേളനത്തിൽ 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളിന്മേലും ഉപധനാഭ്യർത്ഥനകളിന്മേലുമുള്ള ചർച്ചയ്ക്കും വോട്ടെടുപ്പിനുമായി പന്ത്രണ്ട് ദിവസം വിനിയോഗിച്ചു. നിയമനിർമ്മാണത്തിൽ രണ്ട് ധനകാര്യ ബില്ലുകളും, 2022 ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലും സബ്ജക്റ്റ് കമ്മിറ്റികളുടെ പരിശോധനയ്ക്ക് അയയ്ക്കുകയും പിന്നീട് പാസ്സാക്കുകയും ചെയ്തു. 2022-23 വർഷത്തെ ബജറ്റിനെ സംബന്ധിക്കുന്നതും ഉപധനാഭ്യർത്ഥനയെ സംബന്ധിക്കുന്നതുമായ രണ്ട് ധനവിനിയോഗ ബില്ലുകളും അതോടൊപ്പം സഭ പാസ്സാക്കി.

അഞ്ചാം സമ്മേളന കാലയളവിൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി കലണ്ടർ തയ്യാറാക്കിയപ്പോൾ നാല് വെള്ളിയാഴ്ചകൾ മാറ്റിവയ്ക്കപ്പെട്ടിരുന്നെങ്കിലും സഭാസമ്മേളനം വെട്ടിച്ചുരുക്കിയതു മൂലം യഥാർത്ഥത്തിൽ സഭ സമ്മേളിച്ച ഏക വെള്ളിയാഴ്ചയായ ജൂലൈ 15 ാം തീയതി രാവിലെ തന്നെ സഭ പിരിയേണ്ട സാഹചര്യം ഉണ്ടായതിനാൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യം സംബന്ധിച്ച ബിസിനസ്സുകൾ വേണ്ടുവിധം നിർവ്വഹിക്കുവാൻ കഴിയാത്ത സാഹചര്യം അഞ്ചാം സമ്മേളനകാലത്തും ആവർത്തിക്കപ്പെട്ടു.

ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിയായി സംസ്ഥാനം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളെ സംബന്ധിച്ച് 2022 ജൂലൈ 7 ന് വനം - വന്യജീവി വകുപ്പുമന്ത്രിയും പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്തിനർഹമായ റേഷൻ വിഹിതം വർദ്ധിപ്പിക്കേണ്ടതിനെ സംബന്ധിച്ച് ജൂലൈ 21 ന് ഭക്ഷ്യപൊതുവിതരണ വകുപ്പു മന്ത്രിയും പ്രമേയങ്ങൾ അവതരിപ്പിച്ചു. അംഗങ്ങളുടെ ഭേദഗതികൾ ഉൾപ്പെടെ രണ്ട് പ്രമേയങ്ങളും സഭ ഐകകണ്ഠ്യേന പാസ്സാക്കി. സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ചട്ടം 300 അനുസരിച്ച് ധനകാര്യ വകുപ്പുമന്ത്രി 2022 ജൂലൈ 21 ന് സഭയിൽ ഒരു പ്രസ്താവനയും നടത്തി. കൂടാതെ സമ്മേളനകാലയളവിൽ മന്ത്രിസ്ഥാനം രാജിവച്ച സജി ചെറിയാൻ, എം.എൽ.എ. 2022 ജൂലൈ 19 ന് രാജിയെപ്പറ്റിയുള്ള വിശദീകരണം നൽകിക്കൊണ്ട് ചട്ടം 64 അനുസരിച്ച് പ്രസ്താവനയും നടത്തി.

ജൂലൈ 7 ാം തീയതി വന മഹോത്സവം 2022 ന്റെ സമാപനസമ്മേളനം ആർ.ശങ്കരനാരായണൻ തമ്പി ഹാളിൽ നടത്തി. പരിപാടിയോടനുബന്ധിച്ച് വിവിധ വന്യജീവി സങ്കേതങ്ങളിൽക്കൂടെയുള്ള യാത്രകളിൽ പി. വി. ശ്രീനിജിൻ എം.എൽ.എ. പകർത്തിയ ചിത്രങ്ങളുടെ ഒരു ഫോട്ടോ പ്രദർശനവും സംഘടിപ്പിച്ചിരുന്നു. ജൂലൈ 13 ാം തീയതി കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്ററിന്റെ പാർലമെന്ററി സ്റ്റഡീസ് വിഭാഗവും യൂണിസെഫും സംയുക്തമായി നിയമസഭാ സാമാജികർക്കായി കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് ഒരു പ്രഭാഷണം ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ സംഘടിപ്പിച്ചു. ജൂലൈ 20 ന് പൊതുമരാമത്തും വിനോദസഞ്ചാരവും യുവജനകാര്യവും വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്രോജക്റ്റ് മാനേജ്മെന്റ് സോഫ്റ്റ്‌വെയറായ 'തൊട്ടറിയാം പി.ഡബ്ല്യു.ഡി' യുടെ ഡെമോൺസ്ട്രേഷൻ ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ സാമാജികർക്കായി സംഘടിപ്പിച്ചിരുന്നു. 'ആസാദി കാ അമൃത് മഹോത്സവി'ന്റെ ഭാഗമായി നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ വിപുലമായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ള ഓഡിയോ - വീഡിയോ പ്രദർശനത്തിന്റെ പ്രാരംഭമെന്ന നിലയിൽ സാമാജികർക്കായി ജൂലൈ 20, 21 തീയതികളിലായി ആർ. ശങ്കരനാരായണൻ തമ്പി ഹാൾ പരിസരത്ത് പ്രദർശനവും ഒരുക്കിയിരുന്നു.

നിയമസഭാ സമിതി റിപ്പോർട്ടിലൂടെ

# സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കണം

**പരിസ്ഥിതി സംബന്ധിച്ച സമിതി**



**ഇ.കെ.വിജയൻ**, എം.എൽ.എ
ചെയർമാൻ, പരിസ്ഥിതി സംബന്ധിച്ച സമിതി

ജൈവവൈവിദ്ധ്യത്താൽ സമ്പന്നമായ കാവുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ഉതകുന്ന നിരവധി ശിപാർശകളുമായി കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2021-23)യുടെ നാലാമത് റിപ്പോർട്ട്. കാവുകളുടെ സംരക്ഷണവും, പരിപാലനവും സംബന്ധിച്ച് സമിതി നടത്തിയ സ്വതന്ത്ര പഠനത്തിന്റെയും, പൊതുജനങ്ങളിൽ നിന്ന് സ്വരൂപിച്ച അഭിപ്രായങ്ങളുടെയും റവന്യൂ, വനം-വന്യ ജീവി, തദ്ദേശസ്വയംഭരണം, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള വിവരശേഖരണത്തിന്റെയും കണ്ണൂർ ജില്ലയിലെ വിവിധ കാവുകൾ സന്ദർശിച്ച് കണ്ടെത്തിയ വസ്തുതകളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി റിപ്പോർട്ട് 2022 മാർച്ച് 18 ന് നിയമസഭയിൽ സമർപ്പിച്ചു.

കാവുകളെ വനമായി പ്രഖ്യാപിക്കാതെയും ഉടമസ്ഥരുടെ സമ്മതത്തോടെയല്ലാതെയും സംരക്ഷിക്കാനാകില്ലെന്ന് നിരീക്ഷിച്ച സമിതി ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് ഒരു കമ്മിറ്റി രൂപീകരിച്ച് സംസ്ഥാനത്തെ കാവുകളെ സംബന്ധിച്ച് വിശദമായ കണക്കെടുപ്പും വിവരശേഖരണവും പഠനവും നടത്തി അവയുടെ സംരക്ഷണത്തിനായി ഒരു വകുപ്പിനെ പ്രത്യേകമായി ചുമതലപ്പെടുത്തണമെന്നും അതിന് കീഴിൽ കാവുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടേയും സംരക്ഷണപ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സമഗ്രമായ നിയമനിർമ്മാണം നടത്തണമെന്നും ശിപാർശ ചെയ്തു.

കാവുകളുടെ ഉടമസ്ഥത തെളിയിക്കുന്നതിന് പര്യാപ്തമായ രേഖകൾ എന്തൊക്കെയായിരിക്കണമെന്ന് തീരുമാനിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ വനം-വന്യജീവി, പരിസ്ഥിതി, സാംസ്കാരിക കാര്യം, പുരാവസ്തു, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കണം, ഓരോ വകുപ്പിന്റെയും കീഴിലുള്ള കാവുകളുടെ എണ്ണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കണം, വനംവകുപ്പിന്റെ മേൽനോട്ടത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് കാവുകളുടെ എണ്ണം കൃത്യമായി കണക്കാക്കണം, കാവുകളിൽ നിന്നും നഷ്ടപ്പെട്ട് പോയ ഭൂമി വീണ്ടെടുത്ത് അതിർത്തികൾ കൃത്യമായി നിർണ്ണയിച്ച് തദ്ദേശീയമായ സസ്യങ്ങളും വൃക്ഷങ്ങളും ഉപയോഗിച്ച് ജൈവവേലി സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമായ നടപടി സ്വീകരിക്കണം, ദേവസ്വം ബോർഡിന്റെ കീഴിലുള്ള കാവുകളിലേതുൾപ്പെടെയുള്ള ഭൂമി റീസർവ്വേയിൽ സർക്കാർ ഭൂമിയെന്ന് തെറ്റായി ഇനം മാറ്റപ്പെട്ടതിനാൽ ദേവസ്വം ബോർഡുകൾക്ക് ഭൂനഷ്ടമുണ്ടായതായി കണ്ടെത്തിയ സമിതി ഇത് സംബന്ധിച്ച പിഴവുകൾ തിരുത്തണമെന്നും റവന്യൂ വകുപ്പിനോട് ശിപാർശ ചെയ്തു.

കാവുകളുടെ സംരക്ഷണത്തിനുള്ള ധനസഹായത്തിനായി ബജറ്റിൽ ഒരു പുതിയ ശീർഷകം ഉൾപ്പെടുത്തി ആവശ്യമായ തുക വകയിരുത്തണമെന്നും ഇതിന് സമഗ്ര പഠനം നടത്തി ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിക്കാൻ വനം-വന്യ ജീവി വകുപ്പിനോട് സമിതി നിർദ്ദേശിക്കുകയും ചെയ്തു. ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ (ബി.എം.സി) മുഖേന ലഭിക്കുന്ന കേന്ദ്രഫണ്ട് വിനിയോഗിച്ച് കാവുകളെ സംരക്ഷിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫലപ്രദമായ നടപടി സ്വീകരിക്കണമെന്നും സംസ്ഥാനത്തെ ഗവേഷണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്ററിലെ വിവരങ്ങൾ ഉപയോഗപ്പെടുത്തി കാവുകളുടെ സംരക്ഷണത്തിന് മാത്രമായി ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ച്, പദ്ധതിയുടെ കീഴിൽ ആവശ്യമായ തുക ലഭ്യമാക്കി വിദഗ്ധരുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ കാവുകളുടെയും സംരക്ഷണം ഉറപ്പാക്കണമെന്നും റിപ്പോർട്ടിൽ സമിതി ആവശ്യപ്പെടുന്നു.

'വിദ്യാവനം' പോലുള്ള പദ്ധതികൾ മുഖേന സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ കാവുകളുടെ പ്രാധാന്യവും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ/ഉന്നതവിദ്യാഭ്യാസ വകുപ്പുകൾ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പുരാവസ്തു വകുപ്പിന് കീഴിൽ സംരക്ഷിച്ചു പോരുന്ന ചരിത്ര നിർമ്മിതികളുടെ വളപ്പിൽ സ്ഥിതിചെയ്യുന്ന കാവുകൾ സംരക്ഷിക്കുന്നതിന് ജൈവവൈവിദ്ധ്യ ബോർഡ്, കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) തുടങ്ങിയവയുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സാംസ്കാരിക കാര്യ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

കാവുകളിൽ കണ്ടുവരുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വൻമരങ്ങൾ സംരക്ഷിക്കുന്നതിന് വനം-വന്യജീവി, പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കാവുകളിൽ കണ്ടുവരുന്ന സ്വാഭാവിക ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുന്നതിനും കാവുകൾക്ക് പുറത്തേക്ക് ഒഴുകുന്ന ഉറവകൾ, പുഴകൾ തുടങ്ങിയവ ജലസേചനത്തിന് കൂടി ഉപയോഗപ്പെടുത്തുന്ന വിധത്തിൽ പരിരക്ഷിക്കുന്നതിനും തദ്ദേശസ്വയംഭരണ, ജലവിഭവ വകുപ്പുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്തു. കാവുകൾ സംരക്ഷിക്കുന്നവർക്ക് ഹരിത അവാർഡുകൾ ഏർപ്പെടുത്തണം, സംരക്ഷകർക്ക് പ്രോത്സാഹനം നൽകുന്നതിന് പരിസ്ഥിതി വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണം, കാവുകളിലേക്ക് പുറംതള്ളുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ വൺടൈം ക്ലീനിംഗ് പ്രോഗ്രാം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം തുടങ്ങിയ ശിപാർശകളും റിപ്പോർട്ടിലുണ്ട്.

എക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി കാവുകൾ കേന്ദ്രീകരിച്ച് 'അരോമ ടൂറിസം' പോലെയുള്ള അനുയോജ്യമായ വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം, അന്തർദേശീയ കണ്ടൽക്കാടുകളുടെ ദിനമായ ജൂലൈ 26 ന് കാവുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് സ്കൂൾ/കോളേജ് തലങ്ങളിൽ പ്രത്യേക പരിപാടികൾ/ബോധവൽക്കരണ ക്ലാസുകൾ/സെമിനാറുകൾ/പ്രദർശനങ്ങൾ / കാവുകളിലേയ്ക്ക് പഠന യാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കണം, നാഷണൽ ഗ്രീൻ കോർപ്സ് - ഇക്കോ ക്ലബ് പ്രോഗ്രാമിൽ ഉൾപ്പെടുന്ന സംസ്ഥാനത്തെ സ്കൂളുകൾ/കോളേജുകൾ നടത്തുന്ന പരിസ്ഥിതി പരിപാടികളിൽ സമീപമുള്ള കാവുകളെയും ഉൾപ്പെടുത്തണം, കാവുകളിൽ കാണപ്പെടുന്ന അപൂർവ്വയിനം വൃക്ഷ സസ്യലതാദികളുടെ ഒരു ജീൻ ബാങ്ക് തയ്യാറാക്കി നാശോന്മുഖമാകാൻ സാധ്യതയുള്ളവയെ സംരക്ഷിക്കണം, സംസ്ഥാനത്തെ കാവുകളുടെ വിസ്തൃതി, ലൊക്കേഷൻ, അവയിലുള്ള ജീവികൾ, വൃക്ഷങ്ങൾ, സസ്യലതാദികൾ, ജലസ്രോതസ്സുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ഒരു സമഗ്ര ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം രൂപീകരിക്കണം തുടങ്ങി നിരവധി ശിപാർശകളാണ് റിപ്പോർട്ടിലുള്ളത്.

ഇ.കെ.വിജയൻ, എം.എൽ.എ. അദ്ധ്യക്ഷനായ സമിതിയിൽ സാമാജികരായ പി.കെ.ബഷീർ, എൽദോസ് പി. കുന്നപ്പിള്ളിൽ, ജോബ് മൈക്കിൾ, ലിന്റോ ജോസഫ്, ടി.ഐ.മധുസൂദനൻ, കെ.ഡി.പ്രസേന്നൻ, യു. പ്രതിഭ, സജീവ് ജോസഫ് എന്നിവർ അംഗങ്ങളാണ്.

ഒന്നാം പേജിൽ നിന്നും തുടർച്ച

സംഖ്യയാണ് ഒരു നിയമസഭാംഗത്തിന്റെ വോട്ട് മൂല്യം. (ഇങ്ങനെ കണക്കാക്കുമ്പോൾ അഞ്ഞൂറോ അതിലധികമോ ബാക്കിവരുന്നെങ്കിൽ അതിനെ പൂർണ്ണ സംഖ്യയായി കരുതും) അതുകൊണ്ട് തന്നെ ഓരോ സംസ്ഥാനത്തെയും നിയമസഭാംഗങ്ങളുടെ വോട്ടിന്റെ മൂല്യം വ്യത്യസ്ഥമായിരിക്കും. ഇപ്രകാരം കണക്കാക്കുമ്പോൾ കേരളത്തിലെ ഒരു നിയമസഭാംഗത്തിന്റെ വോട്ട് മൂല്യം 152 ആണ്.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും നിയമസഭാ സാമാജികരുടെ വോട്ട് മൂല്യത്തെ പാർലമെന്റിലെ ഇരുസഭകളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എണ്ണം കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന തുകയായിരിക്കും ഒരു പാർലമെന്റ് അംഗത്തിന്റെ വോട്ട് മൂല്യം. ഇപ്രകാരം നിലവിൽ ഒരു പാർലമെന്റ് അംഗത്തിന്റെ വോട്ട് മൂല്യം 700 ആണ്.

4809 അംഗങ്ങൾ ഉൾക്കൊള്ളുന്ന ഇലക്ടറൽ കോളേജിലെ വോട്ട് ചെയ്യാൻ അർഹരായ 4796 അംഗങ്ങളിൽ 4754 പേർ പതിനഞ്ചാമത് രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുകയുണ്ടായി. ഇതിൽ 763 പാർലമെന്റ് അംഗങ്ങളിൽ 15 പേരുടെ വോട്ടുകളും, 3991 നിയമസഭാംഗങ്ങളിൽ 38 പേരുടെ വോട്ടുകളും അസാധുവായി. 540 പാർലമെന്റ് അംഗങ്ങളുടെയും 2284 നിയമസഭാംഗങ്ങളുടെയും വോട്ടുകൾ ലഭിച്ച ദ്രൗപതി മുർമുവിന്റെ ആകെ വോട്ട് മൂല്യം 6,76,803 ആണ്. 3,80,177 വോട്ട് മൂല്യം കരസ്ഥമാക്കിയ യശ്വന്ത് സിൻഹയ്ക്ക് 208 പാർലമെന്റ് അംഗങ്ങളുടെയും 1669 നിയമസഭാംഗങ്ങളുടെയും വോട്ടുകൾ ലഭിച്ചു. 2,96,626 ആണ് രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട ദ്രൗപതി മുർമുവിന്റെ ഭൂരിപക്ഷം.

ഇലക്ടറൽ കോളേജിൽ അംഗങ്ങളായിട്ടുള്ള പാർലമെന്റ് അംഗങ്ങൾ പാർലമെന്റ് മന്ദിരത്തിൽ സജ്ജീകരിച്ച പോളിംഗ് സ്റ്റേഷനിലും, നിയമസഭാംഗങ്ങൾ അതത് നിയമസഭകളിൽ സജ്ജീകരിച്ച പോളിംഗ് സ്റ്റേഷനിലുമാണ് വോട്ട് രേഖപ്പെടുത്തിയത്.



മുഖ്യമന്ത്രി, നിയമസഭാ സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നിവർ രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നു.

കേരളത്തിലെ വോട്ടെടുപ്പിന് നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് കവിത ഉണ്ണിത്താനാണ് അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറുടെയും പ്രിസൈഡിംഗ് ഓഫീസറുടെയും ചുമതല നിർവ്വഹിച്ചത്. ജൂലൈ 13ാം തീയതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സാമഗ്രികൾ ന്യൂ ഡൽഹിയിൽ നിന്നും തിരുവനന്തപുരത്തേക്ക് കൊണ്ടുവരികയും, നിയമസഭാ സെക്രട്ടറിയുടെ ചേമ്പറിനോട് ചേർന്നുള്ള സീൽ ചെയ്ത 509 ാം നമ്പർ മുറിയിൽ സൂക്ഷിക്കുകയും ചെയ്തു.

ജൂലൈ 18 ാം തീയതി രാവിലെ 8.00 മണിക്ക് സീൽ തുറന്ന് പോളിംഗ് സാമഗ്രികൾ പോളിംഗ് സ്റ്റേഷൻ ആയ 740 ാം നമ്പർ മുറിയിൽ എത്തിച്ചു. തുടർന്ന് രാഷ്ട്രപതി സ്ഥാനാർത്ഥി യശ്വന്ത് സിൻഹയുടെ അംഗീകൃത പ്രതിനിധികളായ ടി.പി. രാമകൃഷ്ണൻ, അൻവർ സാദത്ത്, എം.രാജഗോപാലൻ എന്നി നിയമസഭാംഗങ്ങളും തെരഞ്ഞെടുപ്പ് കമ്മീഷനിലെ നിരീക്ഷകൻ കോർപ്പറേറ്റ് അഫയേഴ്സ് മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി അനുരാധ ഠാക്കൂർ, ചീഫ് ഇലക്ടറൽ ഓഫീസർ സഞ്ജയ് കൗൾ, പ്രിസൈഡിംഗ് ഓഫീസർ കവിത ഉണ്ണിത്താൻ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ കെ.സുരേഷ് കുമാർ എന്നിവരുടെ സാന്നിധ്യത്തിൽ ബാലറ്റ് ബോക്സ് സീൽ ചെയ്തു.

വോട്ടെടുപ്പിൽ കേരള നിയമസഭയിലെ 140 അംഗങ്ങളെ കൂടാതെ ഉത്തർപ്രദേശിലെ സേവാപുരി മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗം നീൽ രത്തൻ സിങ്, തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ നിന്നുള്ള ലോക്സഭാംഗം ജ്ഞാന തെരവിയം എന്നിവരും വോട്ട് രേഖപ്പെടുത്തുകയുണ്ടായി. തമിഴ്നാട്ടിൽ നിന്നുള്ള എം.പി.ആണ് അവസാനമായി വോട്ട് രേഖപ്പെടുത്തിയത്. 5 മണിക്ക് പോളിംഗ് പ്രക്രിയ അവസാനിച്ചതിന് ശേഷം അന്നേ ദിവസം വൈകിട്ട് 7.20 നുള്ള ന്യൂ ഡൽഹി വിമാനത്തിൽ പ്രിസൈഡിംഗ് ഓഫീസർ ബാലറ്റ് ബോക്സ് പാർലമെന്റ് മന്ദിരത്തിലേക്ക് കൊണ്ടുപോയി.



## പതിനഞ്ചാം കേരള നിയമസഭ അഞ്ചാം സമ്മേളനത്തിലെ നിയമനിർമ്മാണങ്ങൾ

### 2022 ലെ കേരള ധനകാര്യ ബിൽ

2022 ലെ കേരള ധനകാര്യ ബിൽ 2022 ജൂലൈ 13 ന് ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V എന്നിവയുടെ സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII ന് അയയ്ക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2022 ജൂലൈ 14 ന് സഭയിൽ സമർപ്പിക്കുകയും, കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ജൂലൈ 19 ന് സഭ പരിഗണിക്കുകയും അന്നു തന്നെ ചർച്ച ചെയ്ത് പാസ്സാക്കുകയുംചെയ്തു. ബില്ലിലെ വിവിധ വകുപ്പുകളിൽ ഭേദഗതി ആവശ്യപ്പെട്ട് 468 നോട്ടീസുകൾ ലഭിച്ചു.

### 2022 ലെ കേരള ധനകാര്യ (2ാം നമ്പർ) ബിൽ

2022 ലെ കേരള ധനകാര്യ (2 ാം നമ്പർ) ബിൽ 2022 ജൂലൈ 13 ന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2022 ജൂലൈ 14 ന് സഭയിൽ സമർപ്പിക്കുകയും, കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ജൂലൈ 19 ന് സഭ പരിഗണിക്കുകയും അന്ന് തന്നെ ചർച്ച ചെയ്ത് പാസ്സാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 169 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

### 2022 ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

2022 ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ 2022 ജൂൺ 27 ന് ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി റിപ്പോർട്ട് 2022 ജൂലൈ 13 ന് സഭയിൽ സമർപ്പിക്കുകയും, കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2022 ജൂലൈ 19 ന് സഭ പരിഗണിക്കുകയും അന്നു തന്നെ ചർച്ച ചെയ്ത് പാസ്സാക്കുകയും ചെയ്തു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 75 ഭേദഗതി നോട്ടീസുകൾ ലഭിച്ചു.

### 2022 ലെ കേരള ധനവിനിയോഗ (7ാം നമ്പർ) ബിൽ, 2022 ലെ കേരള ധനവിനിയോഗ (8ാം നമ്പർ) ബിൽ

2022 ലെ കേരള ധനവിനിയോഗ (7ാം നമ്പർ) ബിൽ 2022 ജൂലൈ 19 നും 2022 ലെ കേരള ധനവിനിയോഗ (8ാം നമ്പർ) ബിൽ 2022 ജൂലൈ 20 നും അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. കേരള നിയമസഭയുടെ നടപടി ക്രമവും കീഴ്വഴക്കവും അനുസരിച്ച് ധനവിനിയോഗ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാറില്ല. ഇപ്രകാരമുള്ള 2022 ലെ കേരള ധനവിനിയോഗ (7ാം നമ്പർ) ബില്ലും 2022 ലെ കേരള ധനവിനിയോഗ (8ാം നമ്പർ) ബില്ലും 2022 ജൂലൈ 21 ന് സഭയിൽ അവതരിപ്പിക്കുകയും അന്നു തന്നെ പാസ്സാക്കുകയും ചെയ്തു.

## എ.എം. ബഷീർ നിയമസഭാ സെക്രട്ടറി

നിയമസഭാ സെക്രട്ടറിയായി എ.എം.ബഷീറിനെ നിയമിച്ചു. സെക്രട്ടറിയായിരുന്ന എസ്.വി. ഉണ്ണികൃഷ്ണൻ നായർ 2022 മെയ് 31 ന് വിരമിച്ചതിനെ തുടർന്ന് സ്പെഷ്യൽ സെക്രട്ടറി കവിത ഉണ്ണിത്താന് സെക്രട്ടറിയുടെ അധിക ചുമതല നൽകിയിരുന്നു. നെടുമങ്ങാട് കുടുംബ കോടതി ജഡ്ജിയായിരിക്കെയാണ് എ.എം.ബഷീറിനെ നിയമസഭാ സെക്രട്ടറിയായി നിയമിച്ചത്.

തൃശ്ശൂർ വടക്കാഞ്ചേരിയിൽ അമ്മണത്ത് മൊയ്തുണ്ണിയുടെയും ഹവ്വാവുമ്മ ഹജ്ജുമ്മയുടെയും മകനാണ്. 2002ൽ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റായി നിയമനം ലഭിച്ച അദ്ദേഹം എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. എറണാകുളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. ആറ് പുസ്തകങ്ങളുടെ രചയിതാവ് കൂടിയാണ് അദ്ദേഹം.

ഭാര്യ സുമ ലോകായുക്തയിൽ കോർട്ട് ഓഫീസറാണ്. മക്കൾ അസ്ലിൻ നയാര, ആസിം ബഷീർ എന്നിവർ നിയമ വിദ്യാർത്ഥികളാണ്.



# ഗവർണർ

## ഫെഡറലിസത്തിന്റെ കാവലാൾ

(2022 ജൂൺ ലക്കത്തിന്റെ തുടർച്ച)

### ഗവർണറുടെ അധികാരങ്ങളും കർത്തവ്യങ്ങളും

ഒരു സംസ്ഥാനത്തെ എക്സിക്യൂട്ടീവ് അധികാരം ഗവർണറിൽ നിക്ഷിപ്തമാണ്. അദ്ദേഹം നേരിട്ടോ അല്ലെങ്കിൽ കീഴുദ്യോഗസ്ഥർ മുഖേനയോ അവ പ്രയോഗത്തിൽ കൊണ്ടുവരുന്നു. സംസ്ഥാന നിയമസഭയ്ക്ക് നിയമങ്ങളുണ്ടാക്കാൻ ഏതെല്ലാം കാര്യങ്ങളിൽ അവകാശമുണ്ടോ അവയിലെല്ലാം ഗവർണർക്ക് എക്സിക്യൂട്ടീവ് അധികാരമുണ്ടായിരിക്കുന്നതാണ്. ഗവൺമെന്റ് വകുപ്പുകൾ മന്ത്രിമാർക്ക് വീതിച്ച് കൊടുക്കുന്നതും അതിന്റെ പ്രവർത്തനങ്ങൾക്കായി ചട്ടങ്ങളുണ്ടാക്കുന്നതും ഗവർണറാണ്. ഗവൺമെന്റിന്റെ എല്ലാ എക്സിക്യൂട്ടീവ് നടപടികളും എടുക്കുന്നത് ഗവർണറുടെ പേരിലാണ് (അനുച്ഛേദം 166).

സംസ്ഥാന നിയമസഭയുടെ അവിഭാജ്യ ഘടകമാണ് ഗവർണർ. ഭരണഘടനയുടെ അനുച്ഛേദം 176 പ്രകാരം നിയമസഭയിലേക്കുള്ള ഓരോ പൊതുതെരഞ്ഞെടുപ്പിനു ശേഷം ഒന്നാമത്തെ സമ്മേളനത്തിന്റെ തുടക്കത്തിലും ഓരോ വർഷത്തെയും ആദ്യ സമ്മേളനത്തിന്റെ തുടക്കത്തിലും ഗവർണർ സഭയെ അഭിസംബോധന ചെയ്യേണ്ടതുണ്ട്. സർക്കാരിന്റെ നയപ്രഖ്യാപനം ഈ അവസരങ്ങളിലാണ് നടക്കുന്നത്. ഗവർണറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി അദ്ദേഹത്തെ സഹായിക്കാനും ഉപദേശിക്കാനും മുഖ്യമന്ത്രി തലവനായ ഒരു മന്ത്രിസഭ ഓരോ സംസ്ഥാനത്തിനും ഉണ്ടായിരിക്കേണ്ടതാണെന്ന് ഭരണഘടനയുടെ അനുച്ഛേദം 163 വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാന മുഖ്യമന്ത്രിയെ നിയമിക്കുന്നതും മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം മറ്റ് മന്ത്രിമാരെ നിയമിക്കുന്നതും ഭരണഘടനാ അനുച്ഛേദം 164 പ്രകാരം ഗവർണറാണ്.

അനുച്ഛേദം 167 ൽ സംസ്ഥാനത്തെ വിവിധ വിഷയങ്ങളിന്മേലുള്ള നിർവ്വഹണം സംബന്ധിച്ചും നിയമനിർമ്മാണത്തിനായുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ചും മന്ത്രിസഭയുടെ എല്ലാ തീരുമാനങ്ങളും സംസ്ഥാന മുഖ്യമന്ത്രി ഗവർണറെ അറിയിക്കണമെന്ന് അനുശാസിക്കുന്നു. കൂടാതെ അപ്രകാരമുള്ള വിഷയങ്ങളിന്മേൽ ഗവർണർ ആവശ്യപ്പെടുന്ന വിവരങ്ങളും അദ്ദേഹത്തിന് നൽകണം, എന്നാൽ ആവശ്യപ്പെടുന്ന വിഷയം മന്ത്രിസഭ പരിഗണിച്ചിട്ടില്ലെങ്കിൽ അത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

നിയമസഭയെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഗവർണർക്ക് വിവിധങ്ങളായ അധികാരങ്ങളാണുള്ളത്. ഭരണഘടന അനുച്ഛേദം 174 നിയമസഭാ സമ്മേളനം വിളിച്ച് ചേർക്കുന്നത് ഗവർണറാണെന്നും അനുച്ഛേദം 174(2) സഭാ സമ്മേളനം അവസാനിപ്പിക്കാനും നിയമസഭ പിരിച്ച് വിടാനും ഗവർണർക്ക് അധികാരമുണ്ടെന്നും വ്യക്തമാക്കുന്നു. ഓരോ സാമ്പത്തിക വർഷവും അസംബ്ലിയിൽ സംസ്ഥാനത്തെ ഒരു വർഷത്തെ വരവ് ചെലവ് കണക്കുകൾ ഉൾക്കൊള്ളുന്ന വാർഷിക ധനവിവരപത്രിക അവതരിപ്പിക്കാൻ വേണ്ടനിർദ്ദേശം കൊടുക്കുന്നത് അനുച്ഛേദം 202 (1) പ്രകാരം ഗവർണറാണ്. ധനാഭ്യർത്ഥനകൾ ഗവർണറുടെ ശിപാർശ പ്രകാരം മാത്രമേ സഭയിൽ വയ്ക്കാനാവൂ എന്ന് അനുച്ഛേദം 203(3) വ്യവസ്ഥ ചെയ്യുന്നു. അപ്രതീക്ഷിത ചെലവ് നേരിടേണ്ടി വരുന്ന സന്ദർഭങ്ങളിൽ സംസ്ഥാനത്തിന്റെ ആകസ്മിക നിധിയിൽ നിന്ന് തുക അനുവദിക്കാൻ ഗവർണർക്ക് അധികാരമുണ്ട് [അനുച്ഛേദം 267 (2)].

ഭരണഘടനാ അനുച്ഛേദം 200 സംസ്ഥാന നിയമസഭ പാസ്സാക്കുന്ന എല്ലാ ബില്ലുകളും ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിക്കണമെന്ന് അനുശാസിക്കുന്നു. ഗവർണർക്ക് ബില്ലിന്മേൽ അനുമതി നൽകുകയോ അനുമതി നൽകാതിരിക്കുകയോ അല്ലെങ്കിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കി വയ്ക്കുകയോ ചെയ്യാവുന്നതാണ്. ഗവർണർ ബിൽ അംഗീകരിക്കുന്ന പക്ഷം അത് നിയമമാകുന്നു. അല്ലെങ്കിൽ ബില്ലിൽ ചില ഭേദഗതികളോ കൂട്ടിച്ചേർക്കലോ വേണമെന്ന് തോന്നുന്നപക്ഷം നിർദ്ദേശങ്ങൾ സഹിതം ഗവർണർ ബില്ല് നിയമസഭയിലേക്ക് മടക്കി അയയ്ക്കുന്നു. അപ്രകാരം തിരിച്ചയക്കുന്ന ബിൽ ഭേദഗതികളോടുകൂടിയോ അല്ലാതെയോ സഭ പാസ്സാക്കുകയും ഗവർണറുടെ അനുമതിക്കായി വീണ്ടും സമർപ്പിക്കുകയും ചെയ്താൽ അദ്ദേഹത്തിന് ബില്ലിന്മേൽ അനുമതി നിഷേധിക്കാൻ കഴിയില്ല. എന്നാൽ ഒരു പണ ബിൽ മടക്കി അയയ്ക്കാൻ ഗവർണർക്ക് അധികാരമില്ല. ബില്ലിൽ ഭരണഘടനയനുസരിച്ച് ഹൈക്കോടതിയുടെ പദവിയെ ആപത്തിലാക്കുന്ന ഏതെങ്കിലും വ്യവസ്ഥയുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി മാറ്റിവയ്ക്കാനും ഗവർണർക്ക് അധികാരമുണ്ട്.

സംസ്ഥാന നിയമസഭ സമ്മേളിക്കാത്ത സാഹചര്യത്തിൽ ഏതെങ്കിലും ഒരു വിഷയത്തിന്മേൽ സത്വര നടപടി ആവശ്യമാണെന്ന് തോന്നുന്ന പക്ഷം ഓർഡിനൻസുകൾ പുറപ്പെടുവിക്കാനുള്ള വിശേഷാധികാരവും ഭരണഘടനയുടെ അനുച്ഛേദം 213 ഗവർണർക്ക് നൽകുന്നു. ഇന്ത്യയിലെ ചീഫ് എക്സിക്യൂട്ടീവിന് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം 1861 ലെ ഇന്ത്യൻ കൗൺസിൽസ് ആക്ടിൽ പ്രതിപാദിച്ചിരുന്നു. എന്നാൽ രാഷ്ട്രപതിയുടെ നിർദ്ദേശം ഇല്ലാതെ മൂന്ന് കാര്യങ്ങളിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുവാൻ ഗവർണർക്ക് അധികാരമില്ല. 1) ഓർഡിനൻസിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ഒരു ബില്ലിലൂടെ സംസ്ഥാന നിയമസഭയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രപതിയുടെ മുൻകൂർ അനുവാദം ആവശ്യമെങ്കിൽ (2) അതേ വ്യവസ്ഥകൾ അടങ്ങിയിട്ടുള്ള ഒരു ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കി വയ്ക്കണമെന്ന് അദ്ദേഹം കരുതുന്നുവെങ്കിൽ (3) അതേ വ്യവസ്ഥകൾ അടങ്ങിയിട്ടുള്ള ആ സംസ്ഥാനത്തിലെ ഒരു ആക്ട് രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നൽകുകയും എന്നാൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ അത് അസാധുവാകുമെങ്കിൽ. ഈ മൂന്ന് സന്ദർഭങ്ങളിലും ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിന് മുൻപ് ഗവർണർ രാഷ്ട്രപതിയുടെ നിർദ്ദേശം തേടേണ്ടതുണ്ട്.

ഒരു സംസ്ഥാനത്തിലെ വ്യവസ്ഥാപിത ഭരണം പരാജയപ്പെട്ടു എന്ന് ഗവർണർ രാഷ്ട്രപതിക്ക് റിപ്പോർട്ട് ചെയ്യുന്ന അവസരത്തിലും അല്ലെങ്കിൽ സംസ്ഥാനത്ത് ഭരണം നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായതായി രാഷ്ട്രപതിക്ക് ബോധ്യപ്പെടുമ്പോഴും ആ സംസ്ഥാനം ഭരണഘടനയുടെ അനുച്ഛേദം 356 പ്രകാരം രാഷ്ട്രപതി ഭരണത്തിൻ കീഴിൽ വരുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ രാഷ്ട്രപതിക്ക് വേണ്ടി സംസ്ഥാന ഭരണം നിർവ്വഹിക്കുന്നത് ഗവർണറാണ്. കൂടാതെ ഓരോ സംസ്ഥാനത്തും ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടുവാൻ യോഗ്യതയുള്ള ഒരാളെ അവിടുത്തെ അഡ്വക്കേറ്റ് ജനറലായി ഗവർണർ നിയമിക്കണമെന്ന് ഭരണഘടന അനുച്ഛേദം 165 വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് അധികാരപരിധിയിൽ വരുന്ന കാര്യത്തെ സംബന്ധിച്ച നിയമം ലംഘിക്കുന്ന ഒരു വ്യക്തിയുടെ അപരാധത്തിന് മാപ്പ് നൽകാൻ ആ സംസ്ഥാനത്തെ ഗവർണർക്ക് അധികാരമുണ്ട് (അനുച്ഛേദം 161). കൂടാതെ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരെ നിയമിക്കുന്നതും ഗവർണറാണ്. എക്സിക്യൂട്ടീവ് അധികാരങ്ങൾക്ക് പുറമേ ജുഡീഷ്യൽ അധികാരവും ഗവർണർക്കുണ്ട് ജില്ലാ ജഡ്ജിമാരെ നിയമിക്കുന്നത് അദ്ദേഹമാണ് (അനുച്ഛേദം 233).

## കേരളത്തിലെ ഗവർണർമാർ



**1. ബി. രാമകൃഷ്ണറാവു**
**(1956 നവംബർ 22 – 1960 ജൂലൈ 1)**
കേരളത്തിലെ ആദ്യ ഗവർണർ, പഴയ ഹൈദരാബാദ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ മുഖ്യമന്ത്രി. ഉത്തർപ്രദേശ് ഗവർണറായും സേവനമനുഷ്ഠിച്ചു. രാജ്യസഭാംഗമായിരുന്നു.



**2. വി.വി.ഗിരി**
**(1960 ജൂലൈ 1 –1965 ഏപ്രിൽ 2)**
ഇന്ത്യയുടെ നാലാമത്തെ രാഷ്ട്രപതിയായിരുന്നു. ഉപരാഷ്ട്രപതിയായും രാഷ്ട്രപതിയായും സേവനമനുഷ്ഠിച്ചു. കേന്ദ്രമന്ത്രിയായും പ്രവർത്തിച്ചിട്ടുണ്ട്. 1975 ൽ ഭാരതരത്നം നൽകി രാജ്യം ആദരിച്ചു.



**3. അജിത് പ്രസാദ് ജെയിൻ**
**(1965 ഏപ്രിൽ 2 –1966 ഫെബ്രുവരി 6)**
ഭരണഘടനാ നിർമ്മാണ സഭയിൽ അംഗമായിരുന്നു. 1952 ലെ നെഹ്റു മന്ത്രിസഭയിൽ കേന്ദ്ര കാബിനറ്റ് മന്ത്രി. രാജ്യസഭാംഗമായും പ്രവർത്തിച്ചിട്ടുണ്ട്.



**4. ഭഗവൻ സഹായ്**
**(1966 ഫെബ്രുവരി 6 – 1967 മെയ്15)**
ഐ.സി.എസ്. ഓഫീസറായിരുന്ന അദ്ദേഹം ജമ്മു-കാശ്മീർ ഗവർണറായും പ്രവർത്തിച്ചിട്ടുണ്ട്.



**5. വി.വിശ്വനാഥൻ**
**(1967 മെയ്15 – 1973 ഏപ്രിൽ 1)**
ഭോപ്പാൽ ചീഫ് കമ്മീഷണറായും ഹിമാചൽ പ്രദേശ് ലഫ്റ്റനന്റ് ഗവർണറായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ഐ.സി.എസ്. ഓഫീസറായിരുന്നു.



**6. എൻ.എൻ.വാഞ്ചു**
**(1973 ഏപ്രിൽ 1 – 1977 ഒക്ടോബർ 10)**
കേരളത്തിനു പുറമേ മധ്യപ്രദേശ് സംസ്ഥാനത്തെയും ഗവർണറായി പ്രവർത്തിച്ചു. ഐ.സി.എസ്. ഓഫീസറായിരുന്നു.



**7. ജോതി വെങ്കിടചെല്ലം**
(1977 ഒക്ടോബർ 14 –1982 ഒക്ടോബർ 26)
തമിഴ്നാട് നിയമസഭാംഗവും ആരോഗ്യ വകുപ്പ് മന്ത്രിയുമായിരുന്നു. 1974 ൽ പത്മശ്രീ ബഹുമതി നൽകി രാജ്യം ആദരിച്ചു.



**8. പി.രാമചന്ദ്രൻ**
(1982 ഒക്ടോബർ 27 – 1988 ഫെബ്രുവരി 23)
തമിഴ്നാട് നിയമസഭാംഗം, ലോക്സഭാംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



**9. റാം ദുലാരി സിൻഹ**
(1988 ഫെബ്രുവരി 23 – 1990 ഫെബ്രുവരി 12)
സ്വാതന്ത്ര്യസമര സേനാനി, കേന്ദ്ര മന്ത്രി എന്നീ നിലകളിൽ പ്രശസ്ത.



**10. ഡോ.സ്വരൂപ് സിംഗ്**
(1990 ഫെബ്രുവരി 12 – 1990 ഡിസംബർ 20)
ഡൽഹി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, രാജ്യസഭാംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. ഗുജറാത്ത് ഗവർണറായും സേവനമനുഷ്ഠിച്ചു.



**11. ബി.രാച്ചയ്യ**
(1990 ഡിസംബർ 20 – 1995 നവംബർ 9)
കർണാടക നിയമസഭാംഗം, രാജ്യസഭാംഗം, ലോക്സഭാംഗം, ഹിമാചൽ പ്രദേശ് ഗവർണർ എന്നീ നിലകളിൽ പ്രവർത്തിച്ചു.



**12. പി.ശിവശങ്കർ**
(1995 നവംബർ 12 – 1996 മെയ് 1)
ആന്ധ്രാപ്രദേശ് ഹൈക്കോടതി ജഡ്ജി, കേന്ദ്ര മന്ത്രി, സിക്കിം ഗവർണർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



**13. ജസ്റ്റിസ് സുഖ്ദേവ് സിംഗ് കാംങ്**
(1997 ജനുവരി 25 – 2002 ഏപ്രിൽ 18)
പഞ്ചാബ് ഹരിയാന ഹൈക്കോടതികളിലെ ജഡ്ജിയും ജമ്മു-കാശ്മീർ ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസുമായിരുന്നു, ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗമായും പ്രവർത്തിച്ചു.



**14. സിഖന്ദർ ഭക്ത്**
(2002 ഏപ്രിൽ 18 – 2004 ഫെബ്രുവരി 23)
രാജ്യസഭാംഗം, ലോക്സഭാംഗം, കേന്ദ്ര കാബിനറ്റ് മന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ചു. 2000-ൽ പദ്മവിഭൂഷൻ ബഹുമതി നൽകി രാജ്യം ആദരിച്ചിട്ടുണ്ട്.

**ഒരു സംസ്ഥാനത്തെ എക്സിക്യൂട്ടീവ് അധികാരം ഗവർണറിൽ നിക്ഷിപ്തമാണ്. അദ്ദേഹം നേരിട്ടോ അല്ലെങ്കിൽ കീഴുദ്യോഗസ്ഥർ മുഖേനയോ അവ പ്രയോഗത്തിൽ കൊണ്ടുവരുന്നു. സംസ്ഥാന നിയമസഭയ്ക്ക് നിയമങ്ങളുണ്ടാക്കാൻ ഏതെല്ലാം കാര്യങ്ങളിൽ അവകാശമുണ്ടോ അവയിലെല്ലാം ഗവർണർക്ക് എക്സിക്യൂട്ടീവ് അധികാരമുണ്ടായിരിക്കുന്നതാണ്.**



**15. ആർ.എൽ.ഭാട്ട്യ**
(2004 ജൂൺ 23 – 2008 ജൂലൈ 10)
ലോക്സഭാംഗം, ബിഹാർ ഗവർണർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.



**16. ആർ.എസ്. ഗവായി**
(2008 ജൂലൈ 11 – 2011 സെപ്റ്റംബർ 7)
ലോക്സഭാംഗം, രാജ്യസഭാംഗം, സിക്കിം, ബിഹാർ സംസ്ഥാനങ്ങളിലെ ഗവർണർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



**17. എം.ഒ.എച്ച്. ഫാറൂക്ക്**
(2011 സെപ്റ്റംബർ 8 – 2012 ജനുവരി 26)
മൂന്ന് തവണ പോണ്ടിച്ചേരി മുഖ്യമന്ത്രി. ലോക്സഭാംഗം, കേന്ദ്രമന്ത്രി, സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസഡർ എന്നീ നിലകളിൽ പ്രവർത്തിച്ചു.



**18. നിഖിൽ കുമാർ**
(2013 മാർച്ച് 23 – 2014 മാർച്ച് 5)
ബിഹാറിൽ നിന്നുള്ള ഐ.പി.എസ്. ഓഫീസർ, ലോക്സഭാംഗം, നാഗാലാന്റ് ഗവർണർ എന്നീ നിലകളിൽ പ്രവർത്തിച്ചു.



**19. ഷീല ദീക്ഷിത്**
(2014 മാർച്ച് 11 – 2014 സെപ്റ്റംബർ 4)
ഏറ്റവും കൂടുതൽ കാലം ഡൽഹിയുടെ മുഖ്യമന്ത്രി, ലോക്സഭാംഗം, കേന്ദ്രമന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ചു.



**20. പി.സദാശിവം**
(2014 സെപ്റ്റംബർ 5 – 2019 സെപ്റ്റംബർ 5)
ഗവർണർ പദവിയിലെത്തുന്ന ആദ്യ സുപ്രീം കോടതി ചീഫ് ജസ്റ്റിസ്.



**21. ആരിഫ് മുഹമ്മദ് ഖാൻ**
( 2019 സെപ്റ്റംബർ 6 മുതൽ പദവിയിൽ തുടരുന്നു)
1951 ൽ ഉത്തർപ്രദേശിലെ ബുലന്ദ്ശഹരിൽ ജനനം. വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ രാഷ്ട്രീയ ജീവിതം ആരംഭിച്ചു. 1977 ൽ ഉത്തർപ്രദേശ് നിയമസഭാംഗമായി, ലോക്സഭാംഗം, കേന്ദ്രമന്ത്രി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്.

ഭരണഘടനാ അനുച്ഛേദം 371 വിവിധ സംസ്ഥാനങ്ങളിലെ ഗവർണർമാർക്ക് പ്രത്യേക അധികാരങ്ങൾ നൽകുന്നു. മഹാരാഷ്ട്രയിൽ വിഭർഭ പ്രദേശത്തിനും മറാത്ത്‌വാദ പ്രദേശത്തിനും ഡവലപ്മെന്റ് കൗൺസിലുകൾ രൂപീകരിക്കേണ്ടത് ഗവർണറുടെ ചുമതലയാണ്. ഈ പ്രദേശങ്ങൾക്ക് വികസന ഫണ്ട് കൃത്യമായി നൽകുന്നുണ്ടോ എന്ന് ഗവർണർ പരിശോധിക്കേണ്ടതാണ്. മറാത്ത്‌വാദ ഡവലപ്മെന്റ് കൗൺസിൽ പോലെ ഗുജറാത്തിൽ കച്ച് വികസന കൗൺസിൽ രൂപീകരിക്കേണ്ടത് അവിടുത്തെ ഗവർണറുടെ ചുമതലയാണ്.

നാഗാലാൻഡിൽ ഗവർണറുടെ അധികാരങ്ങൾ കുറേക്കൂടി വിപുലമാണ്. നാഗാലാൻഡിലെ റ്റ്യുൻസാങ് ജില്ലയ്ക്ക് ഒരു കൗൺസിൽ ഉണ്ടാക്കേണ്ടതും അവിടെ നിന്നുള്ള സാമാജികരിൽ ഒരാളെ റ്റ്യുൻസാങ് ജില്ലയുടെ കാര്യങ്ങൾക്കായുള്ള മന്ത്രി എന്ന നിലയിൽ നിയമിക്കേണ്ടതും ഗവർണറാണ്. മണിപ്പൂരിലെ മലമ്പ്രദേശങ്ങളിലെ ആദിവാസി വിഭാഗങ്ങളുടെ ഉത്തരവാദിത്തവും സിക്കിമിലെ പല പ്രദേശങ്ങളുടെ ചുമതലയും അരുണാചൽ പ്രദേശിലെ ക്രമസമാധാനപാലനവും അനുച്ഛേദം 371ാം വകുപ്പിന്റെ ഉപവകുപ്പ് പ്രകാരം ഗവർണറിൽ നിക്ഷിപ്തമാണ്. കർണാടകയിൽ (അനുച്ഛേദം 371 (J) 2012 ലെ 98 ാം ഭരണഘടനാ ഭേദഗതി) പിന്നാക്ക ജില്ലകൾക്ക് മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിലെന്നപോലെ ഒരു വികസന സമിതി ഉണ്ടാക്കേണ്ടതിന്റെ ചുമതലയും ഗവർണർക്കാണ്.

കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളിലും ഗവർണർ സർവ്വകലാശാല ചാൻസലറായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകൾ ഒന്നും തന്നെയില്ല. രാജ്യത്താകമാനം പ്രയോഗത്തിൽ വരുത്താൻ കഴിയുന്ന വിധത്തിലുള്ള നിയമങ്ങളും ഈ വിഷയത്തിൽ നിലവിലില്ല. സർവ്വകലാശാലകളുടെ തലവനായി ഗവർണർ പ്രവർത്തിക്കുന്നത് ബ്രിട്ടീഷ് ഭരണകാലം മുതൽ പിന്തുടരുന്ന ഒരു കീഴ്‌വഴക്കമാണ്. എന്നാൽ പല സംസ്ഥാനങ്ങളിലേയും സർവ്വകലശാല ആക്ടിൽ ഗവർണറെ ചാൻസലർ ആയി നിയമിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥയുണ്ട്. പൊതു പ്രവർത്തകരുടെ അഴിമതി തടയുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ലോകായുക്തയിൽ ലോകായുക്ത, ഉപലോകായുക്ത എന്നിവരെ നിയമസഭാ സ്പീക്കറുമായും പ്രതിപക്ഷ നേതാവുമായും കൂടിയാലോചിച്ച് മുഖ്യമന്ത്രി നൽകുന്ന ഉപദേശത്തിന്മേൽ ഗവർണർ നിയമിക്കണമെന്ന് ലോകായുക്ത നിയമം വ്യവസ്ഥ ചെയ്യുന്നു.

ഭരണഘടനാവ്യവസ്ഥകൾആഴത്തിൽ പരിശോധിച്ചാൽ ഗവർണർ ഒരു സംസ്ഥാനത്തെ ഭരണകാര്യങ്ങളിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ട ഔദ്യോഗിക വ്യക്തിയാണെന്ന് മനസിലാക്കാനാകും. മന്ത്രിസഭയുടെ ഉപദേഷ്ടാവ് എന്ന നിലയിൽ ഒരു വശത്ത് അദ്ദേഹം നിലകൊള്ളുമ്പോൾ മറുവശത്ത് ഔദ്യോഗിക നിലയിൽ സംസ്ഥാനത്തിന്റെ തലവൻ എന്ന രീതിയിൽ പ്രവർത്തിക്കാനും താക്കീത് നൽകാനുമുള്ള അധികാരിയായി അദ്ദേഹം വർത്തിക്കുന്നു. സംസ്ഥാനത്ത് നടക്കുന്ന കാര്യങ്ങൾ നിഷ്പക്ഷമായി അവലോകനം ചെയ്യുന്ന ഒരു നിരീക്ഷകൻ കൂടിയാണദ്ദേഹം. ഇത്തരത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ സ്ഥിരതയും അന്തസ്സും കാത്തുസൂക്ഷിക്കുന്ന, സംസ്ഥാനകാര്യങ്ങളിൽ രാഷ്ട്രപതിയുടെ ഉപദേഷ്ടാവായും പ്രതിനിധിയായും പ്രവർത്തിക്കുന്ന ഗവർണർ കേന്ദ്ര സംസ്ഥാന ശൃംഖലയെ ബന്ധിപ്പിക്കുന്ന കണ്ണി മാത്രമല്ല ഭരണഘടനയിലെ ഫെഡറലിസത്തിന്റെ കാവൽക്കാരനാണെന്നും നിസംശയം പറയാം.

*തയ്യാറാക്കിയത് :*
*രാഖി കെ.വി.*
*സെക്ഷൻ ഓഫീസർ*

## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...




### Social Media Law and Ethics
**Jeremy Harris Lipschultz**

Routledge : New York, 2022

D65,49(Z)R2

(In this book author introduces students to the study of social media law and ethics, integrating legal concepts and ethical theories.)




### മാസ്മരികതകളുടെ വനം
ചിത്ര ബാനർജി ദിവാകരുണി

വിവർത്തനം: പി.ജയലക്ഷ്മി
മനോരമ ബുക്സ് : കോട്ടയം, 2021.

O157, 3CHI 32 R1

("The forest of Enchantment' എന്ന ബംഗാളി നോവലിന്റെ പരിഭാഷ. നിയമസഭാ സെക്രട്ടേറിയറ്റിൽ സെക്രട്ടറി-ഇൻ-ചാർജ്ജ് തസ്തികയിൽ നിന്നും വിരമിച്ച ജീവനക്കാരിയാണ് വിവർത്തക.)



### കൊടുങ്കാറ്റുറങ്ങുന്ന കടൽ
എ. സജികുമാർ

ചിന്ത പബ്ലിഷേഴ്സ് : തിരുവനന്തപുരം, 2021.

O32, 3SAJ R1

(കഥാസമാഹാരം, കഥാകാരൻ നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരനാണ്.)




### ദേശീയ വിദ്യാഭ്യാസ നയത്തിലെ ഒളിയിടങ്ങൾ
എഡിറ്റർ: ഡോ. എ. കെ. അബ്ദുൾ ഹക്കീം
ഒലീവ് പബ്ലിക്കേഷൻസ് : കോഴിക്കോട്, 2020.

Tx2 32 R0

(2020ലെ പുത്തൻ വിദ്യാഭ്യാസ നയത്തെ സംബന്ധിച്ചുള്ള 19 ലേഖനങ്ങളുടെ സമാഹാരം)




### ഭരണഘടന : ചരിത്രവും സംസ്കാരവും (2ാം പതിപ്പ്)
പി. രാജീവ്

മാതൃഭൂമി ബുക്സ് : കോഴിക്കോട്, 2021.

V2:2v 32 R1

ഇന്ത്യൻ ഭരണഘടന രൂപം കൊണ്ട ചരിത്രവും അതിന്റെ ജനാധിപത്യ മതേതരത്വ സ്വഭാവവും വിശകലനം ചെയ്യുന്ന പഠന ഗ്രന്ഥം.)




### The Transformative Constitution: A Radical Biography in Nine Acts.
Gautam Bhatia

Harper Collins Publishers : Noida, 2021.

V2:2 R1

(This book is an attempt to understand the original transformation vision of the constitution with respect to nine Acts relates to Liberty, Equality & Fraternity.)




### ഭഗത് സിങ്ങിന്റെ ജയിൽ ഡയറി
ഭഗത് സിങ്ങ്

വിവർത്തനം ബിനോയ് വിശ്വം
ഗ്രീൻ ബുക്സ്: തൃശ്ശൂർ, 2020.

V2:51y7BHA 32 R0

(Bhagat Singh's 'Jail note book' എന്ന ഡയറിക്കുറിപ്പുകളുടെ പരിഭാഷ.)




### വി. കെ. കൃഷ്ണമേനോൻ: പ്രതിഭയുടെ ബഹുജീവിതങ്ങൾ
ജയ്റാം രമേശ്

വിവർത്തനം: റോയി കുരുവിള, കെ. രാധാകൃഷ്ണ വാരിയർ
മാതൃഭൂമി ബുക്സ്: കോഴിക്കോട്, 2021.

V2,2y7 KRI32 R1

(A Chequered Brilliance:The Many Lives of V. K. Krishna Menon എന്ന ജീവചരിത്ര ഗ്രന്ഥത്തിന്റെ പരിഭാഷ)




### നമ്മുടെ യാഥാർഥ്യങ്ങൾ: ഒരു അമേരിക്കൻ സഞ്ചാരം
കമല ഹാരിസ്

വിവർത്തനം: എസ്. ജയേഷ്
ഒലീവ് പബ്ലിക്കേഷൻസ് : കോഴിക്കോട്, 2021.
V73, 11wHAR32R1

(അമേരിക്കയുടെ വൈസ് പ്രസിഡന്റായ കമല ഹാരിസിന്റെ' The Truths We Hold' എന്ന ആത്മകഥയുടെ പരിഭാഷ.)




### കേരളം: സാമ്പത്തികം സാമൂഹികം രാഷ്ട്രീയം
കെ. വേണു

ഒലീവ് പബ്ലിക്കേഷൻസ്: കോഴിക്കോട്, 2020.

Wx212 32 R0

(ആധുനിക കേരളത്തെക്കുറിച്ച് ആനുകാലികങ്ങളിലും ദിനപത്രങ്ങളിലും എഴുതിയ 32 ലേഖനങ്ങളുടെ സമാഹാരം.)




### Winning The Right Game
How to Disrupt, Defend, and Deliver in a Changing World

Ron Adner

The MIT Press: London, 2021.
X:82 R1

(The author is a strategy expert who offers a breakthrough of thinking, illustrating new ideas for winning the right game instead of simply winning in an uncertain competitive world.)




### The Caste of Merit: Engineering Education in India
Ajantha Subramanian

Harvard University Press: London, 2019.
Y592:5(T).2 Q9)

(The author gives the controversial relationships among technical education, caste formation and economic stratification in IITs in India.)

## വിജ്ഞാനപഥം

1. പാർലമെന്റുകളുടെ മാതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന പാർലമെന്റ് ഏതാണ് ?

    **ബ്രിട്ടീഷ് ഹൗസ് ഓഫ് കോമൺസ്**

2. സാധാരണയായി നിയമസഭാ സമ്മേളനത്തിൽ ആദ്യ ഒരു മണിക്കൂർ അറിയപ്പെടുന്നത് ഏത് പേരിലാണ്?

    **ചോദ്യോത്തരവേള**

3. ഇന്ത്യൻ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾക്ക് ചോദ്യം ചോദിക്കുന്നതിനുള്ള അവകാശം ലഭിച്ചത് ഏത് ആക്ട് പ്രകാരം ?

    **1892 ലെ ഇന്ത്യൻ കൗൺസിൽസ് ആക്ട് പ്രകാരം**

4. കേരള നിയമസഭയിൽ നിലവിൽ ഒരംഗത്തിന് നക്ഷത്ര ചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമുൾപ്പെടെ ഒരു ദിവസം പരമാവധി എത്ര ചോദ്യങ്ങൾക്ക് നോട്ടീസ് നൽകാം?

    **ഏഴ്**

5. കേരള നിയമസഭയിൽ നിലവിൽ ഒരു ദിവസം ഒരംഗത്തിന് വാങ്മൂലം മറുപടി ലഭിക്കുന്നതിനായി നക്ഷത്ര ചിഹ്നമിട്ട എത്ര ചോദ്യങ്ങളാണ് പരമാവധി അനുവദിക്കുന്നത് ?

    **മൂന്ന്**

6. നക്ഷത്രചിഹ്നമിട്ട എത്ര ചോദ്യങ്ങളാണ് ഒരു ദിവസം നിയമസഭയിൽ അനുവദിക്കുന്നത് ?

    **30**

7. നിയമസഭാ ചോദ്യങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം ആരുടേതാണ് ?

    **നിയമസഭാ സ്പീക്കർ**

8. കേരള നിയമസഭയിൽ പരമാവധി എത്ര അംഗങ്ങൾക്കാണ് ഒരു ചോദ്യത്തിനുള്ള നോട്ടീസ് ക്ലബ്ബ് ചെയ്ത് നൽകാൻ കഴിയുന്നത് ?

    **4 അംഗങ്ങൾ**

9. നിയമസഭാ ചോദ്യങ്ങൾ ബന്ധപ്പെട്ട മന്ത്രിക്ക് ലഭ്യമാക്കേണ്ട സമയപരിധി എത്ര ദിവസമാണ് ?

    **ആറ് ദിവസം**

10. നിയമസഭാ സെക്രട്ടേറിയറ്റിനെയോ, സ്പീക്കറെയോ സംബന്ധിച്ച ചോദ്യങ്ങൾക്ക് സഭാതലത്തിൽ ഉത്തരം നൽകാറുണ്ടോ ?

    **ഇല്ല (നിയമസഭാ സെക്രട്ടേറിയറ്റിനെയോ, സ്പീക്കറെയോ സംബന്ധിച്ച വിവരങ്ങൾ അറിയാൻ നിയമസഭാ സെക്രട്ടറിയുമായോ, സ്പീക്കറുടെ ഓഫീസുമായോ ബന്ധപ്പെടണം)**



ബ്രിട്ടീഷ് ഹൗസ് ഓഫ് കോമൺസ്

ചിത്രജാലകം

## ചിത്രജാലകം



1947 ആഗസ്റ്റ് 14 അർദ്ധരാത്രി കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലിയിൽ ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രസംഗിക്കുന്നു.

ചിത്രജാലകം



സംസ്ഥാന വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വനമഹോത്സവത്തിന്റെ സമാപന സമ്മേളനത്തോടനുബന്ധിച്ച് കുന്നത്തുനാട് എം.എൽ.എ. പി.വി.ശ്രീനിജിൻ പകർത്തിയ ഫോട്ടോകളുടെ പ്രദർശനവേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ

നിയമസഭാ പ്രസംഗത്തിലൂടെ........

# കാർഷിക മേഖലയെ സംരക്ഷിക്കാൻ ഉൽപാദനവും വിതരണവും വില്പനയും സഹകരണാടിസ്ഥാനത്തിൽ നടത്തണം



ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയുടെ മറുപടിയായി 1957 ജൂൺ 18 ന് സി. അച്യുതമേനോൻ സഭയിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്

'സർ, ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ചുള്ള ചർച്ചകളിൽ പ്രതിപക്ഷ മെമ്പറന്മാരിൽ പലരും വളരെ രൂക്ഷമായി വിമർശിക്കുകയുണ്ടായി. ഈ ഡിപ്പാർട്ടുമെന്റു കൊണ്ട് യാതൊരു പ്രയോജനവുമില്ല. ഇത് ആകെ തന്നെ പിരിച്ച് വിട്ട് ഇതിന് ചെലവാക്കുന്ന തുക വളം വാങ്ങുന്നതിനുപയോഗിക്കുന്നത് ഏറെ നന്നായിരിക്കുമെന്നുമെല്ലാമുള്ള നിർദ്ദേശങ്ങൾ വരെ ഉണ്ടായി. ആ വക നിർദ്ദേശങ്ങളോട് യോജിക്കുവാൻ നിവൃത്തിയില്ലെന്ന് മാത്രമേ അതിനെ സംബന്ധിച്ചെനിക്കു പറയുവാനുള്ളൂ.

ഇവിടെ വന്ന വിമർശനങ്ങൾ രണ്ടു പ്രകാരത്തിലുള്ള വിമർശനങ്ങളായിട്ടാണ് കാണുന്നത്. ഒന്ന് കൃഷി ഡിപ്പാർട്ട്മെന്റ് നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച്, രണ്ടാമത് പൊതുവായിട്ടുള്ള ഗവൺമെന്റിന്റെ സാമൂഹ്യ സാമ്പത്തിക നയത്തെ സംബന്ധിച്ച്, അവ ഓരോന്നായി എടുക്കാം.

ആദ്യമായി പറഞ്ഞ ആക്ഷേപം ഇവിടുത്തെ കൃഷിക്കാരെ രക്ഷിക്കുന്നതിന് അവരുടെ കടബാധ്യതയെ സംബന്ധിച്ച് ഈ ഗവൺമെന്റ് യാതൊന്നും ചെയ്യുന്നില്ലെന്നുള്ളതാണ്. കർഷകരുടെ ഋണബാദ്ധ്യതയെ ലഘൂകരിക്കുന്നതിനാവശ്യമായ യാതൊരു നടപടികളും ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നതായി സൂചന കാണുന്നില്ലെന്നും മറ്റും പറയുകയുണ്ടായി. ഈ രാജ്യത്തെ കൃഷി അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ കൃഷി ഭൂമി തുണ്ടുതുണ്ടായിപ്പോകുന്നതിനെ നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും, കൃഷി ഭൂമികളെ ഒന്നായി കൊണ്ടുവന്ന് വൻതോതിൽ കൃഷി ചെയ്തു കാർഷികവിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്ക് ഒരു പദ്ധതി ആസൂത്രണം ചെയ്യണമെന്നും, അങ്ങനെയുള്ള പദ്ധതികളോ, പരിപാടികളോ ഒന്നും കാണുന്നില്ലെന്നും ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു. അതിനെയെല്ലാം സംബന്ധിച്ച് വളരെ സംക്ഷിപ്തമായി എനിക്ക് പറയുവാനുള്ളത് ഇതാണ്. നമ്മുടെ രാജ്യത്തെ കർഷകരെ സംബന്ധിച്ചിടത്തോളമുള്ള കടബാദ്ധ്യത വളരെ പ്രധാനമായി ഗവൺമെന്റ് ചിന്തിക്കേണ്ട ഒരു കാര്യമാണ്. അവർക്ക് അതിൽ നിന്നും രക്ഷകിട്ടണമെന്നുള്ള കാര്യത്തിൽ യാതൊരഭിപ്രായവ്യത്യാസവുമില്ല. ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ, ഇതിനെ സംബന്ധിച്ച് വേണ്ട പരിഹാരം ഉണ്ടാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതായി പ്രസ്താവിച്ചിട്ടുണ്ട്. അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വീണ്ടും വീണ്ടും ആവർത്തിച്ചു പറഞ്ഞതുകൊണ്ടു മാത്രം പ്രയോജനമില്ല, അതിന്റെ ആവശ്യം ഇല്ല. പക്ഷേ അതിനുവേണ്ടിയുള്ള നിയമ നിർമ്മാണം നടത്തുകയെന്നത് അത്രയേറെ ലാഘവത്തോടുകൂടി ചെയ്യാവുന്ന ഒന്നാണെന്നു ഗവൺമെന്റിനഭിപ്രായമില്ല. വളരെ സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യേണ്ട ഒരു കാര്യമാണത്. കടം വെട്ടിക്കുറയ്ക്കേണ്ടതും മറ്റും ആവശ്യമാണ്. പക്ഷേ നാണയവ്യവസ്ഥയ്ക്ക് അതുകൊണ്ട് ഉലച്ചിൽ തട്ടാതെ നോക്കണം. കൃഷിക്കാർക്ക് കടം കിട്ടുവാനുള്ള സാദ്ധ്യത കൂടി ഉണ്ടാകണം. ഈ വക സംഗതികളെല്ലാം വേണ്ട പോലെ ആലോചിച്ച് ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതായിട്ടാണിരിക്കുന്നത്. അതിന് കുറെ താമസം നേരിടും. വളരെ താമസം ഉണ്ടാകുമെന്നുതോന്നുന്നില്ലെങ്കിലും ആവശ്യമായ താമസം കൂടിയേ തീരു. അതിനെപ്പറ്റി ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. അതിൽനിന്ന് പിന്മാറുന്നതല്ലെന്നു ബഹുമാനപ്പെട്ട കുട്ടനാടൻ മെമ്പറിനോടും ഈ കാര്യം ഉന്നയിച്ച മറ്റു മെമ്പർമാരോടും ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു.

സഹകരണ സംഘങ്ങൾ മുഖേന കടം കൊടുക്കുവാനേർപ്പാടുണ്ട്. എന്നാൽ കേരള സംസ്ഥാനത്തിലെ ഒട്ടാകെയുള്ള കൃഷിക്കാരുടെ ഇടയിൽ കാണുന്ന കടക്കാരുടെ തോതുവച്ചു നോക്കുകയാണെങ്കിൽ ഈ സംഘങ്ങളുടെ പ്രവർത്തനം തീരെ അപര്യാപ്തമായിട്ടാണ് കാണുന്നത്. അതുകൊണ്ട് അതിനുള്ള വഴികൂടി കണ്ടുപിടിക്കേണ്ടതാണ്.

ഭൂമി തുണ്ടുതുണ്ടായി ചിന്നിച്ചിതറി കിടക്കുന്നതിനെ സംയോജിപ്പിക്കണമെന്നും, അങ്ങനെ കാർഷികാദായം വർദ്ധിപ്പിക്കണമെന്നും അതിലേയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇവിടെ പറയുകയുണ്ടായി. ആ അഭിപ്രായങ്ങളോട് ഞാൻ യോജിക്കുന്നു. പക്ഷേ, കൺസോളിഡേഷൻ നടപ്പിൽ വരുത്തുന്നതിൽ പല പ്രശ്നങ്ങൾ കിടപ്പുണ്ട്. ഈ കൺസോളിഡേഷൻ നിർബന്ധപൂർവ്വമായി നടപ്പിൽ വരുത്താൻ സാദ്ധ്യമാണോ? അഥവാ സാദ്ധ്യമാണെങ്കിൽത്തന്നെ, അതെങ്ങനെയാണ് നടപ്പിൽ വരുത്തേണ്ടത്? ഇങ്ങനെ കൺസോളിഡേഷൻ നടപ്പിൽ വരുത്തിയിട്ടുള്ള സോവിയേറ്റ് റഷ്യയിലും ചൈനയിലും ഉള്ള സമ്പ്രദായത്തെപ്പറ്റി പല ആളുകളിലും നിന്നും വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഏതു രീതിയിൽ ഈ കൺസോളിഡേഷൻ നടത്തണമന്നുള്ളത് വളരെ പ്രധാനമായ കാര്യമാണ്. അതിനുമുമ്പ് ഇന്നത്തെ സാഹചര്യങ്ങൾ വച്ചുകൊണ്ടും അതിന്റെ അടിസ്ഥാനത്തിൽ മാത്രം ലാൻഡ് കൺസോളിഡേഷൻ നടത്താൻ വളരെ പ്രയാസമാണ്. ഈ രാജ്യത്തെ ബഹു ഭൂരിപക്ഷം കൃഷിക്കാർക്ക് സ്വന്തമായി ഭൂമി ഉണ്ടായിരിക്കുക, ഏറെക്കുറെ ഒരേ നിലവാരത്തിൽ സാമ്പത്തിക നില ഉണ്ടായിരിക്കുക, ഇങ്ങനെയുള്ള ഒരു സാഹചര്യമാണുണ്ടായിരുന്നതെങ്കിൽ, ഈ പ്രശ്നം വളരെ എളുപ്പത്തിൽ പരിഹരിക്കാൻ കഴിയുമായിരുന്നു. സഹകരണാടിസ്ഥാനത്തിൽതന്നെ കൃഷിക്കാരെ സംഘടിപ്പിച്ചു പ്രോത്സാഹിപ്പിക്കുന്നതിനും ഒരതിർത്തിവരെ കൂട്ടായ ഉൽപ്പാദനവും കൂട്ടായ വിൽപ്പനയും അവയെക്കൊണ്ട് നടത്തിക്കുന്നതിനും വേണ്ട സഹായങ്ങൾ ഗവൺമെന്റ് ബോധപൂർവ്വം ചെയ്തുകൊടുത്ത് ഇവിടുത്തെ കൃഷിക്കാരെ രക്ഷിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. ആ അടിസ്ഥാനത്തിൽ, പടിപടിയായിട്ട് ഉൽപ്പാദനവും, വിതരണവും, വിൽപ്പനയുമെല്ലാം സഹകരണാടിസ്ഥാനത്തിൽ നടത്തണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിലേക്കാവശ്യമായ കാര്യങ്ങൾ സഹകരണ ഡിപ്പാർട്ടുമെന്റുമായി ആലോചിച്ചു നടത്തണമെന്നും ഗവൺമെന്റാലോചിക്കുന്നു. അതിനപ്പുറം എന്തെങ്കിലും ചെയ്യുവാൻ നമ്മുടെ സാമൂഹ്യനിലയുടെ ഇന്നത്തെ സ്ഥിതിക്ക് സാദ്ധ്യമാണെന്നു തോന്നുന്നില്ല.

ചില സംസ്ഥാനങ്ങളിൽ കൺസോളിഡേഷൻ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നതിനെ ഞാൻ സ്വീകരിക്കുന്നു. യു.പി., പഞ്ചാബ് തുടങ്ങിയ രാജ്യങ്ങളിൽ അങ്ങനെ നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവിടെ അത് കുറെയൊക്കെ വിജയകരമായിട്ടുണ്ടാവാം. പക്ഷേ ആ രാജ്യങ്ങളിൽത്തന്നെ ഈ കൺസോളിഡേഷൻ നിയമങ്ങളോട് എതിർപ്പു കാണിക്കുന്നവരും ഉണ്ട്. അവിടുത്തെ പാവപ്പെട്ട ആളുകളുടെ രൂക്ഷമായ എതിർപ്പും ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. അനവധി ഉദാഹരണങ്ങൾ അതിനുവേണ്ടി എനിക്ക് ചൂണ്ടിക്കാണിക്കുവാൻ കഴിയും. അവിടുത്തെ കൃഷിക്കാർ കൈവശം വച്ചു കൃഷിചെയ്തു കൊണ്ടിരിക്കുന്ന ചെറിയ ചെറിയ ഭൂമികളെ നശിപ്പിക്കാനും ചെറിയ ഭൂവുടമസ്ഥന്മാരെ വിഴുങ്ങാനുമുള്ള ഒരു ഉപകരണമായിട്ടുപോലും ഈ നിയമത്തെ ഉപയോഗപ്പെടുത്തുന്നുണ്ടെന്നു യു.പി.യിൽ ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് വളരെ ആലോചിച്ചുവേണം ഇത്തരം നിയമങ്ങൾ ഉണ്ടാക്കേണ്ടതെന്നു ഞാൻ പറഞ്ഞത്.

സർ, ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ചുണ്ടായ വിമർശനങ്ങളിലേയ്ക്ക് കടക്കുന്നതിനുമുമ്പായി, പൊതുവേ സാമൂഹ്യ പ്രാധാന്യമുള്ള മറ്റൊരു കാര്യത്തെ കുറിച്ച് രണ്ട് വാക്ക് പറയേണ്ടിയിരിക്കുന്നു. കാർഷികോൽപ്പാദനത്തിനാവശ്യമുള്ള വളം കിട്ടുന്നില്ലെന്നുള്ള പരാതിയെപ്പറ്റി ചില പരാമർശങ്ങൾ ഇവിടെ ഉണ്ടായി. അതിൽ കുറെ വാസ്തവമുണ്ട്. എന്നാൽ ഈ പരാതി എങ്ങനെ തീർക്കാൻ സാധിക്കും? സഹകരണാടിസ്ഥാനത്തിൽ വളം വാങ്ങുവാനും വിതരണം ചെയ്യുവാനുമുള്ള ഏർപ്പാടുകൾ ചെയ്യുക, അതിനുവേണ്ട ഒത്താശകൾ ചെയ്തു കൊടുക്കുക, ഇതൊക്കെ ഗവൺമെന്റ് ചെയ്യുന്നതാണ്. അതുപോലെ തന്നെ, എന്റെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ മാതിരി വിദേശ വിപണികളിലേയ്ക്ക് സാധനങ്ങൾ കയറ്റി അയയ്ക്കുമ്പോൾ നല്ല വിലയ്ക്ക് ആ വക സാധനങ്ങൾ വിറ്റഴിക്കുവാനുള്ള സൗകര്യങ്ങളെല്ലാം ചെയ്തു കൊടുക്കണമെന്നും ഗവൺമെന്റ് വിചാരിക്കുന്നുണ്ട്. കാർഷിക വിഭവങ്ങൾ സാമാന്യം നല്ല വില കിട്ടുമ്പോൾ ഗവൺമെന്റ് നേരിട്ടു തന്നെ വിൽക്കത്തക്കവണ്ണവും അതുവരെ ഈ സാധനങ്ങൾ സൂക്ഷിക്കത്തക്കവണ്ണവും ഉള്ള പരിപാടികൾ ഗവൺമെന്റാസൂത്രണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷെ എനിക്കഭിപ്രായമില്ല, ഇങ്ങനെയുള്ള പരിമിതമായ പരിപാടികൾ കൊണ്ട് മാത്രം വിദേശവിപണികളിൽ നമ്മുടെ കാർഷിക വിഭവങ്ങളെ എന്നും ഒരേ വിലക്കൂടുതലിൽ നിറുത്താൻ സാധിക്കുമെന്ന്.

### സി. അച്യുതമേനോൻ

1913 ജനുവരി 13 ന് മഠത്തിൽ വീട്ടിൽ അച്യുതമേനോന്റെയും ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായാണ് സി. അച്യുതമേനോൻ ജനിച്ചത്. തിരു-കൊച്ചി നിയമസഭയിലും ഒന്ന്, രണ്ട്, മൂന്ന്, നാല് കേരള നിയമസഭകളിലും അച്യുതമേനോൻ അംഗമായിരുന്നു. ഒന്നാം കേരള നിയമസഭയിൽ ധനകാര്യ വകുപ്പ് മന്ത്രിയായും 1969 മുതൽ 1977 വരെ കേരളത്തിന്റെ മുഖ്യമന്ത്രിയായും പ്രവർത്തിച്ചു. രാജ്യസഭാംഗമായിരിക്കെയാണ് കേരള മുഖ്യമന്ത്രിയാകുന്നത്. 1970-77 കാലഘട്ടത്തിൽ നിയമസഭയുടെ പ്രിവിലേജസ് കമ്മിറ്റി ചെയർമാനായിരുന്നു. സി.പി.ഐ. നാഷണൽ കൗൺസിൽ അംഗമായും സി.പി.ഐ. സംസ്ഥാന കമ്മിറ്റി സെക്രട്ടറിയായും പ്രവർത്തിച്ച അദ്ദേഹം എസ്.എസ്.എൽ.സി. പരീക്ഷയിൽ ഒന്നാം റാങ്കും, മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഹിന്ദു നിയമത്തിൽ സ്വർണ്ണ മെഡലും കരസ്ഥമാക്കിയിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള അച്യുതമേനോൻ 1991 ആഗസ്റ്റ് 16 ന് അന്തരിച്ചു.




# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

## 1960 ലെ കേരള അഗ്രേറിയൻ റിലേഷൻസ് ആക്ട് (1961ലെ നാലാമത് നിയമം)

ഒരു പുതിയ നിയമനിർമ്മാണത്തിനായുള്ള പ്രൊപ്പോസലിന് അന്തിമരൂപം നൽകിക്കഴിഞ്ഞാൽ അതിനായുള്ള ബില്ലിന് രൂപം നൽകുകയാണ് സർക്കാർ ആദ്യം ചെയ്യുന്നത്. പ്രസ്തുത ബിൽ തുടർ നടപടികൾക്കായി നിയമസഭയ്ക്ക് അയയ്ക്കുകയും തുടർന്ന് ബിൽ സഭയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ഒരു ബിൽ സഭയിൽ അവതരിപ്പിക്കപ്പെട്ടു കഴിഞ്ഞാൽ സഭയക്ക് അത് ഉടൻതന്നെ പരിഗണനയ്ക്ക് എടുത്തു പാസ്സാക്കാവുന്നതാണ്. അല്ലാത്തപക്ഷം വിശദമായ പരിശോധനയ്ക്കായി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടേയോ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെയോ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി അയയ്ക്കുകയുമാവാം. ഇതിനു പുറമെ നിയമസഭാ ചട്ട പ്രകാരം സഭയ്ക്ക് മറ്റൊരു മാർഗ്ഗം കൂടി വിനിയോഗിക്കാവുന്നതാണ്. ബില്ലിന്റെ വ്യവസ്ഥകളിൽ പൊതുജനങ്ങൾക്കുള്ള അഭിപ്രായം ആരായുന്നതിനായി ബിൽ സർക്കുലേറ്റ് ചെയ്യുക എന്നതാണ് ആ മാർഗ്ഗം. കേരള നിയമസഭയിൽ വളരെ പരിമിതമായ ബില്ലുകൾ മാത്രമാണ് അപ്രകാരം പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 1957ലെ കേരള അഗ്രേറിയൻ റിലേഷൻസ് ബില്ലാണ് കേരള നിയമസഭയിൽ ആദ്യമായി പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യപ്പെട്ട ബിൽ. 1957 ഡിസംബർ 21 ാം തീയതി അന്നത്തെ റവന്യൂ വകുപ്പ് മന്ത്രി കെ.ആർ. ഗൗരിയാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. അന്നുതന്നെ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യുകയും ചെയ്തു. ബില്ലിന്റെ വ്യവസ്ഥകളിന്മേൽ വ്യത്യസ്തങ്ങളായ നിരവധി അഭിപ്രായങ്ങളാണ് അന്ന് പൊതുജനങ്ങളിൽ നിന്നും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായത്. അത്തരം അഭിപ്രായങ്ങളുടെ കൂടി അടിസ്ഥാനത്തിൽ ബില്ലിനെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി 1958 ഏപ്രിൽ 2 ാം തീയതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയാണുണ്ടായത്.

ഏകദേശം ഒരു വർഷത്തോളം നീണ്ടുനിന്ന പഠനത്തിനും തെളിവെടുപ്പുകൾക്കും ശേഷം സെലക്ട് കമ്മിറ്റി 1959 മാർച്ച് 24 ാം തീയതി അതിന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ദിവസങ്ങൾ ഒരു ബില്ലിന്മേലുള്ള സെലക്ട് / സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ചർച്ച നടന്നത് 1957ലെ കേരള അഗ്രേറിയൻ റിലേഷൻസ് ബില്ലിന്മേലാണ്. ആകെ 31 ദിവസത്തെ ചർച്ചയെത്തുടർന്ന് 1959 ജൂൺ 10ാം തീയതി നിയമസഭ പാസ്സാക്കിയ ബിൽ ഗവർണറുടെ അനുമതിക്കായി സമർപ്പിച്ചപ്പോൾ ഗവർണർ, ബിൽ രാഷ്ട്രപതിയുടെ അനുമതിക്കായി അയയ്ക്കുകയും രാഷ്ട്രപതി ഭരണഘടനയുടെ 201ാം അനുച്ഛേദം പ്രകാരം ബിൽ തിരിച്ചയയ്ക്കുകയും ചെയ്തു. തുടർന്ന് 1960 ഒക്ടോബർ 15 ാം തീയതി ബിൽ പുനഃപരിശോധന നടത്തുകയും വീണ്ടും പാസ്സാക്കുകയും ചെയ്തു. അപ്രകാരം വീണ്ടും പാസ്സാക്കിയ ബില്ലിന് 1961 ജനുവരി 21 ാം തീയതിയാണ് രാഷ്ട്രപതി അംഗീകാരം നൽകിയത്.

കേരളത്തിലെ ഭൂവുടമകുടിയാന്മാർ ബന്ധങ്ങളിൽ സമഗ്രവും സമൂലവുമായ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണമായിരുന്നു ഇത്. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് കാർഷിക പരിഷ്കരണ കാര്യങ്ങളിൽ സംസ്ഥാനങ്ങൾ മുൻഗണന നൽകണമെന്ന് ഒന്നാം പഞ്ചവത്സര പദ്ധതിയിൽ ഊന്നി പറഞ്ഞിരുന്നു. പരിഷ്കാരത്തിന്റെ ദേശീയ ലക്ഷ്യം രാജ്യം ഭക്ഷ്യഉല്പാദന കാര്യത്തിൽ സ്വയംപര്യാപ്തതയിൽ എത്തുകയും രാജ്യത്തിന്റെ വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ വിളകൾ വർദ്ധിപ്പിച്ച് രാജ്യത്തിലെ മൗലിക പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു. ഈ ലക്ഷ്യങ്ങൾ നേടുന്നതിന് രണ്ടാം പഞ്ചവത്സര പദ്ധതിയിലെ കാർഷിക പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷന്റെ മുഖ്യശിപാർശകളായ, കൃഷിക്കാർ പാട്ടത്തിന് എടുത്തു കൃഷി ചെയ്യുന്ന ഭൂമിയിൽ സ്ഥിരാവകാശം, ഭൂമിക്ക് പരിധി നിർണ്ണയം, സ്ഥിര കുടിയാന്മാർക്ക് ഭൂമിയിൽ ഉടമസ്ഥത, മര്യാദപ്പാട്ടം നൽകുക, മദ്ധ്യവർത്തികളെ ഒഴിവാക്കുക എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂവുടമകുടിയാന്മാർ ബന്ധത്തിൽ വരുത്തേണ്ട മാറ്റങ്ങൾക്ക് നിയമപ്രാബല്യം നൽകുന്നതിനു വേണ്ടിയാണ് ഈ നിയമം നിർമ്മിക്കപ്പെട്ടിട്ടുള്ളത്.

കൃഷിക്കാർ പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുന്ന ഭൂമിയിൽ സ്ഥിരാവകാശം നൽകുക എന്നതാണ് ഈ നിയമത്തിലെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥ. കാണം, കുഴിക്കാണം, കസ്റ്റമറി, വെറും പാട്ടം, മലബാറിൽ 1957 ഏപ്രിൽ 1 ന് മുമ്പ് 5 കൊല്ലം തുടർച്ചയായി വസ്തു കൈവശം വച്ചുകൊണ്ടിരിക്കുന്നതായ പാട്ടക്കാർ, സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽ 1957 ഏപ്രിൽ 11 നു മുമ്പ് 10 കൊല്ലം തുടർച്ചയായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന പാട്ടക്കാർ, കുടിയിരിപ്പുകാർ മുതലായ സ്ഥിരം കുടിയായ്മകളെ യാതൊരു കാരണവശാലും ഒഴിപ്പിക്കാൻ പാടില്ലെന്ന വ്യവസ്ഥ നിയമത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

നിയമത്തിലെ മറ്റൊരു പ്രധാന വ്യവസ്ഥ മര്യാദപ്പാട്ടം സംബന്ധിച്ചുള്ളതാണ്. കുടിയാൻ കൊടുക്കേണ്ടതായിട്ടുള്ള മര്യാദപ്പാട്ടത്തിന്റെ ഏറ്റവും കൂടുതൽ തോതും ഏറ്റവും കുറഞ്ഞ തോതും വ്യക്തമാക്കിയിട്ടുണ്ട്. ഓരോ തരം ഭൂമിക്കും പ്രത്യേകത അനുസരിച്ചുള്ള മര്യാദപ്പാട്ടമാന്ന് നിശ്ചയിച്ചിട്ടുള്ളത്. ഓരോ പ്രത്യേക പ്രദേശത്തും മര്യാദപ്പാട്ടം എന്തായിരിക്കണമെന്ന് ഗവൺമെന്റ് നിശ്ചയിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇങ്ങനെ നിശ്ചയിക്കുന്ന മര്യാദപ്പാട്ടം തങ്ങളുടെ ഭൂമിക്ക് നിശ്ചയിച്ചു കിട്ടാൻ ഓരോ കുടിയാനും ലാൻഡ് ട്രൈബ്യൂണലിൽ ഹർജി സമർപ്പിക്കേണ്ടതാണ്. 1957 ഏപ്രിൽ 11 നു മുമ്പ് കുടിയാൻ ജന്മിക്ക് കൊടുക്കേണ്ടതായിട്ടുള്ള പാട്ടബാക്കി ചില വ്യവസ്ഥകൾക്കു വിധേയമായി റദ്ദാക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. എല്ലാ വിഭാഗത്തിലുംപെട്ട കുടിയാന്മാർക്ക് സ്ഥിരാവകാശം നൽകുന്നതിന്റെ ഫലമായി ചെറു ഭൂവുടമകൾ നേരിടുന്ന വിഷമതകൾ കുറയ്ക്കാനുദ്ദേശിച്ചു കൊണ്ടുള്ള വ്യവസ്ഥകളും നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നു.

നിയമത്തിലെ അതിപ്രധാനമായ മറ്റൊരു വ്യവസ്ഥ സ്ഥിരം കുടിയാന്മാർക്ക് അവർ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന ഭൂമി ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധിവരെ ജന്മിയുടെ കയ്യിൽ നിന്നും പ്രതിഫലം കൊടുത്ത് വാങ്ങാവുന്നതാണ് എന്നതാണ്. പരിധി നിർണ്ണയമാണ് മറ്റൊരു പ്രധാന വ്യവസ്ഥ. ഒരാൾക്കോ അഞ്ചംഗങ്ങളുള്ള ഒരു കുടുംബത്തിനോ കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി പതിനഞ്ചേക്കർ ഇരുപ്പൂ നിലമോ തത്തുല്യമായ മറ്റു ഭൂമിയോ ആയിരിക്കും. അഞ്ചംഗങ്ങളിൽ കൂടുതലുള്ള കുടുംബങ്ങളെ സംബന്ധിച്ച് അഞ്ചംഗങ്ങളിൽ അധികമായ ഓരോ അംഗത്തിനും ഒരു ഏക്കർ വീതം പരമാവധി ഇരുപത്തിയഞ്ച് ഏക്കർ വരെ പരിധി നിശ്ചയിച്ചു. പരിധി നിർണ്ണയത്തിൽ നിന്ന് ഗവൺമെന്റ് ഭൂമിയെയും തോട്ടങ്ങളെയും പൊതു മത സ്ഥാപനങ്ങളെയും പൊതു മതധർമ്മ സ്ഥാപനങ്ങളെയും മറ്റും ഒഴിവാക്കിയിരുന്നു. പരിധിയിൽ കൂടുതലുള്ള ഭൂമി സർക്കാരിനെ ഏൽപ്പിക്കേണ്ടതും അങ്ങനെ ഏല്പിക്കുന്ന ഭൂമിക്ക് നിയമം നിശ്ചയിച്ച പ്രകാരം പ്രതിഫലം നൽകുന്നതിനുള്ള വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിരുന്നു. ഇങ്ങനെ ഗവൺമെന്റിൽ തിരിച്ചേൽപ്പിക്കുന്ന ഭൂമി പരമാവധി അഞ്ച് ഏക്കർ വരെ വില ഈടാക്കി ഈ നിയമംമൂലം ഭൂമി നഷ്ടപ്പെട്ട കുടിയാന്മാർക്കും ഭൂവുടമകൾക്കും കോ ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റികൾക്കും കർഷക തൊഴിലാളികൾക്കും നൽകുന്നതിനുള്ള വ്യവസ്ഥയും നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നു. കൂടാതെ, നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ലാൻഡ് ട്രൈബ്യൂണലും ലാൻഡ് ബോർഡും രൂപീകരിക്കുന്നതു സംബന്ധിച്ചും നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. 1961ൽ നിലവിൽവന്ന നിയമത്തിൽ തൊട്ടടുത്ത വർഷം തന്നെ രണ്ടു ഭേദഗതികൾ വരുത്തുകയുണ്ടായി.

1962ലെ കേരള അഗ്രേറിയൻ റിലേഷൻസ് (അമെന്റ്മെന്റ്) ആക്ട് (1962ലെ 14 ാമത് നിയമം) പ്രകാരം നിയമത്തിലെ 34 ാം വകുപ്പ് (1)ാം ഉപവകുപ്പിൽ 'നിയമം നിലവിൽ വന്ന് ഒരു വർഷത്തിനകം' എന്നതിനു പകരം 'നിയമം നിലവിൽ വന്ന് രണ്ടു വർഷത്തിനകം' എന്ന് ചേർത്തു. കൂടാതെ നിലവിലുള്ള നിയമത്തിലെ അവസാനത്തെ ക്ലിപ്തനിബന്ധനയ്ക്ക് പകരം പുതിയ ക്ലിപ്തനിബന്ധനയും ഒരു വർഷം എന്നതിനു പകരം രണ്ടു വർഷമോ ഒരു വർഷവും ആറ് മാസവുമോ അതതു സംഗതി പോലെ എന്ന് ചേർക്കുകയും ചെയ്തു.

1124ലെ 6 ാമത് കൊച്ചി വിളംബരത്തിൽ റബ്ബർ, കാപ്പി, തേയില, കശുവണ്ടി എന്നിവ ഒഴികെ മറ്റു വിളകൾ കൃഷി ചെയ്തിട്ടുള്ളതും പണയത്തിലിരിക്കുന്നതുമായ കൃഷിഭൂമിയുടെ പണയതുകയുടെ പലിശ പ്രമാണത്തിൽ പറഞ്ഞിരിക്കുന്ന പണയവസ്തുവിന്റെ പാട്ടത്തിന്റെ നാൽപത് ശതമാനത്തിൽ

താഴെയാണെങ്കിൽ കൈവശമുള്ള പണയ വസ്തു ഒഴിപ്പിച്ചെടുക്കുന്നത് സംബന്ധിച്ച കോടതി വിചാരണ തുടരേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. വസ്തു പണയപ്പെടുത്തൽ എന്ന കൈമാറ്റ പ്രക്രിയ കുടിയായ്മ സ്വഭാവത്തിലുള്ളതാണെന്നും കുടിയായ്മ നിയമമനുസരിച്ച് സംരക്ഷണം അർഹിക്കുന്നതാണെന്നുമുള്ള വസ്തുതയുടെ അടിസ്ഥാനത്തിലായിരുന്നു പ്രസ്തുത വ്യവസ്ഥ ചേർത്തിരുന്നത്. തിരു കൊച്ചി സംസ്ഥാനത്തിന്റെ രൂപീകരണത്തോടെ പ്രസ്തുത നിയമം കാലഹരണപ്പെടുകയും 1924ലെ 6ാം വിളംബരം മൂലനിയമം മുഖേന റദ്ദാക്കപ്പെടുകയും ചെയ്തു. എന്നാൽ പണയവസ്തുക്കളെ സംബന്ധിക്കുന്ന യാതൊരു വ്യവസ്ഥകളും മൂലനിയമത്തിൽ ഉൾപ്പെടുത്തിയിരുന്നുമില്ല. അതുമൂലം ഉടമകൾ നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെയും നിയമത്തിലെ വ്യവസ്ഥകളുടെ അഭാവത്തിൽ അനുഭവിക്കേണ്ടിവരുന്ന കുടിയിറക്ക് ഉൾപ്പെടെയുള്ള ഭീഷണികളെയും കുറിച്ച് സർക്കാരിന് ലഭിച്ച നിവേദനങ്ങളെ തുടർന്ന് ഇത്തരം പണയവസ്തുക്കളുടെ ഉടമകളെ സംരക്ഷിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ 1960 ലെ കേരള അഗ്രേറിയൻ റിലേഷൻ ആക്ടിൽ കൂട്ടിച്ചേർക്കേണ്ടത് ആവശ്യമായിവന്നു. അതിനായി 1962 ലെ കേരള അഗ്രേറിയൻ റിലേഷൻസ് (സെക്കന്റ് അമെന്റ്മെന്റ്) ആക്ട് (1962ലെ 26 ാമത് നിയമം) പാസ്സാക്കുകയും അതുവഴി 1961 ലെ മൂലനിയമത്തിലെ 2 ാം വകുപ്പിന് ഭേദഗതി വരുത്തുകയും 4 ാം വകുപ്പിനുശേഷം 4 എ, 4 ബി എന്നീ വകുപ്പുകൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.

രണ്ടാം കേരള നിയമസഭയിൽ അന്നത്തെ ആഭ്യന്തര മന്ത്രി പി.ടി. ചാക്കോ 1963 സെപ്റ്റംബർ 20 ാം തീയതി സഭയിൽ അവതരിപ്പിക്കുകയും 1963 ഡിസംബർ 4 ാം തീയതി സഭ പാസ്സാക്കുകയും ഡിസംബർ 31 ാം തീയതി രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ചെയ്ത 1963 ലെ കേരള ലാന്റ് റിഫോംസ് ആക്ട് (1964 ലെ 1ാമത് നിയമം) മുഖാന്തിരം 1960 ലെ കേരള അഗ്രേറിയൻ റിലേഷൻസ് ആക്ട് റദ്ദാക്കപ്പെട്ടു.

ഇന്ത്യൻ ഭരണഘടനയുടെ ഏഴാം പട്ടികയിലൂടെ വിഭജിച്ച് നൽകപ്പെട്ട നിയമനിർമ്മാണാധികാരപ്രകാരം ഭൂപരിഷ്കരണം സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന വിഷയമായതിനാൽ അതിനായുള്ള നിയമനിർമ്മാണങ്ങൾ നടത്തേണ്ടത് അതതു സ്റ്റേറ്റുകളുടെ അധികാരപരിധിയിൽ വരുന്ന കാര്യമാണ്. വർഷങ്ങളായി രാജ്യത്തു നിലനിന്നിരുന്ന സാമൂഹ്യ, സാമ്പത്തിക, കാർഷിക നയങ്ങൾ ഏറെ സങ്കീർണതയാർന്നതാകയാൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനുശേഷം ഒട്ടുമിക്ക സംസ്ഥാനങ്ങളും സമഗ്രമായൊരു ഭൂപരിഷ്കരണ നിയമം നിർമ്മിക്കുന്നതിന് മുൻകൈയെടുത്തിരുന്നില്ല. കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരാണ് സമഗ്രവും കാര്യക്ഷമവുമായ ഒരു ഭൂപരിഷ്കരണ നിയമത്തെക്കുറിച്ച് ആദ്യം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തത്. സാധാരണ ഗതിയിൽ ഇത്തരമൊരു നീക്കം നിലവിലുള്ള നിയമ വ്യവസ്ഥകളിലൂടെ നടപ്പിലാക്കുക ഏറെ ബുദ്ധിമുട്ടുള്ള ഒരു കാര്യമായിരുന്നു. സംസ്ഥാനത്തെ ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് തങ്ങൾ തലമുറകളായി കൈവശം വച്ച് കൃഷി ചെയ്തിരുന്ന ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിക്കുന്നതിനും ഭൂരഹിതരായവർക്കും കുടികിടപ്പുകാരായിരുന്നവർക്കും ഭൂമി പതിച്ചു കിട്ടുന്നതിനും ലാന്റ് സീലിംഗ് പരിധിക്കപ്പുറം വരുന്ന ഭൂമി, ഭൂവുടമകളിൽനിന്നും പിടിച്ചെടുത്ത് അർഹരായ ഭൂരഹിതർക്ക് പതിച്ചു നൽകുന്നതിനും ലാന്റ് ട്രൈബ്യൂണൽ എന്ന നീതിന്യായ സ്ഥാപനങ്ങളെ സൃഷ്ടിച്ചുകൊണ്ട് വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിനും ഉൾപ്പെടെ സമഗ്രമായ ഭൂപരിഷ്കരണം സംസ്ഥാനത്തു നടപ്പാക്കുവാൻ തുടർന്നുവന്ന ജനകീയ സർക്കാരുകൾക്ക് പ്രേരണയും ഊർജ്ജവും പകർന്നു നൽകിയ ഒരു നിയമം എന്ന നിലയിലാണ് 1960ലെ കേരള അഗ്രേറിയൻ റിലേഷൻസ് ആക്ട് കേരള നിയമ നിർമ്മാണ ചരിത്രത്തിൽ ഇടം നേടിയതും കേരളത്തിലെ ജനസൗഹൃദ നിയമങ്ങളിൽ പ്രഥമഗണനീയമായിരിക്കുന്നതും.

(തുടരും)

## വലയിൽ നിന്ന്......


ടെലിവിഷൻ ട്രയൽതുടങ്ങി

ടെലിവിഷന് പ്രചാരം ലഭിക്കുന്നതിന് മുൻപ് ടെലിവിഷൻ വിൽപ്പനശാലയിലെ സൗജന്യ പ്രദർശനം സംബന്ധിച്ച പത്രവാർത്ത

# ദേശീയ പതാക എഴുപത്തിയഞ്ചിന്റെ നിറവിൽ

ഇന്ത്യയുടെ പരമാധികാരത്തെ പ്രതിനിധാനം ചെയ്യുന്ന ദേശീയ പതാക ഇന്ത്യൻ ഭരണഘടനാ സമിതി അംഗീകരിച്ചിട്ട് 2022 ജൂലൈ 22 ന് 75 വർഷം പൂർത്തിയായി. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന് ശേഷം ബ്രിട്ടീഷ് ഗവൺമെന്റ് 1858 ൽ ബ്രിട്ടീഷ് ഇന്ത്യൻ പതാക രൂപപ്പെടുത്തുകയും തുടർന്ന് നമ്മുടെ രാജ്യത്തിന് സ്വന്തമായി ഒരു പതാക എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായി ദേശീയവാദികൾ ശ്രമിക്കുകയും ചെയ്തതിന്റെ ഫലമായാണ് ഇന്ന് കാണുന്ന ത്രിവർണ്ണ പതാക രൂപപ്പെട്ടന്നത്. ദേശീയ പതാക എന്ന ആശയത്തിന് ആദ്യം രൂപം നൽകിയത് സ്വാമി വിവേകാനന്ദന്റെ ശിഷ്യ സിസ്റ്റർ നിവേദിതയായിരുന്നു. ചുവപ്പും മഞ്ഞയും ഇടിമിന്നലിന്റെ ചിത്രവുമുൾപ്പെട്ട പതാകയിൽ ബംഗാളി ഭാഷയിൽ വന്ദേമാതരം എന്ന് എഴുതിയിരുന്നു. പിന്നീട് ബംഗാൾ വിഭജന പ്രക്ഷോഭകാലത്ത് ശചീന്ദ്ര പ്രസാദ്, സുകുമാർ മിത്ര എന്നിവർ ചേർന്ന് മറ്റൊരു പതാക രൂപകൽപന ചെയ്തു. പച്ച, മഞ്ഞ, ചുവപ്പ് എന്നീ നിറങ്ങളും എട്ട് താമര പൂക്കളും, വന്ദേമാതരം എന്ന ലിഖിതവും അതിൽ ആലേഖനം ചെയ്തിരുന്നു.

1907 ൽ മാഡം ബിക്കാജി കാമ ജർമ്മനിയിലെ സ്റ്റഡ്ഗർട്ടിൽ മറ്റൊരു ത്രിവർണ്ണ പതാകയുയർത്തി. കുങ്കുമം, മഞ്ഞ, പച്ച നിറങ്ങളുള്ള പതാകയിൽ ബ്രിട്ടീഷ് ഇന്ത്യയിലെ എട്ട് പ്രവിശ്യകളെ പ്രതിനിധാനം ചെയ്തുകൊണ്ട് എട്ട് താമരപ്പൂക്കളും, സൂര്യനും ചന്ദ്രക്കലയും നക്ഷത്രവും വന്ദേമാതരവും ഉൾക്കൊള്ളുന്നതായിരുന്നു പതാക. 1917 ൽ ആനി ബസന്റും, തിലകനും ചേർന്ന് രൂപപ്പെടുത്തിയ പതാകയിൽ അഞ്ച് ചുവപ്പ് വരകളും നാല് പച്ച വരകളും ഇടവിട്ടുണ്ടായിരുന്നു. എഴ് നക്ഷത്രങ്ങളും മുകളിൽ ഇടത് ഭാഗത്ത് ബ്രിട്ടീഷ് പതാകയായ യൂണിയൻ ജാക്കും, വലത് ഭാഗത്ത് ചന്ദ്രക്കലയും നക്ഷത്രവുമാണ് പതാകയിലുണ്ടായിരുന്നത്.

1921 ലെ അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനത്തിൽ ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ച് പച്ച, ചുവപ്പ്, വെള്ളനിറങ്ങളും നടുവിൽ ചർക്കയും ആലേഖനം ചെയ്ത പതാക രൂപപ്പെടുത്തുകയുണ്ടായി. 1931 ലെ കറാച്ചി കോൺഗ്രസ് സമ്മേളനം പതാകയെ പറ്റി പഠിക്കാൻ ഒരു സമിതിയെ നിയോഗിച്ചു. സമിതിയുടെ നിർദ്ദേശാനുസരണം പിംഗലി വെങ്കയ്യ ഇന്നത്തെ ദേശീയ പതാകയുടെ മുൻഗാമി എന്നറിയപ്പെടുന്ന കുങ്കുമം, വെള്ള, പച്ച എന്നീ നിറങ്ങളും നടുവിൽ ചർക്കയുമടങ്ങുന്ന സ്വരാജ് പതാക 3:2 അനുപാതത്തിൽ ദീർഘചതുരാകൃതിയിൽ രൂപകൽപന ചെയ്തു. 1947 ജൂലൈ 22 ന് ഇന്ത്യൻ ഭരണഘടനാ സമിതി സ്വതന്ത്ര്യ ഇന്ത്യയുടെ പതാകയായി സ്വരാജ് പതാകയെ അംഗീകരിക്കുകയും നടുവിലെ ചർക്കയ്ക്ക് പകരം ധർമ്മത്തെയും ചലനാത്മകതയേയും പ്രതിനിധാനം ചെയ്യുന്ന സാരാനാഥിലെ അശോക സ്തംഭത്തിലെ ധർമ്മചക്രം നീല നിറത്തിൽ ആലേഖനം ചെയ്യാനും തീരുമാനിച്ചു. ഇതിലെ കുങ്കുമ നിറം ശക്തി, ധീരത, ത്യാഗം, സമർപ്പണം, എന്നിവയെയും വെള്ള നിറം ശാന്തി, സത്യം, സമാധാനം എന്നിവയെയും പച്ച നിറം സമൃദ്ധി, ഫലഭൂയിഷ്ഠത എന്നിവയെയും പ്രതിനിധാനം ചെയ്യുന്നു.

മുകളിൽ കുങ്കുമം, നടുവിൽ വെള്ള, താഴെ പച്ച എന്നീ മൂന്ന് വർണ്ണങ്ങളും വെള്ളയുടെ നടുവിൽ നീല നിറത്തിൽ 24 ആരക്കാലുകളുമുള്ള ധർമ്മചക്രവും ഉൾപ്പെട്ട ത്രിവർണ്ണ പതാക ഇന്ത്യൻ ദേശീയ പതാകയായി ഇന്ത്യൻ ഭരണഘടനാ സമിതി 1947 ജൂലൈ 22 ന് അംഗീകരിച്ചു.

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് 2022 ആഗസ്റ്റ് 13,14,15 തീയതികളിൽ വീടുകളിൽ ദേശീയ പതാക ഉയർത്താൻ കേന്ദ്ര/ സംസ്ഥാന സർക്കാരുകൾ ആഹ്വാനം ചെയ്തു. ഇതിനായി 2002 ലെ ദേശീയ പതാക നിയമാവലിയിൽ മാറ്റം വരുത്തി. ദേശീയ പതാക സൂര്യോദയത്തിനുശേഷം മാത്രം ഉയർത്തുകയും സൂര്യാസ്തമനത്തിന് മുൻപ് താഴ്ത്തി സുരക്ഷിതമാക്കി വയ്ക്കുകയും വേണമെന്ന നിലവിലെ നിയമം ഉയർത്തിയ പതാക രാത്രിയിലും നിലനിർത്താമെന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. യന്ത്രനിർമ്മിതമോ പോളിസ്റ്റർ നിർമ്മിതമോ ആയ പതാകൾക്കുള്ള വിലക്കും പിൻവലിച്ചിട്ടുണ്ട്. പുതിയ ഭേദഗതി അനുസരിച്ച് കോട്ടൺ, പോളിസ്റ്റർ, ഖാദി, സിൽക്ക് ഖാദി, കമ്പിളി തുടങ്ങിവ കൊണ്ടൊക്കെ നിർമ്മിച്ച പതാകകളും ഉപയോഗിക്കാവുന്നതാണ്.





സഭാ നേതാവിന്റെ പേജ്



# ഒരുമയുടെ സന്ദേശവുമായി ലോക കേരള സഭയുടെ മൂന്നാം സമ്മേളനം




**പിണറായി വിജയൻ**
മുഖ്യമന്ത്രി

ലോകമെമ്പാടുമുള്ള മലയാളികളുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക വികസനത്തിനും, സംസ്ഥാനത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങളുമായി പ്രവാസികളെ ബന്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ആരംഭിച്ച ലോക കേരള സഭയുടെ മൂന്നാം സമ്മേളനം വിജയകരമായി സമാപിച്ചിരിക്കുകയാണ്. വിവിധ രാജ്യങ്ങളിൽ പല തലങ്ങളിൽ പ്രവർത്തിക്കുന്ന പ്രവാസികളുടെ വൈദഗ്ധ്യവും അനുഭവങ്ങളും സമന്വയിപ്പിച്ച് നാടിന്റെ വികസനത്തിനും അവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ഉതകുന്ന വ്യക്തമായ നയപരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് മുന്നോട്ടുപോകാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഉദ്ദേശിക്കുന്നത്.

മലയാളികൾ ഇല്ലാത്ത നാടില്ല. ഭൂമിയുടെ രണ്ട് അർദ്ധഗോളങ്ങളിലും ഇതുപോലെ സാന്നിദ്ധ്യമറപ്പിച്ചിട്ടുള്ള സമൂഹം ലോകത്തിൽ മറ്റൊരിടത്തുമുണ്ടാവില്ല. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ, ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് മലയാളികൾ ഏതു സമയവും ഉണർന്നിരിക്കുന്നു. ഉണർന്നിരിക്കുന്നു എന്നു പറഞ്ഞാൽ കർമ്മനിരതരായിരിക്കുന്നു എന്നാണർത്ഥം. ലോകത്തിന്റെയും മനുഷ്യരാശിയുടെയാകെയും നന്മയ്ക്കും ഉൽക്കർഷത്തിനും വേണ്ടിയാണവർ ഉണർന്നു പ്രവർത്തിക്കുന്നത്. അതിൽ ഒരു കരുതലുണ്ട്. ആ കരുതൽ, അവർ ഏതു നാട്ടിൽ ജീവിക്കുന്നുവോ ആ നാട്ടിലെ ജനങ്ങളെക്കുറിച്ചുള്ളത് മാത്രമല്ല, ഈ കേരളത്തെയും കേരളത്തിൽ ജീവിക്കാൻ വിഷമിക്കുന്നവരെയും കുറിച്ചുള്ളതുകൂടിയാണ്. ആ കരുതൽ പൂർണമായ തോതിൽ പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിന് സാധിച്ചിരുന്നു എന്നു പറഞ്ഞുകൂട. ആ തിരിച്ചറിവിന്റെ കൂടി പശ്ചാത്തലത്തിലാണ് ലോക കേരള സഭയ്ക്ക് നമ്മൾ രൂപം നൽകിയത്.

അത് വലിയ മാറ്റമാണുണ്ടാക്കിയത്. കേരളത്തിന്റെ വികസന നയരൂപീകരണങ്ങളിൽ പ്രവാസി മലയാളികൾക്ക് നിർണ്ണായകമായ പങ്കുണ്ട് എന്ന് വന്നു. അവരുടെ പണത്തിനു മാത്രമല്ല പ്രതിഭയ്ക്കും നൈപുണ്യത്തിനും കൂടി ഇവിടെ പ്രസക്തിയുണ്ട്. കേരളം പ്രവാസി സമൂഹത്തെയും പ്രവാസി സമൂഹം കേരളത്തെയും നെഞ്ചോടു ചേർത്തു പിടിക്കുന്ന അവസ്ഥയുണ്ടായി. അർഹമായ നിലയിൽ പരിഗണിക്കപ്പെടാതെയിരുന്നിരുന്ന ലോക മലയാളി സമൂഹത്തിനായി ലോകത്താദ്യമായി ഒരു വിശ്വജനാധിപത്യ വേദി ഉണ്ടായി.

ഇത് പ്രവാസി സമൂഹത്തിലും അവരെ ഓരോ ഘട്ടത്തിലും പ്രത്യാശയോടെ ഉറ്റുനോക്കുന്ന കേരളീയ സമൂഹത്തിലും പുതിയ ഒരു ചൈതന്യം പടർത്തി. ആ ചൈതന്യം ഇനി വരുംനാളുകളിൽ വികസനമായി, വിജ്ഞാന പ്രസരണമായി, ക്ഷേമ നടപടികളായി കേരളത്തിന്റെ എല്ലാ തലങ്ങളിലും പ്രതിഫലിക്കാൻ പോവുകയാണ്. പ്രവാസികൾ ജീവിക്കുന്ന നാടുകളിലേത് പോലുള്ള അടിസ്ഥാന സാങ്കേതികവിദ്യ, ഉന്നത വിദ്യാഭ്യാസ - വ്യവസായ സൗകര്യങ്ങൾ ഇവിടെ ഉറപ്പു വരുത്താനാണ് ശ്രമിക്കുന്നത്. അങ്ങനെയാണ് 25 വർഷങ്ങൾകൊണ്ട് കേരളത്തെ മധ്യവരുമാന വികസിത രാജ്യങ്ങൾക്ക് തുല്യമായ നിലയിലേക്കുയർത്തുക. പ്രവാസി സമൂഹത്തിന്റെ കരുതൽ അതിനുള്ള ബലവത്തായ അടിത്തറ ഒരുക്കും.

പ്രവാസി സമൂഹത്തെക്കുറിച്ച് കേരളത്തിനു വലിയ തോതിലുള്ള കരുതലുണ്ട്. അവരുടെ തിരികെ വരവ്, തുടർന്നുള്ള ജീവിതത്തിന്റെ സുരക്ഷിതത്വം തുടങ്ങിയവയിലൊക്കെ ശ്രദ്ധയുണ്ട്. ഇവ സംബന്ധിച്ച് ലോക കേരള സഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പഠിച്ച് കേന്ദ്രവുമായി ആലോചിച്ച് ചെയ്യേണ്ടവ അങ്ങനെയും സംസ്ഥാനത്തിന് സ്വന്തമായി ചെയ്യാവുന്നവ ആ വിധത്തിലും മുന്നോട്ടുകൊണ്ടുപോവും. പ്രവാസി സമൂഹത്തിനും കേരളസമൂഹത്തിനുമിടയിൽ ഇനി ഒരിക്കലും കടലുകളുടെ വിടവുണ്ടാവുകയില്ല. ഒറ്റ മനസ്സായി നമ്മൾ മുന്നോട്ടുപോവും. അതിനുതകുന്ന വിധത്തിലുള്ള ചർച്ചകളാണ് ലോക കേരള സഭയിൽ ഉയർന്നുവന്നതും.

ഈ അടുത്ത കാലത്ത് ഏറെ പ്രാധാന്യത്തോടെ ഉയർന്നുവന്ന വിഷയമാണ് യുക്രെയിനിൽ പഠനത്തിനായി ചേർന്ന വിദ്യാർത്ഥികൾ നേരിടുന്ന പ്രതിസന്ധി. യുദ്ധത്തെ തുടർന്ന് വിദ്യാഭ്യാസം ഉപേക്ഷിച്ച് നാട്ടിലേക്ക് വരേണ്ടിവന്ന യുക്രെയിനിലെ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് ആവശ്യമായ സഹായങ്ങൾ ഉറപ്പ് വരുത്തുവാൻ നോർക്ക റൂട്ട്സ് ശ്രമിക്കുന്നുണ്ട്. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാക്കുകയും വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. റഷ്യൻ സർക്കാർ യുക്രെയിനിലെ വിദ്യാർത്ഥികൾക്ക് തുടർപഠനം ഉറപ്പുവരുത്തും എന്നയറിയിപ്പ് നൽകിയ ഉടൻ റഷ്യൻ കോൺസുലേറ്റുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

യുക്രെയിനിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ട സന്ദർഭം മുതൽ വിവിധഘട്ടങ്ങളിൽ ആവശ്യമായ പിന്തുണ ഉറപ്പാക്കാൻ കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുണ്ട്. വിദേശകാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനാ വിഷയമായതിനാൽ സംസ്ഥാന സർക്കാരിന് ഇടപെടൽ സാധ്യതകൾ പരിമിതമാണെങ്കിലും സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ട്. യുക്രെയിനിലെ ഇന്ത്യൻ വിദ്യാർത്ഥികളുടെ പഠന തുടർച്ച ഉറപ്പാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരുമായി നിരന്തരം ആശയവിനിമയം നടത്തുന്നുമുണ്ട്.

ഭൂമിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളെ വിശേഷ പ്രാധാന്യത്തോടെയാണ് സർക്കാർ കാണുന്നത്. പ്രവാസികൾ നാട്ടിൽ ചെലവഴിക്കുന്ന സമയത്തിന്റെ ഭൂരിഭാഗവും ഇത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മാറ്റിവയ്ക്കേണ്ടി വരുന്നു എന്ന വിമർശനം നിലവിലുണ്ട്. ലോക കേരള സഭയോട് അനുബന്ധിച്ചുള്ള ചർച്ചകളിലും ഇത് ഉയർന്നുവന്ന സാഹചര്യത്തിൽ പ്രവാസികൾക്കായി പ്രത്യേക ഓൺലൈൻ പരാതി പരിഹാര അദാലത്ത് നടപ്പാക്കുന്ന കാര്യം പരിഗണിക്കും.

കേരള സംസ്കാരത്തിന്റെ ബ്രാൻഡ് അംബാസഡർമാർ കൂടിയാണ് പ്രവാസികൾ. സംസ്കാരത്തിന്റെ ഏറ്റവും അടിസ്ഥാനഘടകമാണ് ഭാഷ. അതുകൊണ്ടു തന്നെ ഭാഷാ പരിപോഷണം ഏറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. മലയാളം മിഷന്റെ സിലബസ്, പഠനരീതി, വിനിമയ രീതി ശാസ്ത്രം എന്നിവ സംബന്ധിച്ച് ലോക കേരള സഭയിൽ ഉയർന്നുവന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ മലയാളം മിഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അക്കാദമിക പരിപാടികൾ വിശദമായി പരിശോധിച്ച് കാലാനുസൃതമായ മാറ്റത്തോടെ പാഠ്യപദ്ധതി നവീകരിക്കും. സാങ്കേതികവിദ്യയുടെ സഹായത്തോടെ പുതിയ പരിപാടികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യും.

ഭവനരഹിതരില്ലാത്ത കേരളം എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ലൈഫ് ഭവന പദ്ധതിയിലൂടെ ഇതിനോടകം മൂന്നു ലക്ഷം ഭവനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. ഇത്തരത്തിൽ പൊതുവായ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ തന്നെ സവിശേഷ ശ്രദ്ധ ആവശ്യമായിട്ടുള്ള ഓരോ വിഭാഗത്തെയും പ്രത്യേകമായിത്തന്നെ മനസ്സിൽ കണ്ടുകൊണ്ടുള്ള പദ്ധതികളും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. അത്തരത്തിൽ പ്രവാസികൾക്ക് വീട് വയ്ക്കുന്നതിന് സബ്സിഡിയോടുകൂടിയുള്ള ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണ് പ്രവാസി വെൽഫെയർ ബോർഡിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച നോർക്ക ഭവനനിർമ്മാണ പദ്ധതി. ദരിദ്രരായ പ്രവാസികൾക്ക് ലൈഫ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഈ സ്കീമിലുൾപ്പെടുത്തി ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കുന്നത് പരിഗണിക്കും. പ്രവാസികൾക്ക് മാത്രമായി സ്വന്തമാക്കാവുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം കേരള ഹൗസിംഗ് ബോർഡ് കോഴിക്കോട്ട് ആരംഭിച്ചിട്ടുണ്ട്.

പ്രവാസികളുടെ സമഗ്രമായ ഡാറ്റാ ബാങ്ക് വികസിപ്പിക്കേണ്ടതുണ്ട്. ഗ്ലോബൽ ഡാറ്റാ ബാങ്ക് വികസിപ്പിക്കൽ ക്യാമ്പയിൻ ആവിഷ്കരിക്കുന്നതിലും വിജയിപ്പിക്കുന്നതിലും നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന ഒന്നാണ് ലോക കേരള സഭ. നോർക്ക റൂട്ട്സ് ഐഡന്റിറ്റി കാർഡ് നിലവിലുണ്ട്. ഇതിനെ കൂടുതൽ ഉപയോഗക്ഷമമാക്കുന്നതിന് വിപുലമായ പ്രചാരം സംഘടിപ്പിക്കും. വിവിധ സ്കീമുകളെ ഈ കാർഡുകളുമായി ബന്ധിപ്പിക്കുന്ന കാര്യവും പരിഗണനയിലാണ്.

കേന്ദ്ര സർക്കാർ തയ്യാറാക്കിയ കരട് എമിഗ്രേഷൻ ബില്ലിൽ പ്രവാസികളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ പരാമർശിക്കപ്പെട്ടിട്ടില്ല. വിദ്യാർത്ഥികൾ ഈ ബില്ലിന്റെ ഭാഗമാകുന്നില്ല എന്നത് പ്രധാന ന്യൂനതയാണ്. ഇക്കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിച്ച് ഏറെക്കുറെ കുറ്റമറ്റ രീതിയിലുള്ള മാതൃകാ പ്രവാസി ബിൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ പരിഗണനക്കായി സമർപ്പിക്കുന്ന കാര്യം നിയമ വിദഗ്ധരുമായി ആലോചിച്ച് തീരുമാനമെടുക്കും.

വിനോദ സഞ്ചാര മേഖലയെ ജനകീയവൽക്കരിക്കുന്നതിനും ഗ്രാമീണ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്. മികച്ച രീതിയിലാണ് മിഷന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നത്. ഹോംസ്റ്റേ സംവിധാനമാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നത്. ഫാം ടൂറിസവും ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നുണ്ട്. ബുക്കിംഗിന് ഓൺലൈൻ പ്ലാറ്റ്ഫോം ഏർപ്പെടുത്തിയിട്ടുണ്ട്. പാരമ്പര്യ ഭക്ഷണം, ഫാം ടൂറിസം, ഹോം സ്റ്റേ എന്നിവയ്ക്കുള്ള പ്രത്യേക ബുക്കിംഗ് സംവിധാനവും നിലവിലുണ്ട്. കേന്ദ്രീകൃത ബുക്കിംഗ് സംവിധാനം ആരംഭിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

കേരളം നിക്ഷേപസൗഹൃദ സംസ്ഥാനമാക്കുന്നതിന് വലിയ മുൻഗണനയാണ് സർക്കാർ നൽകി വരുന്നത്. ഇതിന്റെ ഭാഗമായി സ്വദേശത്തുനിന്നും വിദേശത്തുനിന്നുമുള്ള ധാരാളം പുതിയ നിക്ഷേപകരെ ആകർഷിക്കാൻ സാധിച്ചു. ഏകജാലക സംവിധാനം ഏർപ്പെടുത്തിയതിലൂടെ നിക്ഷേപകർക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചുകൊണ്ട് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മെച്ചപ്പെട്ട നിലയിൽ നടപ്പിലാക്കുന്നതിനായിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളിലെ കാലഹരണപ്പെട്ട വകുപ്പുകളും മറ്റും വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിഗണിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി നിക്ഷേപകർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതും കാലിക പ്രസക്തിയില്ലാത്തതുമായ വകുപ്പുകൾ ഒഴിവാക്കി കൂടുതൽ നിക്ഷേപസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനാകും.

സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രെസ്സൽ മെക്കാനിസം ഇപ്പോൾ നിലവിലുണ്ട്. ഇക്കാര്യങ്ങളെല്ലാം പ്രയോജനപ്പെടുത്തി നിക്ഷേപകർക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ ആവശ്യമായ സൗകര്യങ്ങളൊരുക്കും. കൂടുതൽ നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണെങ്കിൽ അതിന്റെ നിയമപരമായ സാധ്യതകൾ പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്ന കാര്യത്തിൽ സർക്കാരിന് തുറന്ന സമീപനമാണുള്ളത്. ആവശ്യമെങ്കിൽ പ്രവാസി നിക്ഷേപം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമായി ഓൺലൈൻ അദാലത്ത് സംഘടിപ്പിക്കുന്നതാണ്. ഇത്തരത്തിൽ പ്രവാസികളുടെ പ്രതിഭയെയും സമ്പത്തിനെയും വിനിയോഗിച്ചുകൊണ്ട് നവകേരള നിർമ്മിതി സാധ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ലോക മലയാളി സമൂഹം ഒറ്റ മനസ്സാണെന്നും സകല മലയാളികളും ലോകത്തിന്റെ ഏതു ഭാഗത്തായാലും ഏകോദരസഹോദരങ്ങളാണെന്നും തെളിയിച്ച ഒരുമയുടെ സന്ദേശവുമായാണ് ലോക കേരള സഭയുടെ മൂന്നാം സമ്മേളനം സമാപിച്ചത്. കേരളത്തിന്റെ സർവതോന്മുഖമായ ഉയർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടി ലോകത്തെമ്പാടുമുള്ള മലയാളികൾ അവരുടെ പ്രതിനിധികളിലൂടെ സ്വയം പുനരർപ്പിക്കുന്ന മഹത്വമാർന്ന സന്ദർഭമായി മാറി ഇത്തവണത്തെ സമ്മേളനം.

നാം ഒരുമിച്ചു നിന്നാൽ അസാദ്ധ്യമായി ഒന്നും തന്നെ ഉണ്ടാവില്ല. ഏതു പ്രതികൂല സാഹചര്യത്തെയും അതിജീവിച്ചുകൊണ്ട് അസാധ്യമായതിനെപ്പോലും സാധ്യമാക്കാനാവും. അതിനുള്ള അസാധാരണമായ വിഭവശേഷിയാണ് ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയ്ക്കുള്ളത്. ഈ കൂട്ടായ്മ ഊട്ടിയുറപ്പിച്ചുകൊണ്ടു നമ്മൾ കേരളത്തെ പുതിയ സഹസ്രാബ്ദത്തിലൂടെ, പുതിയ നൂറ്റാണ്ടിലൂടെ, കാലത്തിന് ചേരുന്ന വിധത്തിൽ ആധുനികവൽക്കരിക്കും, വികസിപ്പിക്കും. അങ്ങനെ ഒരു ക്ഷേമ സമൂഹവും വികസിത നാടും യാഥാർത്ഥ്യമാകും. ഈ മഹത്തായ സന്ദേശമാണ് മൂന്നാം സമ്മേളനം ലോകത്തിന് മുമ്പിൽ വെച്ചത്.

Printed and Published by A.M. Basheer, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695033, Editor- M.B. Rajesh